2015 മെയ് 10
വാല്യം 08
ലക്കം 09

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# വീണ്ടും ഭരണഘടനാ പ്രതിസന്ധി

## പി. വൈ. പി. എ. പ്രായ വിവാദം കത്തുന്നു

**ഐ.** പി. സി. വീണ്ടും ഭരണഘടനാ പ്രതിസന്ധിയിലേക്ക്. പി. വൈ. പി. എയുടെ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതി പ്രായവിവാദത്തെത്തുടർന്ന് പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. 2002-ലെ ഐ. പി. സിയുടെ ഭരണഘടന അനുസരിച്ച് പി. വൈ. പി. എ. സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങളുടെ പ്രായപരിധി 35 വയസ്സാണ്. ഏലൂരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതും 35 വയസ്സാണ്. എന്നാൽ 2012 ഒക്ടോബർ ഒന്നിന് കൂടിയ ജനറൽ ബോഡിയിൽ പ്രായപരിധി 40 ആയി ഉയർത്തിയിരുന്നു. എന്നാൽ ഈ തീരുമാനം മിനിറ്റ്സിൽ രേഖപ്പെടുത്തി രജിസ്ട്രാർക്ക് അയച്ചു കൊടുത്തിട്ടില്ല. ആയതിനാൽ 35 വയസ്സിനു മുകളിലുള്ള പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് അസാധുവാണെന്നാണ് ഒരു വിഭാഗത്തിന്റെ വാദം. തർക്കം മുറുകിയതോടെ ജനറൽ പ്രസിഡന്റ് വിളിച്ചുചേർത്ത ഒത്തുതീർപ്പ് ചർച്ച അലസിപ്പിരിഞ്ഞു. പി. വൈ. പി. എ. ഭാരവാഹികളുടെ പ്രായപരിധി 40 ആയി ഉയർത്തിക്കൊണ്ടുള്ള കത്ത് ജനറൽ പ്രസിഡന്റ് ധൃതി പിടിച്ച് നൽകിയത് ഏറെ വിവാദം ഉണ്ടാക്കിയിരുന്നു. എന്നാൽ കത്ത് നൽകിയത് നിയമവിരുദ്ധമാണ് എന്ന് ഇപ്പോൾ പ്രസിഡന്റ് സമ്മതിച്ചതായി അറിയുന്നു. 2012 ഒക്ടോബർ 1ന് കൂടിയ ജനറൽ ബോഡിയിൽ വെച്ചാണ് ജനറൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടുള്ള തീരുമാനം എടുത്തത്. ഈ തീരുമാനമാണ് കോടതി അസാധുവാക്കിയത്. ആയതിനാൽ പി. വൈ. പി. എയുടെ പ്രായപരിധി ഉയർത്തിയ തീരുമാനവും നിയമപരമായി നിലനിൽക്കില്ലായെന്നാണ് ഒരു വിഭാഗത്തിന്റെ വാദം. കാലാകാലങ്ങളിൽ സ്വജനപക്ഷവാദത്തിനുവേണ്ടി ഭരണഘടനാ ഭേദഗതികൾ നടത്തുന്നവർ രജിസ്ട്രാറെ വസ്തുതകൾ ബോധ്യപ്പെടുത്താതെ നടത്തുന്ന രാഷ്ട്രീയക്കളികളാണ് പ്രസ്ഥാനത്തെ പ്രതിസന്ധിയിലേക്ക് നയിക്കുന്നത്. ഭരണഘടനയെ നോക്കുകുത്തിയാക്കി തങ്ങളുടെ തിട്ടൂരങ്ങൾ അടിച്ചേൽപ്പിച്ച മുൻഭരണാധികാരികളാണ് ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം. നിലവിലുള്ള പി. വൈ. പി. എ. ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് അസ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം കോടതിയെ സമീപിക്കാൻ തയ്യാറെടുക്കുന്നതായും അറിയുന്നു.

# പെന്തെക്കോസ്ത് - ദുരുപദേശ സഖ്യം

## നേതാക്കന്മാർ വിവാദ കുരുക്കിൽ




ഗുരുതരമായ ദുരുപദേശം പ്രചരിപ്പിക്കുന്ന പ്രസംഗകരോടും ന്യൂജനറേഷൻ വക്താക്കളോടും ഒപ്പം പെന്തെക്കോസ്തൽ നേതാക്കന്മാരും മുഖ്യധാരാ പ്രസംഗകരും വേദി പങ്കിടുന്നത് വിവാദമാകുന്നു. തിരുവനന്തപുരം പുത്തരിക്കണ്ടം, മല്ലപ്പള്ളി, കീഴ്‌വായ്പൂർ, കോന്നി എന്നീ സ്ഥലങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന ക്രൂസേഡുകളിലാണ് മുഖ്യധാര പെന്തെക്കോസ്ത് - ന്യൂജനറേഷൻ അവിശുദ്ധ കൂട്ടുകെട്ട് ഒന്നിക്കുന്നത്. ക്ലാസ്സിക്കൽ പെന്തെക്കോസ്തലിസത്തിന്റെ വക്താക്കളായി ചമയുന്ന പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ, നാഷണൽ പ്രെയർ മൂവ്മെന്റ് തുടങ്ങിയ സംഘടനകളുടെ യോഗങ്ങളിലാണ് പെന്തെക്കോസ്ത് സമൂഹം വേദികളിൽ നിന്നും മാറ്റിനിർത്തിയ ന്യൂജനറേഷൻ തട്ടിപ്പുകാരെ ക്ഷണിച്ചിരിക്കുന്നത്. വ്യക്തമായ ദാർശനിക അടിത്തറയുള്ള പെന്തെക്കോസ്ത് സമൂഹം സായ്പിന്റെ ആക്രി പെറുക്കുന്ന ന്യൂജനറേഷൻ കോപ്രായങ്ങളെ അവജ്ഞയോടെ തള്ളിക്കളഞ്ഞിരുന്നു. ശക്തമായ മാധ്യമ പ്രതിരോധത്തിൽ ദുരുപദേശ കോട്ടകൾക്ക് വിള്ളൽ സൃഷ്ടിച്ചിരുന്നു. പലർക്കും പ്രോഗ്രാം ഇല്ലാതായി. മുഖ്യധാര സഭാകൗൺസിലുകൾ ഇത്തരം ദുരുപദേഷ്ടാക്കന്മാർക്ക് വിലക്ക് ഏർപ്പെടുത്തി. എന്നാൽ ഇപ്പോൾ പെന്തെക്കോസ്ത് സഭകളിലേക്ക് നുഴഞ്ഞുകയറാനുള്ള ഇക്കൂട്ടരുടെ ആസൂത്രിത നീക്കങ്ങൾക്ക് ചൂട്ടുപിടിക്കുകയാണ് ഒരു കൂട്ടം നേതാക്കന്മാർക്കും പ്രസംഗകരും. മുഖ്യധാര പെന്തെക്കോസ്ത് സഭകളുടെ വേദികളും സ്ഥാനങ്ങളും അനുഭവിച്ചുകൊണ്ട് ന്യൂജനറേഷൻ തട്ടിപ്പുകാരോട് ഉദാരസമീപനം പുലർത്തുന്ന ഇത്തരം ഇരട്ടത്താപ്പുകാരെ സഭാജനം തിരിച്ചറിയണം.

08

# ജേക്കബ് ഇട്ടി സ്റ്റേറ്റ് ബോർഡ് സെക്രട്ടറി



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ബോർഡിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ബ്രദർ ജേക്കബ് ഇട്ടി സെക്രട്ടറിയായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ഇലക്ഷനിൽ ഏറ്റവും കൂടുതൽ വോട്ട് നേടിയാണ് ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. ദൈവസഭയുടെ മുൻ സ്റ്റേറ്റ് ഓവർസിയറായിരുന്ന പാസ്റ്റർ വി.സി.ഇട്ടിയുടെ സീമന്തപുത്രനാണ് പത്തനാപുരം സ്വദേശിയായ ജേക്കബ് ഇട്ടി. ചാരിറ്റി & വെൽഫെയർ ഡിപ്പാർട്ട്മെന്റ് പ്രഥമ ഡയറക്ടറായിരുന്നു.

ഇപ്പോൾ മൗണ്ട് കാർമേൽ ചിൽഡ്രൻസ് ഹോമിന്റെ വൈസ് പ്രസിഡന്റാണ്. പ്ലാനിംഗ് ബോർഡ് മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. ബ്രദർ രാജൻ കോലത്ത് (വൈസ് പ്രസിഡന്റ്), ബ്രദർ സിബി മാമ്മൻ ജോസഫ് (ജോയിന്റ് സെക്രട്ടറി), കോശി ജോർജ് (ട്രഷറർ), പി. ജെ.രാജു (ജോയിന്റ് ട്രഷറർ) എന്നിവരെ വിവിധ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുത്തു. ബോർഡ് അംഗങ്ങളായി അജി കുളങ്ങര, എബ്രഹാം തോമസ്, ബിജു ജോഷ്വാ, സജി കെ. സാം, സാംസൺ വി. ജോർജ്, ബിജു വർഗീസ്, പി.റ്റി. മാത്തുക്കുട്ടി, ബേബി, ജോസ് കെ. ജോർജ്, രാജൻ ജോർജ്,സുനിൽ വർഗീസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി.ജെ. ജയിംസാണ് ചെയർമാൻ.

# പെന്തെക്കോസ്ത് യുവാവിന്റെ കൊലപാതകം: അന്വേഷണം വഴിത്തിരിവിൽ

**കൊച്ചി:** പത്തനംതിട്ടയിലെ കരിക്കിനേത്ത് ടെക്സ്റ്റൈൽ ജീവനക്കാരനായ ബിജു ജോസഫിനെ കൊലപ്പെടുത്തിയ കേസിലെ ആരോപണ വിധേയരെ കക്ഷിചേർക്കാൻ ഹൈക്കോടതി ഉത്തരവിട്ടു.

ബിജു ജോസഫിനെ കൊലപ്പെടുത്തിയ കേസ് യഥാർത്ഥ പ്രതികളെ രക്ഷിക്കാൻ അഭിഭാഷകനും ഉയർന്ന ഉദ്യോഗസ്ഥരും ചേർന്ന് അട്ടിമറിച്ചെന്ന് ആരോപിച്ച് ബിജുവിന്റെ സഹോദരന്മാരായ സാജു, ബാബു എന്നിവർ ചേർന്നു സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റീസ് കെ. വിനോദ് ചന്ദ്രന്റെ ഉത്തരവ്.

2013 നവംബർ അഞ്ചിനാണ് കേസിനാസ്പദമായ സംഭവം നടന്നത്. മരണം കൊലപാതകമെന്ന് പോസ്റ്റുമാർട്ടം റിപ്പോർട്ടിലാണ് വ്യക്തമായത്. വയറിനും കഴുത്തിനുമിടയിൽ ഏറ്റ മാരകമായ ക്ഷതങ്ങളാണ് മരണകാരണം. ആന്തരിക അവയവങ്ങളായ കരൾ, ശ്വാസകോശം എന്നിവ ഇടിയേറ്റ് ചതഞ്ഞതായി പോസ്റ്റുമാർട്ടം റിപ്പോർട്ട് വ്യക്തമാക്കുന്നു. സ്ഥാപനത്തിൽ നിന്നു നഷ്ടപ്പെട്ട ഒരു ലക്ഷം രൂപ കണ്ടെടുക്കുന്നതിനു പ്രതികൾ ബിജുവിനെ മർദ്ദിച്ചു കൊലപ്പെടുത്തിയെന്നായിരുന്നു പോലീസിന്റെ കണ്ടെത്തൽ.



സ്ഥാപനത്തിലെ ഡ്രൈവറായ ശശി അടക്കമുള്ള നാല് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തു. പിന്നീട് ശശിയെ മാപ്പു സാക്ഷിയാക്കി കുറ്റപ്പത്രം നൽകുകയായിരുന്നു. യഥാർത്ഥ പ്രതികളെ മറച്ചുവച്ച് സ്ഥാപനത്തിന്റെ ലീഗൽ അഡ്വൈസറും ചില പോലീസ് ഉദ്യോഗസ്ഥരും തയാറാക്കിയ നാടകമായിരുന്നു അറസ്റ്റെന്നും ഹർജിയിൽ പറയുന്നു. ഉന്നത പോലീസ് ഉദ്യോഗസ്ഥരടക്കമുള്ളവർക്കെതിരെ ഇന്റലിജൻസ് റിപ്പോർട്ടുണ്ടെന്നും ഈ റിപ്പോർട്ട് കോടതി പരിശോധിക്കണമെന്നും ഹർജിയിൽ ആവശ്യമുണ്ട്.

# ആരാധനാലയങ്ങളുടെ ഉച്ചഭാഷിണികൾ നിയന്ത്രിക്കാൻ നീക്കം



**തിരുവനന്തപുരം:** ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന ശബ്ദമലിനീകരണത്തിന് കടിഞ്ഞാണിടാൻ സംസ്ഥാനത്ത് നിയമം വരുന്നു.

ആരാധനാലയങ്ങളിൽ നിന്നുള്ള ശബ്ദം അവയുടെ പരിധിയിൽ നിർത്തണമെന്നതടക്കമുള്ള കർശന നിർദ്ദേശങ്ങളോടെ നിയമത്തിന്റെ കരട് തയ്യാറാക്കാൻ പരിസ്ഥിതിവകുപ്പ് നടപടി തുടങ്ങി. മൂന്നുമാസത്തിനകം നിയമത്തിന്റെ കരട് തയ്യാറാക്കാനാണ് നിർദ്ദേശം.

വ്യവസായശാലകളിൽ നിന്നുള്ള ശബ്ദവും ഉച്ചഭാഷിണി ഉപയോഗിച്ച് പൊതുസ്ഥലങ്ങളിൽ സൃഷ്ടിക്കുന്ന ശബ്ദമലിനീകരണവും തടയുന്നത് സംബന്ധിച്ച് 2004-ലെ കേന്ദ്രനിയമത്തിന്റെ ചുവടുപിടിച്ചാണ് സംസ്ഥാനത്ത് നിയമം നിർമിക്കുന്നത്.

നിയമനിർമ്മാണത്തിന് മുന്നോടിയായി സംസ്ഥാനത്ത് സ്വീകരിക്കേണ്ട

08

## സാക്ഷി



ഐ. പി. സി. ജനറൽ കൗൺസിൽ അംഗങ്ങൾ തമ്മിലടിച്ചു

*ഇടിമക്കളുടെ യഥാർത്ഥ പിൻഗാമികൾ*

# ഐ.പി.സി ഫാമിലി കോൺഫറൻസ് പ്രമോഷണൽ മീറ്റിംഗ് നടന്നു



**ജോൺസ് പി. മാത്യൂസ്, ടെന്നസ്സി**

**ടെന്നസ്സി:** ജൂലൈ 16 - 19 വരെ ഒക്കലഹോമയിൽ നടക്കുന്ന 13-ാമത് ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ പ്രമോഷണൽ മീറ്റിംഗ് മെയ് 2-ന് ചാറ്റന്യൂഗ വെസ്ലിയൻ ചർച്ചിൽ വെച്ച് നടന്നു. പാസ്റ്റർ അലക്സ് വെട്ടിക്കൽ, ജോയ് തുമ്പമൺ, ഡോ. ജോയി ഏബ്രഹാം എന്നിവർ സംബന്ധിച്ചു. ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയനിൽ നിന്നുള്ള ആദ്യ രജിസ്ട്രേഷൻ പാസ്റ്റർ ഏ. സി. ഉമ്മൻ നാഷണൽ സെക്രട്ടറി ജോയ് തുമ്പമണ്ണിന് നൽകി കിക്കോഫ് നിർവ്വഹിച്ചു. നാഷണൽ കൺവീനർ അലക്സ് വെട്ടിക്കൽ കോൺഫറൻസിന്റെ പുരോഗതികളെക്കുറിച്ച് സംസാരിച്ചു. ഐ. പി. സി. ഫാമിലി കോൺഫറൻസ് മുൻ നാഷണൽ ട്രഷറാർ ബ്രദർ രാജൻ ആര്യപ്പള്ളിൽ, ഡോ. ജോയ് എബ്രഹാം തുടങ്ങിയവർ ആശംസ അറിയിച്ചു. ടെന്നസ്സി സ്റ്റേറ്റ് പ്രതിനിധി ജോയിസ് പി.മാത്യൂസ് നന്ദി പറഞ്ഞു.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# പ്രസംഗകർ നിലപാട് വ്യക്തമാക്കണം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ദുരുപദേശത്തിനെതിരെ എന്നും ശക്തമായ നിലപാടാണ് മുഖ്യധാര പെന്തെക്കോസ്ത് സഭകൾ എല്ലാകാലത്തും എടുത്തിട്ടുള്ളത്. ശരിയായ ഉപദേശം നൽകി സഭയ്ക്ക് ദിശാബോധം നൽകുന്നതിൽ നേതൃത്വത്തെപ്പോലെ തന്നെ പ്രസംഗകർക്കും എഴുത്തുകാർക്കും പ്രധാന പങ്കാണ് ഉള്ളത്. ആദ്യകാല പെന്തെക്കോസ്ത് നേതാക്കന്മാർ ദുരുപദേശങ്ങൾക്കെതിരെ ശക്തമായ നിലപാടാണ് എടുത്തിട്ടുള്ളത്. ദുരുപദേശ ഖണ്ഡന പ്രസംഗപരമ്പരകൾ തന്നെ നടത്തിയിട്ടുള്ള ചരിത്രമാണ് പാസ്റ്റർ കെ. ഇ. ഏബ്രഹാമിനെപ്പോലെ ഉള്ള നേതാക്കന്മാർക്കുണ്ടായിരുന്നത്. ദുരുപദേശങ്ങൾ സഭയിൽ കടക്കാതിരിക്കുവാൻ അവർ സദാ ജാഗരൂകരായിരുന്നു. അതിനാൽ തന്നെ സത്യസുവിശേഷം പ്രസംഗിക്കുന്നവർ എന്ന ചിന്തയാണ് പെന്തെക്കോസ്തുകാരെക്കുറിച്ച് മറ്റുള്ളവർക്ക് ഉണ്ടായിരുന്നത്. വർജ്ജനം ആചരിക്കുന്നതിലും പെന്തെക്കോസ്തുകാരുടെ നിലപാടിന് വ്യക്തതയുണ്ടായിരുന്നു.

കാലഘട്ടങ്ങൾ കഴിഞ്ഞപ്പോൾ ലോകത്തിലെ മാലിന്യങ്ങൾ പെന്തെക്കോസ്തിലേക്ക് അടിഞ്ഞുകൂടിയിരിക്കുന്നു. വർജ്ജനം ആചരിക്കേണ്ടത് പലതും പെന്തെക്കോസ്തുകാരുടെ ഇടയിൽ ആദരിക്കപ്പെടേണ്ട നിരയിലേക്ക് എത്തിപ്പെട്ടു. മൂല്യശോഷണം സംഭവിച്ചുകഴിഞ്ഞ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ ശരിയായ ദിശാബോധം നൽകി ഉപദേശവിശുദ്ധിയോടെ സഭയെ നടത്തുവാൻ കഴിവുള്ള നേതാക്കന്മാർ ഇല്ലാതെയായിരിക്കുന്നു. അധികാര കസേരയ്ക്കുവേണ്ടി വിട്ടുവീഴ്ചകൾ ചെയ്ത് കസേര നേടുന്ന നേതാക്കന്മാർ പലതിനും വശംവദരാകേണ്ടിവരുന്ന ദയനീയ കാഴ്ചയാണ് കണ്ടുവരുന്നത്. ശക്തമായ നിലപാടുകൾ എടുക്കുവാൻ അതുകൊണ്ടു തന്നെ നേതാക്കന്മാർക്ക് കഴിയാറില്ല. ഈ കുറവ് ഒരളവുവരെ പരിഹരിക്കപ്പെടുന്നത് സത്യസുവിശേഷത്തെ യഥാർത്ഥമായി പ്രസംഗിക്കുന്ന സുവിശേഷ പ്രസംഗകരും ഒരു കൂട്ടം മാധ്യമങ്ങളുമാണ്.

ദുഃഖകരമായി കാണുന്ന ഒരു യാഥാർത്ഥ്യം ഉപദേശവിശുദ്ധിക്കായി നിൽക്കുന്നു എന്ന് അഭിമാനിക്കുകയും അവകാശപ്പെടുകയും ചെയ്യുന്ന ചില പ്രസംഗകരുടെ അവിശുദ്ധ കൂട്ടുകെട്ടാണ്. ഞങ്ങൾ പെന്തെക്കോസ്തരല്ലായെന്ന് ഉറക്കെ പറഞ്ഞ് മുഖ്യധാരാ പെന്തെക്കോസ്ത് സഭകളെ പരിഹസിക്കുന്ന ചില ന്യൂജനറേഷൻകാർ ഒരുക്കുന്ന വേദികളിൽ ഇത്തരം പ്രസംഗകരെ ഇപ്പോൾ തുടർച്ചയായി കാണുന്നു. അവരുടെ വേദികളിൽ അവരെ അനുകൂലിച്ചും പെന്തെക്കോസ്ത് സഭകളുടെ വേദികളിൽ മറിച്ചും പ്രസംഗിക്കുന്ന ഇവരുടെ അഭിനയപാടവം എടുത്തു പറയേണ്ടതാണ്. ഇരുതോണിയിൽ കാലൂന്നി ഇവർ മുന്നോട്ടുപോയാൽ ഇവരുടെ അവസ്ഥ ദയനീയമാകും. പണവും പ്രശസ്തിയും വേദിയുമാണ് ഇത്തരം പ്രസംഗകരെ ഇതിന് പ്രേരിപ്പിക്കുന്നത് എന്നതിന് സംശയമില്ല. പെന്തെക്കോസ്ത് സഭകളുടെ വേദിയിൽ വന്ന് ഞങ്ങൾ ഉപദേശവിശുദ്ധിക്കുവേണ്ടി നിൽക്കുന്നവരാണെന്ന് അവകാശപ്പെടുകയും യാതൊരു ഉളുപ്പിമില്ലാതെ ദുരുപദേശകരുടെ വേദിയും പണവും ഉപയോഗിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരത്ത് നടക്കുന്ന ഒരു ന്യൂജനറേഷൻ ഉപവാസപ്രാർത്ഥനയുടെ നോട്ടീസിൽ കടുത്ത ദുരുപദേശകരും തങ്ങൾ പെന്തെക്കോസ്തരല്ലെന്ന് അവകാശപ്പെടുന്നവരും മാത്രമല്ല മുഖ്യധാരാ പെന്തെക്കോസ്തിലെ നേതാക്കന്മാരും പ്രസംഗകരും നിരന്നിരിക്കുന്ന ഫോട്ടോയാണുള്ളത്. ഐ. പി. സി., ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനങ്ങളുടെ മുൻനിര പ്രസംഗകരെ ഇക്കൂട്ടത്തിൽ കാണാം. ഇക്കൂട്ടത്തിൽ ചില പ്രസംഗകർ ഇത്തരം മീറ്റിംഗിൽ ശുശ്രൂഷിക്കുകയില്ലെന്ന് സംയുക്ത പ്രസ്താവന ഇറക്കിയിട്ടുണ്ട്. മീറ്റിംഗ് സംബന്ധമായ വിവാദം ഉയർന്നപ്പോഴാണ് ഇവർ പ്രസ്താവന ഇറക്കിയിരിക്കുന്നത്. ആത്മാർത്ഥമായ നിലപാടാണെങ്കിൽ തുടർന്നും ഇത്തരം മീറ്റിംഗുകളിൽ നിന്ന് ഒഴിഞ്ഞുനിന്നു നിലപാട് യഥാർത്ഥമാണെന്ന് തെളിയിക്കണം. അവരുടെ തീരുമാനത്തെ അഭിനന്ദിക്കുന്നു.

ദുരുപദേശകരെ പിന്തുണയ്ക്കുകയും അവരുടെ വേദികളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ഇരട്ടത്താപ്പുകാരായ പ്രസംഗകരെ സമൂഹമധ്യേ തുറന്നു കാട്ടുകയും മുഖ്യധാരാ പെന്തെക്കോസ്തുസഭകളുടെ വേദികളിൽ നിന്ന് ഒഴിവാക്കുകയും വേണം. ശക്തമായ നിലപാട് ഇക്കാര്യത്തിൽ സഭാജനം കൈക്കൊള്ളണം. പ്രസംഗകർ നിലപാട് വ്യക്തമാക്കട്ടെ.

## യുവജന പംക്തി

# പദ്ധതികളും യഥാർത്ഥ ശിഷ്യത്വവും



ബിനു ജോസഫ്
വടശ്ശേരിക്കര

പദ്ധതി (Planning) എന്നത് ഏതൊരു സംരംഭത്തിന്റെയും വിജയത്തിന്റെ തുടക്കമാണ്. നല്ല പദ്ധതികൾ ഇല്ലാത്ത സംരംഭങ്ങൾ പരാജയത്തിൽ കലാശിക്കുന്നു. “Today’s preparation determines tomorrows achivement” എന്നത് യഥാർത്ഥ്യമാണ്. ജീവിതത്തിൽ ലക്ഷ്യങ്ങളും അവ നേടാൻ പദ്ധതികളും ഉള്ളവരാണ് വിജയം നേടുന്നത്.

ജെസ്സി ഓവൻസ് എന്ന നീഗ്രോ യുവാവ് ജീവിതത്തിൽ വിജയത്തിന്റെ പടവുകൾ കയറുവാനാഗ്രഹം പ്രകടിപ്പിച്ചപ്പോൾ തന്റെ അദ്ധ്യാപകൻ നാല് ഉപദേശങ്ങൾ നൽകി.

1. ഉറച്ച തീരുമാനം വേണം.
2. അതിനായി നിന്നെ സമർപ്പിക്കണം.
3. വേണ്ട ശിക്ഷണം പാലിക്കണം
4. നിന്റെ മനോഭാവവും ആഗ്രഹവും ഇതിനനുസരിച്ചാകണം.

നീണ്ട നാളത്തെ പരിശ്രമത്തിനൊടുവിൽ 1936-ൽ ബെർലിനിൽ വച്ച് നടന്ന ഒളിംപിക്സിൽ ലോകറിക്കോർഡ് സ്ഥാപിച്ച് തന്റെ ആഗ്രഹം സഫലീകരിച്ചു.

കാര്യങ്ങളെപ്പറ്റി നല്ല രീതിയിൽ പദ്ധതികൾ തയ്യാറാക്കുന്നത് ക്രിസ്തീയമല്ല എന്ന് ചിന്തിക്കുന്നവരും ഉണ്ട്. ഏതു കാര്യവും വരുന്നതു പോലെയാകട്ടെ എന്നു കരുതുന്നവർ. എന്നാൽ മുൻകൂട്ടി കാര്യങ്ങളെ മനസ്സിലാക്കി വ്യക്തമായ പദ്ധതികളും, കണക്കുകൂട്ടലുകളും ഉള്ളവർക്ക് മാത്രമാണ് ജീവിതത്തിൽ ലക്ഷ്യങ്ങൾ നേടുവാൻ കഴിയുന്നത്.



ഏതൊരു പ്രവർത്തനത്തിനും നല്ല പദ്ധതികൾ ആവശ്യമാണ്. യേശുവിന്റെ ദാർശനിക ചിന്തകളിൽ പ്രധാനമായ ഒന്നായിരുന്നു ശരിയായ പദ്ധതി തയ്യാറാക്കൽ ലൂക്കോസ് 14:28-35 വരെ ഇതെപ്പറ്റി പരാമർശിക്കുന്നു.

ഗോപുരം പണിയുന്ന ഒരാൾ, പണി ആരംഭിക്കും മുമ്പ് ഇരുന്ന് അത് പൂർത്തീകരിക്കുവാൻ വേണ്ട ധനം ഉണ്ടോ എന്ന് കണക്കു നോക്കുന്നതായും അല്ലായെങ്കിൽ അടിസ്ഥാനം ഇട്ടശേഷം പൂർത്തീകരിക്കുവാൻ കഴിയാതെ വരുന്ന അവസ്ഥയും മറ്റുള്ളവർ പരിഹസിക്കുന്നതിനെയും ചൂണ്ടിക്കാണിക്കുന്നു.

രണ്ടാമതായി മറ്റൊരു രാജാവുമായി യുദ്ധത്തിന് പുറപ്പെടും മുമ്പ് ഇരുപതിനായിരവുമായി വരുന്നവനെ പതിനായിരവുമായി നേരിടുവാൻ കഴിയുമോ? എന്ന് ആലോചിക്കുന്ന ഉദാഹരണവും കാണാം. ഈ ഉദാഹരണങ്ങളിൽ നിന്ന് യേശുവിന്റെ ദാർശനിക ചിന്തയിൽ പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാധാന്യം എടുത്ത് പറയുന്നു. ഇവിടെ ശിഷ്യത്വത്തിന് മുഖ്യസ്ഥാനം നൽകുന്നുവെങ്കിലും ഈ ഉദാഹരണം ഏതു സാഹചര്യത്തിലേക്കും അഭികാമ്യം തന്നെ.

ഏതൊരു വ്യക്തിയുടെയും ജീവിത വിജയത്തിന് ശരിയായ പദ്ധതികൾ അത്യാവശ്യം തന്നെ. വരുന്ന വഴിക്ക് ചെയ്യുന്നവരും, അപ്രകാരം പോകുന്നവരും പലപ്പോഴും പരാജയപ്പെടാം. എന്നാൽ വ്യക്തമായ കാഴ്ചപ്പാടും പദ്ധതിയും, പ്രവൃത്തനനിരതമായ മനസ്സും ഉള്ളവർ വിജയിക്കുന്നതായും കാണാം. മുകളിൽ കാണപ്പെട്ട ഉദാഹരണങ്ങളെ താഴെപറയും പ്രകാരം വിവക്ഷിക്കാം.

തോമസുകുട്ടി തന്റെ പുതിയ വീടിനായി പദ്ധതി മെനഞ്ഞു. രണ്ടുനില കെട്ടിടം, മുറികൾ ആറെണ്ണം, അടുക്ക, കുളിമുറി, ഹാൾ എല്ലാം വിശാലമായി തന്നെ. പണികൾ ഓരോന്നായി ആരംഭിച്ചു. തൂണുകൾ കെട്ടി. അടിത്തറ കഴിഞ്ഞപ്പോൾ പണം കാലിയായി. പണികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു. കൂലി ലഭിക്കാതെ കുറെ തൊഴിലാളികളും നോക്കുകുത്തിയായി ഉയർന്നു നിൽക്കുന്ന തൂണുകളും നാട്ടുകാർക്ക് ഒരു കാഴ്ചയായി.

ജീവിതത്തിൽ ഇപ്രകാരം പദ്ധതികൾ ഇല്ലാതെ യാത്ര ചെയ്ത് താളം തെറ്റുന്നവർ അനവധിയാണ്. നാളെകൾ നമുക്കുള്ളതല്ല എന്നത് ശരിയാണെങ്കിലും നാളെകൾ ലഭിച്ചാൽ അത് എപ്രകാരം ആയിരിക്കണം എന്ന് മുൻകൂട്ടി ആലോചിക്കണം.

നല്ല നാളെകൾക്ക് ഇന്നത്തെ ശരിയായ കണക്കുകൂട്ടലുകൾ ആവശ്യമാണ്. “ഇന്നുകൾ നമ്മുടെ നാളെകൾ നിശ്ചയിക്കുന്നു” എന്നത് വളരെ അർത്ഥവത്താണ്.

“Rome was not built in a day” എന്നതും നാം സാധാരണ കേൾക്കാറുള്ള ഒരു പ്രയോഗമാണ്. റോം എന്ന പുരാതന പട്ടണത്തെ ഉന്നതിയിലും പ്രശസ്തിയിലും എത്തിക്കുവാൻ നീണ്ട പദ്ധതികളും നാളുകളും ആവശ്യമായി വന്നു.

“Excellence is not an accident” (മികവ് ഒരിക്കലും യാദൃശ്ചികമല്ല.)

യേശു തന്റെ പഠിപ്പിക്കലുകളിലും ഉപമകളിലും മുൻകൂട്ടി തയ്യാർ ചെയ്യുന്ന ജീവിതത്തെപ്പറ്റി പറയുന്നുണ്ട്. മുമ്പ് പറഞ്ഞിരിക്കുന്ന ഉദാഹരണങ്ങളെല്ലാം ശിഷ്യത്വത്തിന്റെ യഥാർത്ഥ ചുവടിനെപ്പറ്റി ഓർമ്മിക്കുന്നവയാണെങ്കിലും പ്രതിദിന ജീവിതത്തിലേക്കുള്ള നല്ല ചില ചിന്തകളാണ്. വേണ്ട കണക്കു കൂട്ടലുകൾ കൂടാതെ പരാജയത്തിലും തകർച്ചയിലും ചെന്നടിയുന്നവർക്ക് നേരിടേണ്ടി വരുന്ന പരിഹാസത്തെപ്പറ്റിയും യേശു ഇവിടെ വിവരിക്കുന്നുണ്ട്.

**ശിഷ്യത്വത്തിലെ ദാർശനികത**

യേശുവിന്റെ ശിഷ്യനാകുന്നതിനും അനേക കണക്കു കൂട്ടലുകൾ വേണം. അതാണ് യേശു ഇവിടെ വിശദീകരിക്കുന്നത്.

1. ബന്ധുക്കളെയെല്ലാം തള്ളിക്കളയണം. (ലൂക്കൊ.14:25)
2. സ്വന്തജീവനെ ത്യജിക്കണം (ലൂക്കൊ.14:26)
3. യേശുവിന്റെ

04




# സ്റ്റേറ്റ് ബോർഡ് അംഗങ്ങൾക്ക് സ്നേഹപൂർവ്വം



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ബോർഡ് ഭാരവാഹികൾക്ക് ആദ്യമേ അഭിനന്ദനങ്ങൾ! ദൈവസഭയുടെ നട്ടെല്ലായ വിശ്വാസിസമൂഹത്തിന് ഭരണപങ്കാളിത്തം ലഭിക്കുക എന്നത് എക്കാലത്തെയും ആഗ്രഹമായിരുന്നു. 1989-ൽ പാളയംകോട്ട് ചേർന്ന ജനറൽ ബോഡിയിൽ പാസ്റ്റർമാർ മാത്രം ഒപ്പിട്ട് കൃത്രിമമായി മിനിട്സ് ഉണ്ടാക്കി ഭരണഘടന ഭേദഗതി ചെയ്ത് വിശ്വാസികളെ ആകമാനം ജനറൽ ബോഡിയിൽ നിന്ന് രഹസ്യമായി പുറത്താക്കിയെന്നാണ് അറിയുന്നത്. മുൻ ഓവർസിയർ എം. വി. ചാക്കോ, പാസ്റ്റർമാരായ കെ. എം. തങ്കച്ചൻ, വെല്ലസ്ലി സോളമൻ എന്നിവരാണ് ഇതിനു നേതൃത്വം കൊടുത്തത് എന്നാണ് വിവരം. വിശ്വാസികളെ ജനറൽ ബോഡിയിൽ നിന്ന് പുറത്താക്കിയ വാർത്ത അറിഞ്ഞപ്പോൾ പി. എം. കോശി, പ്രൊഫ. വി. വി. അച്ചൻകുഞ്ഞ്, കെ. എ. എബ്രഹാം, സി. പി. എബ്രഹാം, ഇ. വി. ജോർജ്ജ് എന്നീ സഹോദരന്മാർ വിശ്വാസികളുടെ സമിതി ആരംഭിച്ചു. വിശ്വാസികളുടെ അവകാശങ്ങൾ പുനഃസ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി സഭാനേതൃത്വത്തിന് നിവേദനങ്ങൾ നൽകി. പ്രതിഷേധം ഉയരുന്നത് കണ്ടപ്പോൾ ആരെങ്കിലും കോടതിയെ സമീപിച്ചാൽ അവരെ മുടക്കുമെന്ന് ഭീഷണിപ്പെടുത്തി. എന്നിട്ടും കാര്യങ്ങൾ നിയന്ത്രണം വിട്ടു പോയപ്പോഴാണ് സ്റ്റേറ്റ് ബോർഡ് എന്ന ആശയം പാസ്റ്റർ പി. എ. വി. സാം മുന്നോട്ടു വെയ്ക്കുന്നത്. 1988 ഡിസംബർ 6-ാം തീയതി സീയോൻ കുന്നിൽ കൂടിയ ബോർഡിന്റെ പ്രഥമസമ്മേളനത്തിൽ പ്രൊഫ. വി. വി. അച്ചൻകുഞ്ഞിനെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. എന്നാൽ 1994 ആയപ്പോൾ സഭയിൽ വിമതചേരി ശക്തിപ്പെടുകയും പ്രൊഫ. വി. വി. അച്ചൻകുഞ്ഞ് സഭാനേതൃത്വത്തിനെതിരെ നിലപാട് സ്വീകരിക്കുകയും ചെയ്തു. പിന്നീട് കേസുകളുടെയും ധർണ്ണകളുടെയും ദിവസങ്ങളായിരുന്നു. അന്യോന്യം മുടക്കിയും സഭാഹാളുകൾ പൂട്ടിയും പ്രസ്താവനകൾ ഇറക്കിയും അന്തരീക്ഷം കലുഷിതമാക്കി. എന്നാൽ 2000ത്തിൽ ഇരുപക്ഷവും ലയിച്ചു. 2001ലെ ജനറൽ കൺവൻഷൻ ഒരുമിച്ചു നടന്നു.

സ്റ്റേറ്റ് ബോർഡിന് വ്യക്തമായ ലക്ഷ്യമുണ്ടായിരുന്നു. വിശ്വാസികൾ തമ്മിലുള്ള ഐക്യതയും സ്നേഹവും ഊട്ടിയുറപ്പിക്കുക, വിശ്വാസികളുടെ വികാരങ്ങൾ സഭാനേതൃത്വത്തിന്റെ മുമ്പിൽ അവതരിപ്പിക്കുക, സഭാനേതൃത്വത്തിന്റെ അഴിമതികൾ ചൂണ്ടിക്കാണിക്കുക, സാമ്പത്തിക സുതാര്യത ഉറപ്പാക്കുക തുടങ്ങിയവയായിരുന്നു. സ്റ്റേറ്റ് ബോർഡിന്റെ ആദ്യകാല ഭാരവാഹികൾ ശക്തന്മാരായിരുന്നു. പ്രൊഫ. വി. വി. അച്ചൻകുഞ്ഞ്, ഡോ. കുര്യൻ എബ്രഹാം, കെ. ഏബ്രഹാം, കെ. ജോൺ, പി. എം. കോശി, പോൾ മേടമന തുടങ്ങിയവർ കരുത്തന്മാരായിരുന്നു. ഇവർ വിശ്വാസിസമൂഹത്തിൽ സ്വീകാര്യതയുള്ളവരും ആദരണീയവരുമായിരുന്നു. മുമ്പിൽ നിന്ന് നയിക്കാൻ ധാർമ്മികമായ ശേഷിയുള്ളവരുമായിരുന്നു. ആദ്യകാലങ്ങളിൽ സ്റ്റേറ്റ് ബോർഡ് ഒരു തിരുത്തൽ ശക്തിയായിരുന്നു. എന്നാൽ പിന്നീട് അത് മാതൃസംഘടനയുടെ പോക്കറ്റ് സംഘടനയായി അധഃപതിച്ചു. നയവും പരിപാടിയുമില്ലാതെ വെറും ആൾക്കൂട്ടമായി മാറി. ക്രിമിനൽ പശ്ചാത്തലമുള്ളവരും ഗുണ്ടകളും പൊതുസമൂഹത്തിൽ സ്വീകാര്യതയില്ലാത്തവരുമായ ആളുകൾ ബോർഡിൽ നുഴഞ്ഞുകയറി. സ്റ്റേറ്റ് ബോർഡിന്റെ പ്രൗഢമായ പൈതൃകം ഇവർ കളഞ്ഞുകുളിച്ചു. നെറികേടുകൾക്കെതിരെ വിമർശനം ഉയർത്തിയ മാധ്യമപ്രവർത്തകരുടെ കൈയും കാലും വെട്ടിക്കളയുമെന്ന് ഭീഷണിമുഴക്കുന്നവരും സ്റ്റേറ്റ് കൗൺസിലിനെ ഘെരാവോ ചെയ്യുന്നവരുമായി തരംതാണു. ഹിറ്റ്ലറിന്റെ കുലിത്തല്ലുകാരായ കരിങ്കുപ്പായക്കാരെപ്പോലെ ചിലർ ആർക്കോ വേണ്ടി കത്തിവേഷം കെട്ടി. അപ്പോഴെല്ലാം തകർന്നുവീണത് ഉന്നതമായ മൂല്യബോധവും വിശ്വാസ്യതയുമായിരുന്നു. അനാഥരും വിധവമാരും ഇഷ്ടംപോലെ ഉള്ള നമ്മുടെ സമൂഹത്തിന്റെ പ്രശ്നങ്ങൾ നിരവധിയാണ്. പരാധീനതകൾ അനുഭവിക്കുന്ന പാസ്റ്റർമാരുടെ എണ്ണം ഏറെയാണ്. ഇവരുടെ വികാരങ്ങൾ ഒപ്പിയെടുക്കാൻ ഇവർക്കായില്ല. ചെറിയ ന്യൂനപക്ഷം സമ്പത്തും അധികാരവും കൈവശം വെച്ച് ദശാബ്ദ അഭിരമിക്കുമ്പോൾ സ്വന്തമായി കിടപ്പാടം പോലുമില്ലാതെ പതിറ്റാണ്ടുകൾ ദൈവസഭയെ സേവിക്കുന്ന കർത്തൃദാസന്മാരെ മുഖവിലയ്ക്ക് എടുക്കാൻ കഴിഞ്ഞില്ല. പതിറ്റാണ്ടുകളുടെ അഭിലാഷമായ സ്റ്റേറ്റ് കൗൺസിൽ പ്രാതിനിധ്യം ജനാധിപത്യപരമായി പ്രാപിച്ചെടുക്കാൻ കഴിഞ്ഞില്ല. ലഭിച്ച അപ്പക്ഷണങ്ങളുടെ മുമ്പിൽ തൃപ്തി അടഞ്ഞ് നേതൃത്വത്തിന്റെ ആജ്ഞാനുവർത്തികളായി പലരും മാറി. അഴിമതിക്കെതിരെ പ്രതിരോധം തീർക്കേണ്ടവർ അർത്ഥഗർഭമായ മൗനം പാലിച്ചു. സാമ്പത്തിക സുതാര്യതയെക്കുറിച്ച് വാചാലമായവർ കണ്ണടച്ച് ഇരുട്ടാക്കി. ജനം പ്രതീക്ഷിക്കുന്നത് ഇങ്ങനെയുള്ളവരെയല്ല. ചൂണ്ടുവിരൽ ചൂണ്ടാനാണെന്ന് ബോധ്യമുണ്ടായിരുന്ന പ്രഗത്ഭമതികൾ ഇരുന്ന കസേരയിലാണ് നിങ്ങളിരിക്കുന്നത്. നിങ്ങൾക്ക് വലിയൊരു ഉത്തരവാദിത്വമുണ്ട്. സഭാവളർച്ചയും പ്രസ്ഥാനത്തിന്റെ ഭൗതിക വികസനവും ശുശ്രൂഷകന്മാരുടെ ക്ഷേമവും വിശ്വാസികളുടെ ആത്മീയവളർച്ചയും നിങ്ങളുടെ ലക്ഷ്യമായിരിക്കട്ടെ. കഥ അറിയാതെ ആട്ടം കാണുകയും കരാർ തെറ്റുമ്പോൾ ഓഫീസിന്റെ ബോർഡ് ഒടിച്ചുകളഞ്ഞ് സീയോൻകുന്നിനെ സമരവേദിയാക്കി മാറ്റുകയും ചെയ്യുന്ന നിലവാര തകർച്ചയിൽ നിന്ന് ഉത്തുംഗമായ ജനാധിപത്യബോധത്തിലേക്ക് ഉയർന്നുവരണം. ഇതാണ് പൂർവ്വസൂരികൾ കാണിച്ചു തന്ന മാതൃക. നല്ല മാതൃകകൾക്ക് ബിലീവേഴ്സ് ജേണലിന്റെ എല്ലാ പിന്തുണയും ഉറപ്പുനൽകുന്നു. ജീർണതയ്ക്കെതിരെയുള്ള പോരാട്ടത്തിന് ഞങ്ങളുടെ നിലപാടിൽ നിന്ന് പിന്നോട്ടില്ലായെന്നും കൂടി ഓർപ്പിക്കട്ടെ. ആശംസകൾ.

## നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം 25



സുനിൽ വർഗീസ്,
ബാംഗ്ലൂർ

ഓട്ടോറിക്ഷ ശരവേഗതയിൽ പായുകയായിരുന്നു. എന്നിട്ടും ഇഴഞ്ഞു പോകുന്നതു പോലെ. കുറച്ചു കൂടി വേഗന്നു പോകുവാൻ ആൽബർട്ട് പലതവണ ഡ്രൈവറോട് പറഞ്ഞു കൊണ്ടിരുന്നു. എന്റെ ചേട്ടാ, ഇത് വിമാനമൊന്നുമല്ല, ഇതിൽ കൂടുതൽ വേഗത്തിൽ പോണേൽ വേറെ വല്ല വണ്ടിം നോക്കിക്കോളു...അയാൾ പെട്ടന്നു ഓട്ടോറിക്ഷ നിർത്തി. ഇല്ല...വണ്ടി എടുക്കു....വേഗന്ന് പോയാ മതി. ആൽബർട്ട് വല്ലാത്തൊരു ധർമ്മസങ്കടത്തിലായിരുന്നു. അമർത്തി മൂളിക്കൊണ്ട് ഡ്രൈവർ ഗിയർ മാറ്റി, വണ്ടി മുന്നോട്ടെടുത്തു. പാസ്റ്ററങ്കിളിന്റെ വീട്ടിൽ ചെന്ന് ഗൾഫിലേക്ക് പോകുവാൻ തയ്യാറാണെന്ന് അറിയിച്ച് അതിന്റെ മറ്റ് ഫോർമാലിറ്റീസെല്ലാം അന്വേഷിച്ചു മടങ്ങി, വീട്ടിലേക്ക് എത്താറായപ്പോൾ ഒരു പോലീസ് ജീപ്പ് ഗേറ്റ് കടന്ന് പുറത്തേക്ക് പോകുന്നത് ആൽബർട്ട് കണ്ടത്. ഭയത്തോടെ സിറ്റൗട്ടിലേക്ക് ഓടിച്ചെന്നപ്പോൾ മമ്മയും പപ്പായും പരിഭ്രമത്തോടെ നിൽക്കുന്നു. ആദ്യം ആൽബർട്ടിന് ഒന്നും മനസ്സിലായതേയില്ല. കുറേ നേരം ചോദിച്ചിട്ടും ആരും ഒന്നും പറഞ്ഞില്ല. മമ്മ നേരെ ബെഡ് റൂമിലേക്ക് പോയി. പപ്പാ ടെലിവിഷൻ ഓൺ ചെയ്ത് വാർത്താ ചാനലുകളിലൂടെ ഒളിച്ചു കളി നടത്തുന്നു.

മമ്മാ, എന്തിനാ പോലീസ് വന്നേ...? എന്താ അവർ ചോദിച്ചേ...? ആൽബർട്ട് മമ്മയുടെ ബെഡ് റൂമിലെത്തി. ഒന്നും പറയാതെ മമ്മ തിരിഞ്ഞു കിടക്കുന്നു.

പപ്പ അപ്പോഴേക്കും വന്നു. എന്താ ആൽബീ...? പപ്പാ, നിങ്ങൾക്കൊക്കെ എന്താ പറ്റിയേ...ഒരു പോലീസ് ജീപ്പ് ഇവിടെ വന്നത് എന്തിനാണെന്നു അറിയാനുള്ള അവകാശം പോലുമില്ലേ എനിക്കിവിടെ...?

ഓ അതോ....അത് കഴിഞ്ഞ് മാസം നമ്മടെ കാറ് ഒരു ബൈക്കിൽ തട്ടിയില്ലേ... ഓ... ഞാൻ മിനിഞ്ഞാന്ന് നിന്നോട് പറഞ്ഞില്ലേ അതിന്റെ ചില കാര്യങ്ങൾക്ക് വന്നവരാ...അതിരിക്കട്ടെ നീ പോയ കാര്യം എന്തായി....? പാസ്റ്റർ എന്തു പറഞ്ഞു...?

അപ്പോഴാണ് ആൽബർട്ടിന് ശ്വാസം നേരെ വീണത്. അത് ശരിയായി. പാസ്റ്ററങ്കിൾ ഉടനെ തന്നെ എല്ലാം ശരിയാക്കും. അതു പറഞ്ഞു കൊണ്ട് ആൽബർട്ട് മുകളിലേക്ക് കയറിപ്പോയി. മനസ്സിൽ വല്ലാത്ത സന്തോഷം നിറയുന്നതു പോലെ ആൽബർട്ടിന് തോന്നിത്തുടങ്ങിയിരുന്നു. കഴിഞ്ഞ വർഷങ്ങളായി ദിവസവും ഒരോ രീതിയിലുള്ള ടെൻഷനുകളും മറ്റും ആയിരുന്നു. എന്തെങ്കിലും കാര്യങ്ങളെ ചുറ്റിപ്പറ്റി തലപുകയ്ക്കാത്ത ഒരു ദിവസം പോലും ഉണ്ടായിരുന്നില്ലല്ലോ. ഇപ്പോൾ കൂടുതൽ സമയം കിടന്നുറങ്ങുന്നു. ചിലപ്പോൾ ടിവി കാണുന്നു. പഴയ പാട്ടുകൾ, ഗസലുകൾ കേൾക്കുന്നു. പഴയ കോളേജ് മാസികകൾ മറിച്ചു നോക്കുന്നു. മുകളിലേക്ക് കയറി ചെന്നപ്പോൾ തന്നെ ആൽബർട്ട് ബഡിലേക്ക് മറിയുകയാണുണ്ടായത്. പെട്ടന്ന് പഴയ ചില കൂട്ടുകാരുടെ മുഖങ്ങൾ തെളിഞ്ഞു. അന്നൊക്കെ എന്നും കൂടെയുണ്ടായിരുന്നയാളാണ് രാജീവ്. ഇപ്പോൾ പട്ടാളത്തിലാണ്. അവധിക്ക് നാട്ടിൽ വന്നിട്ടുമുണ്ട്. കഴിഞ്ഞ ദിവസം കവലയിൽ വെച്ച് ആൽബർട്ട് അയാളെ കണ്ടിരുന്നു. കുറേ നേരം സംസാരിച്ചു നിന്നിരുന്നു. അവനെ കാണണമെന്ന് തോന്നിയപ്പോഴാണ് അവൻ തന്ന നമ്പരിലേക്ക് വിളിക്കാൻ ആൽബർട്ട് ലാൻഡ് ഫോൺ എടുത്തത്. റിസീവർ കാതോട് ചേർത്തപ്പോൾ അവിടെ പപ്പായുടെ ശബ്ദം കേൾക്കുന്നു. പപ്പാ ആരോടോ സംസാരിക്കുന്നു. ഫോൺ വെയ്ക്കാൻ തുടങ്ങിയതാണ്. പെട്ടന്നാണ് പാസ്റ്ററങ്കിളിന്റെ ശബ്ദം മറുതലയ്ക്കൽ നിന്നു കേട്ടത്. അച്ചായൻ ഒന്നും കൊണ്ടും വിഷമിക്കേണ്ട. പോലീസ് ആരെയാ പിടിച്ചു കൊണ്ടു പോയതെന്ന് ആൽബി അറിഞ്ഞിട്ടില്ലല്ലോ. അച്ചായൻ പറഞ്ഞതു പോലെ ആ ആക്സിഡന്റിന്റെ കഥ അങ്ങനെ നിൽക്കട്ടെ. ആൽബർട്ട് ഞെട്ടലോടെ ചെവി കൂർപ്പിച്ചു. എന്നാലും പാസ്റ്റർ പോലീസ് സ്റ്റേഷൻ വരെ ഒന്നു പോകണം. നീലമുടീന്ന് വന്നവരെ എത്രയും പെട്ടന്ന് അങ്ങോട്ടു തന്നെ പറഞ്ഞു വിടണം. നമ്മുടെ ആൽബി സ്ഥലത്തില്ലെന്നും ഇനി വീട്ടിലോട്ടു വരില്ലെന്നും പറയണം. ആൽബർട്ട് പെട്ടന്നു ഫോൺ താഴെ വെച്ചു. നീലമുടിയിൽ നിന്നു വന്നവരോ...? ഷർട്ട് വേഗം ഇട്ടു കൊണ്ട് പടവുകൾ ഇറങ്ങി താഴേക്ക് ഓടി. സ്റ്റയർകെയ്സിൽ നിന്നുള്ള ശബ്ദം കേട്ട് പിന്നെ വിളിക്കാം എന്ന് പപ്പാ പറഞ്ഞ് ഫോൺ പെട്ടന്നു വെയ്ക്കുന്നു.

പപ്പാ....നീലമുടിയിൽ നിന്ന് ആരാ വന്നത്. ആരെയാ പോലീസ് പിടിച്ചത്...? എല്ലാവരും എന്തൊക്കെയാ എന്നോടു മറയ്ക്കുന്നത്? പപ്പയുടെ മുഖത്ത് പെട്ടന്നുണ്ടായ ഞെട്ടൽ ആൽബർട്ട് തിരിച്ചറിഞ്ഞു.

എന്താ ആൽബീ...നീ എന്തൊക്കെയാ ഈ പറയുന്നേ...?

ഇനിയും ഇങ്ങനെ അഭിനയിക്കല്ലേ പപ്പാ....ആരാ വന്നേന്നു പറ പപ്പാ....പതിവില്ലാത്ത വിധം ആൽബർട്ടിന്റെ ശബ്ദം ഉയർന്നു.

മമ്മ ബെഡ് റൂമിൽ നിന്ന് ഇറങ്ങി വരുന്നു. മമ്മാ, മമ്മയെങ്കിലും സത്യം പറ....ഇപ്പോൾ എന്താ ഇവിടെ നടന്നേ...? ചുമരിലേക്ക് ചാരി മുകളിലേക്ക് നോക്കി മമ്മ കരയുന്നത് ആൽബർട്ടിനെ കൂടുതൽ അസ്വസ്ഥനാക്കി.

പറയേണ്ട ആരും ഒന്നും പറയേണ്ട എന്തായാലും വന്നവരെ പോലീസ് സ്റ്റേഷനിലേക്കാണല്ലോ കൊണ്ടു പോയേക്കുന്നത്. ആൽബർട്ട് പുറത്തേക്കിറങ്ങി.

ആൽബീ...കരഞ്ഞു കൊണ്ടാണ് മമ്മ ആൽബർട്ടിനെ വട്ടം പിടിച്ചു നിന്നത്. നിന്നെ ഇനിയും നഷ്ടപ്പെടാൻ ഞങ്ങൾക്ക് പറ്റില്ലടാ. നീ ഇപ്പോ ഒരിടത്തോട്ടും പോകേണ്ട എല്ലാം നമ്മുടെ പാസ്റ്റർ നോക്കിക്കോളും. അവർക്ക് ഒന്നും പറ്റില്ല. അല്ലേ പപ്പാ....

ആൽബർട്ട് രണ്ടു പേരേയും മാറിമാറി നോക്കി. നിസ്സഹായനായി പപ്പ മുഖം പൊത്തിക്കൊണ്ട് സെറ്റിയിലേക്ക് ഇരിക്കുന്നു. മമ്മയുടെ കൈകൾ അടർത്തി മാറ്റി ആൽബർട്ട് പപ്പായുടെ അരികിലേക്ക് ചെന്നു. സത്യം പറ പപ്പാ, നീലമുടിയിൽ നിന്ന് ആരാണ് വന്നത്. എന്താണ് ഇവിടെ സംഭവിച്ചത്?

പപ്പാ എഴുന്നേൽക്കുന്നു. അവർ ആരു തന്നെ ആയാലും ഇപ്പോൾ നീ അതിനെക്കുറിച്ചു വിചാരപ്പെടേണ്ട ഒരു കാര്യവുമില്ല. അവരുടെ കാര്യം ഞാൻ പാസ്റ്ററിനോട് പറഞ്ഞിട്ടുണ്ട് അവർക്ക് പ്രശ്നം വരാതെ അദ്ദേഹം നോക്കിക്കോളും. അവരെ അദ്ദേഹം നീലമുടിയിൽ കൊണ്ടാക്കുകയും ചെയ്യും.

അവർ ഇവിടെ വന്നതിന് പോലീസ് എന്തിനാ വന്നേ....? അസ്വസ്ഥതയോടെ ആൽബർട്ട് ശബ്ദമുയർത്തി.

അവർ നിന്നെ കാണണമെന്ന് പറഞ്ഞു. പറ്റില്ലന്നു ഞാനും. അവർ ബഹളം വെച്ചപ്പോ...ഞാൻ പോലീസിനെ വിളിച്ചു. ആൽബീ അവരെക്കാൾ ഇപ്പോ നിന്നെ ആവശ്യം ഞങ്ങൾക്കാണെടാ....?

പപ്പാ..എന്തിനാ പോലീസിനെ വിളിച്ചത്...ഞാൻ വന്ന് അവരോട് സംസാരിക്കില്ലായിരുന്നോ.....? പപ്പാ കാറിന്റെ കീ തന്നേ...എന്തു പറ്റീന്ന് എനിക്ക് അന്വേഷിക്കണം.

നീ പോകണ്ട ആൽബീ.... പാസ്റ്റർ എല്ലാം ശരിയാക്കിക്കോളും. പപ്പായുടെ ശബ്ദം പതറുന്നു.

ഒരു മിനിട്ട് അങ്ങനെ തന്നെ നിന്നിട്ട് ആൽബർട്ട് പുറത്തേക്കിറങ്ങി. ആദ്യം കണ്ട ഓട്ടോയിൽ കയറി. പോലീസ് സ്റ്റേഷനിലേക്ക് പോകുമ്പോൾ ഓട്ടോയ്ക്ക് വേഗത പോരാ എന്ന് വ്യഥയോടെ അയാൾ റോഡിന്റെ അങ്ങേയറ്റം നോക്കി ഇരുന്നു.

(തുടരും)

ചോദ്യോത്തര വേദി

# സെൽഫിക്ക് അടിമകളായ വിശ്വാസികൾ



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** യേശുവിലുള്ള വിശ്വാസം ഏറ്റുപറയുകയും സഭായോഗങ്ങളിൽ ശുഷ്കാന്തി കാണിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, ഓരോ ദിവസവും വിവിധ രൂപത്തിലും ഭാവത്തിലുമുള്ള സ്വന്ത ചിത്രങ്ങളെടുത്തു 'എന്നെ കാണൂ, എന്നെ ഇഷ്ടപ്പെടൂ' (like me) എന്ന അപേക്ഷയോടെ ഫോട്ടോകൾ 'ഇന്റർനെറ്റിൽ' പോസ്റ്റു ചെയ്യുന്നവരെക്കുറിച്ച് താങ്കളുടെ പ്രതികരണം അറിയിക്കുമോ?

– അനിൽ, സൗദി അറേബ്യ

**ഉത്തരം:** തന്നെയും മറ്റുള്ളവരെയും, ബാഹ്യസൗന്ദര്യ കേന്ദ്രീകൃതവും ശരീരകേന്ദ്രീകൃതവും ആയി അളക്കുകയും വിലയിരുത്തുകയും ചെയ്യുവാനുള്ള പ്രവണതയാണ് ഇക്കാലത്ത് വർദ്ധിച്ചുവരുന്നത്. ഒരു കൃപാവരത്തിലും കുറവില്ലാതിരുന്ന കൊരിന്തിലെ വിശ്വാസികളും (1കൊരി. 1:7) ജഡികന്മാരായിരുന്നു. ആത്മാവിനുള്ളതു ചിന്തിക്കുന്നതിലും കൂടുതൽ ജഡത്തിനുള്ളത് ചിന്തിക്കുന്നവരായിരുന്നു.

ശരീരസൗന്ദര്യ കേന്ദ്രീകൃതമായി വളർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സംസ്കാരത്തിന്റെ ഒരുല്പന്നമാണ് സെൽഫിഭ്രമം. മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായി സ്വന്തം രൂപം ഫോണിലോ ക്യാമറയിലോ സ്വയം പകർത്തുന്നതാണ് സെൽഫി. ഒരു ദിവസത്തിന്റെ പല സമയങ്ങളിൽ വിവിധ ഭാവത്തിലും രൂപത്തിലും സ്വന്ത ചിത്രമെടുത്തു 'എന്നെ കാണൂ, ഇഷ്ടപ്പെടൂ' (like me) എന്ന അപേക്ഷയോടെ ഫോട്ടോകൾ പോസ്റ്റു ചെയ്യുന്നവർ, ശാരീരിക സൗന്ദര്യത്തിലേക്ക് മാത്രമായി തങ്ങളുടെ വ്യക്തിത്വത്തെ ചുരുക്കുകയാണ്. 'liking' -ഉം 'loving' -ഉം (ഇഷ്ടവും സ്നേഹവും) തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ഇങ്ങനെയുള്ളവർക്ക് കഴിയാതെ പോകുന്നു. അനേകം പേർ എന്റെ ഫോട്ടോ ഇഷ്ടപ്പെട്ടാലും അവരിൽ ഒരാൾപോലും എന്നെ സ്നേഹിക്കണമെന്നില്ല. ഇഷ്ടങ്ങൾ കൊണ്ടല്ല, സ്നേഹം കൊണ്ടാണ് നാം ഓരോരുത്തരും നമ്മുടെ മൂല്യം അളക്കേണ്ടത് എന്ന് നാം മറന്നുപോകുന്നു.

നന്നായി ജീവിക്കുന്നതിനേക്കാൾ ഉപരിയായി ഞാൻ നന്നായാണ് ജീവിക്കുന്നത് എന്ന് ബോദ്ധ്യപ്പെടുത്താനുള്ള ആവേശമാണ് പല ഫേസ്ബുക്ക് പോസ്റ്റുകളിലും ഫോട്ടോയോടൊപ്പമുള്ള കുറിപ്പുകളിൽ കാണുന്നത്. തന്നെ കാണുന്നവർ അജ്ഞരും അജ്ഞാതരുമാണ് എന്ന വിശ്വാസത്തിൽ ചില കാര്യങ്ങൾ വിവരിച്ചും മറ്റുചിലകാര്യങ്ങൾ ചുരുക്കിയും ചിലത് മറച്ചുവെച്ചും സ്വയം സൃഷ്ടിച്ചെടുക്കുന്ന സുരക്ഷിതലോകത്തേക്ക് ചുരുങ്ങുമ്പോഴാണ് മനുഷ്യബന്ധങ്ങളിലെ ആഴവും ഊഷ്മളതയും നഷ്ടമാവുന്നത്. ഫോട്ടോഗ്രാഫുകൾ, സാഹസികത നിറഞ്ഞ സന്ദർഭങ്ങൾ, നയനമനോഹര കാഴ്ചകൾ, പ്രശസ്തവ്യക്തികളോടുള്ള നിമിഷങ്ങൾ ഇവയെല്ലാം നിരന്തരം പോസ്റ്റു ചെയ്യുന്നതുവഴി 'ഞാൻ സന്തോഷവാനാണ്' എന്ന് എല്ലാവരെയും ബോദ്ധ്യപ്പെടുത്താനുള്ള നിരന്തര ശ്രമം നടക്കുന്നതായിട്ടാണ് മറ്റുള്ളവർക്ക് അനുഭവപ്പെടുന്നത്. 'നിങ്ങളൊരു സുന്ദരിയാണ്, നിങ്ങളൊരു സംഭവമാണ്' എന്നൊക്കെ പലരും നിരന്തരം പറഞ്ഞുകൊണ്ടിരുന്നില്ലെങ്കിൽ, ആകാംക്ഷ, അസ്വസ്ഥത, വിഷാദം, ഒറ്റപ്പെടൽ എന്നിവയൊക്കെ അനുഭവപ്പെടുന്നുണ്ടെങ്കിൽ മനശാസ്ത്രവിദഗ്ദരുടെ ഭാഷയിൽ (narcism - നാർസിസം) എന്നൊരു മാനസികരോഗത്തിന്റെ സ്വാധീനത്തിലാണ്. പല തരത്തിലുള്ള വ്യക്തികളുമായി ആരോഗ്യപരമായി ബന്ധപ്പെടുന്നതിനുള്ള കഴിവ് നഷ്ടപ്പെട്ടവരെയാണ് ഈ രോഗം പിടികൂടുന്നത്.

കപിലവസ്തുവിൽ സിദ്ധാർത്ഥ രാജകുമാരനെ (ശ്രീബുദ്ധന്റെ ചെറുപ്പത്തിലെ പേര്) സാധാരണ മനുഷ്യരുടെ കഷ്ടപ്പാടുകളും പ്രശ്നങ്ങളും അറിയിക്കാതെയും കാണിക്കാതെയും വളർത്തിയ രാജാവിനെപ്പോലെയാണ് ഇന്നത്തെ പല മാതാപിതാക്കളും. സ്വന്തം മക്കളെ മഞ്ഞുകൊള്ളിക്കാതെയും, മഴ നനയ്ക്കാതെയും, മണ്ണിലിറക്കാതെയും, മലയാളം പഠിപ്പിക്കാതെയും, വിശപ്പ് എന്തെന്ന് അറിയിക്കാതെയും, പാവപ്പെട്ട ബന്ധുക്കളെയും സമൂഹത്തെയും ഇടപഴകിക്കാതെയും വളർത്തുന്നു. സ്വന്തം മക്കളെ പ്രായോഗിക ജീവിതത്തിലുണ്ടാകുന്ന കഷ്ടപ്പാടുകളും ദുഃഖങ്ങളും അറിയിക്കാതെ വളർത്തുമ്പോൾ, ആത്മീയ കാഴ്ചപ്പാടുകൾ നൽകാതിരിക്കുമ്പോൾ, പങ്കു വെക്കലുകളുടെ പാഠങ്ങൾ അവരെ പഠിപ്പിക്കാതിരിക്കുമ്പോൾ, അവരുടെ മാതൃകകൾ സിനിമാ ക്രിക്കറ്റ് താരങ്ങളിലേക്ക് ചുരുങ്ങുകയും ബാഹ്യസൗന്ദര്യ കേന്ദ്രീകൃതമായ ഒരു സംസ്കാരത്തിന്റെ ഭാഗമാകുകയും ചെയ്യുന്നു. 'മനുഷ്യരോ മുഖം നോക്കുന്നു, ഞാനോ ഹൃദയങ്ങളെ പരിശോധിക്കുന്നു' (1 ശമുവേൽ 16:7) എന്നു വെളിപ്പെടുത്തിയ ദൈവത്തിന്റെ സ്വഭാവത്തിനു വിരുദ്ധമായി അവരെ വളർത്തുകയാണ്.

**അടിക്കുറിപ്പ്:** ഈയടുത്തിടെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ തിരുവനന്തപുരം സെന്ററിൽ നടക്കുമ്പോൾ കണ്ട കാഴ്ച ഒരാൾ വിവരിച്ചതിങ്ങനെയാണ്. പരീക്ഷ നടക്കുവാൻ അരമണിക്കൂറുകൂടിയുണ്ട്. അപ്പനും അമ്മയും മകനും കാറിലിരിക്കുന്നു. അമ്മ മകന് ഭക്ഷണം സ്പൂണിലെടുത്ത് വായിൽ വെച്ചുകൊടുക്കുന്നു. അപ്പൻ മുൻസീറ്റിലിരുന്ന് പരീക്ഷയ്ക്കുള്ള ചോദ്യോത്തരങ്ങൾ ഒന്നുകൂടി വായിച്ചു കേൾപ്പിക്കുന്നു. ഈ മകൻ വളർന്നാൽ ഉത്തരവാദപ്പെട്ട ഒരു കസേരയിൽ ഇരുത്താൻ കൊള്ളുമോ?

## 02 യുവജന പംക്തി...

ക്രൂശ് എടുത്ത് പിൻ ചെല്ലണം (ലൂക്കൊ. 14:27)

4. തനിക്കുള്ളതെല്ലാം വിട്ടു പിരിയണം (ലൂക്കൊ.14:33)

മുകളിൽ പറഞ്ഞതെല്ലാം വിട്ടുപിരിയാനും ത്യജിക്കാനുമുള്ള തയ്യാറെടുപ്പിലാണ് ശിഷ്യത്വത്തിന്റെ ആദ്യപടിയെങ്കിൽ ജീവിതത്തിൽ വരുവാനുള്ള പ്രതിസന്ധികളെയും പ്രശ്നങ്ങളെയും തരണം ചെയ്യുവാനുള്ള ഒരുക്കമാണ് രണ്ടാമത്തേത്. ഇവിടെയാണ് യഥാർത്ഥ കണക്കുകൂട്ടലിന്റെ ആവശ്യകത.

ഇന്നത്തെ ക്രൈസ്തവ ദാർശനികതയിലെ തെറ്റും അതു തന്നെയാണ്. ക്രിസ്തീയ മാർഗ്ഗത്തെ ധനാഗമന-സുഖലോലുപതയുടെ മാർഗ്ഗമായി ചിത്രീകരിച്ച് ജനത്തെ ആകർഷിക്കുന്നു. പക്ഷേ ഈ പുതിയ വിശ്വാസികൾ ജീവിതത്തിൽ പലതും വിട്ടുപിരിയുന്നില്ല. വിട്ടുപിരിയുന്നവരിൽ പലരും ജീവിതത്തിൽ പ്രശ്നങ്ങളെ തരണം ചെയ്യുവാൻ കഴിയാതെ വിശ്വാസം ത്യജിക്കുന്നവരും ഉണ്ട്.

യേശുവിന്റെ കാലത്തും മുകളിൽ പറഞ്ഞ പലതും സ്വീകാര്യമല്ലാത്തവർ യേശുവിനെ വിട്ടു പിരിഞ്ഞു. എന്നാൽ ശിഷ്യത്വത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കിയവർ യേശുവിനോടുകൂടെ നിന്നു.

ജീവിതത്തിൽ കഷ്ടം സഹിക്കുവാനുള്ള തയ്യാറെടുപ്പാണ് ഒറ്റവാക്കിൽ ക്രിസ്തീയ ശിഷ്യത്വത്തിലെ ദാർശനികതയുടെ അടിസ്ഥാനം. ഈ കഷ്ടതയെ തരണം ചെയ്യണമെങ്കിൽ ദൈവാശ്രയവും വ്യക്തിപരമായ വിശ്വാസവും സഹിഷ്ണുതയും ആവശ്യമാണ്.

*ജോൺ ബനിയൻ എന്ന ക്രിസ്തുഭക്തൻ യഥാർത്ഥ ക്രിസ്തീയ ശിഷ്യത്വത്തിന്റെ ആഴം മനസ്സിലാക്കിയത് നീണ്ട പന്ത്രണ്ട് വർഷങ്ങൾ ജയിലിൽ കിടന്നപ്പോഴാണ്. ജയിൽവാസത്തെ ജീവിതമാക്കി 'പരദേശി മോക്ഷയാത്ര' എന്ന ഗ്രന്ഥം രചിക്കുമ്പോൾ യഥാർത്ഥ ക്രൈസ്തവ ദർശനം അതിൽ പ്രതിഫലിച്ചു. 'കഷ്ടത' എന്നത് ക്രിസ്തീയ ജീവിതത്തിന്റെ ആകെ തുകയായി കണ്ടു.*

*അതു തന്നെയായിരുന്നു അഡോണിറാം ജഡ്സൺ എന്ന സുവിശേഷകന്റെയും വില്യം കേറിയുടെയും ഡേവിഡ് ലിവിംഗ്സ്റ്റണിന്റെയും ഗ്രഹാം സ്റ്റെയിൻസിന്റെയും എല്ലാം ജീവിതം.*

'ജീവിക്കുന്ന രക്തസാക്ഷി' എന്നറിയപ്പെട്ടിരുന്ന റിച്ചാർഡ് വുംബ്രാണ്ടിന്റെ ജീവിതം നൽകുന്ന സാക്ഷ്യം സുവിശേഷത്തിനുവേണ്ടിയുള്ള കഷ്ടവും തടവും വെടിയുണ്ടകളും എല്ലാം ക്രിസ്തീയതയുടെ ഭാഗമാണെന്നാണ്.

ഈ യഥാർത്ഥ്യത്തെ വൈകി അംഗീകരിച്ചവരാണ് ക്രിസ്തു ശിഷ്യർ. അതുതന്നെയാണ് യേശുവിന്റെ ശിഷ്യന്മാരെ രക്തസാക്ഷിത്വമരണം വരിക്കുവാൻ പ്രാപ്തരാക്കിയത്.

സ്വന്തമായി നേടിയതെല്ലാം വിറ്റ് ശുവിശേഷവേലയ്ക്ക് സമർപ്പിച്ച ക്രിക്കറ്റിലെ ഇതിഹാസമായിരുന്ന സി.റ്റി. സ്റ്റഡ് സ്വയം സമർപ്പണത്തിലൂടെയും ത്യാഗത്തിലൂടെയും യഥാർത്ഥ ക്രിസ്തീയ ശിഷ്യത്വം ഉൾക്കൊള്ളുകയായിരുന്നു.

ക്രിസ്തീയ ജീവിതത്തെപ്പറ്റിയുള്ള യഥാർത്ഥ ഉൾകാഴ്ചയാണ് ഏറ്റവും പരമപ്രധാനം. സുഖലോലുപതയുടെ ശിഷ്യത്വം ക്രിസ്തീയമല്ല! യഥാർത്ഥ ശിഷ്യത്വം മനസ്സിലാക്കി അതിനെ സ്വീകരിക്കുവാനുള്ള കരുതലും കണക്കുകൂട്ടലുമാണ് ആവശ്യം.

പ്രശ്നങ്ങൾ നിശ്ചയമാണെന്നയറിവും ദൈവം കൂടെയുണ്ടെന്ന ഉറപ്പും പ്രശ്നങ്ങളെ തരണം ചെയ്യുവാനുള്ള ശക്തി നൽകും. യഥാർത്ഥ ശിഷ്യത്വത്തിന്റെ വില നൽകുവാൻ നാം തയ്യാറായാൽ മാത്രമേ നമുക്ക് യഥാർത്ഥ ശിഷ്യരാകുവാൻ കഴിയൂ. അതു തന്നെയാണ് യേശു നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതും.

## 11 വേദ പഠനം.....

ന്നു നോക്കിയാലും, ക്യാപ്റ്റൻ വാതിൽ തുറന്നു നോക്കിയപ്പോൾ മൂടൽമഞ്ഞ് പാടെ മാറിയിരിക്കുന്നു. തനിക്കു എത്തേണ്ടിയിരുന്ന സ്ഥലത്ത് കൃത്യസമയത്ത് എത്തിച്ചേരുവാൻ മുള്ളറിനു കഴിഞ്ഞു. അതെ ദൈവം പ്രാർത്ഥന കേൾക്കുന്നു മറുപടി നൽകുന്നു.

**പ്രസംഗക്കുറിപ്പ് :**

1 തിമൊ: 2: 1–7

A. പ്രാർത്ഥനയുടെ മുൻഗണന, വാക്യം : 1. 2ദിന:7:14–15, എഫെ:6:19–20

B. പ്രാർത്ഥനയുടെ ഉദ്ദേശ്യം. വാക്യം:2, ദാനി:2: 20–21

C. പ്രാർത്ഥനയുടെ ആസ്വാദനം വാക്യം :3

D. പ്രാർത്ഥനയുടെ വഴി, വാക്യം :4.

D. എങ്ങനെ പ്രാർത്ഥിക്കണം, വാക്യം : 8

1. പരിശന്മാർ പ്രാർത്ഥിക്കുന്നത്, ലൂക്കോ 18:11

a. നിന്നു പ്രാർത്ഥിക്കാം ലൂക്കോ 18:11

b. മുട്ടുകാലിൽ, ദാനി : 6 – 10

c. ഇരുന്നു, 2. ശമു. 7:18

d. വിരിച്ച കൈകളോടു നിന്നു, 1 രാജാ. 8:22

e. കണ്ണുകളെ സ്വർഗ്ഗത്തിലേക്ക് നോക്കി, യോഹ: 17:1

f. നിലത്തു വീണുകൊണ്ട്, ഉല്പ:17:3

g. തലകുനിച്ചു കൊണ്ട്, ഉല്പ: 24:26

കുറിപ്പ് - ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു നിൽക്കുന്നു.

പ്രാർത്ഥനയില്ലാത്ത മനുഷ്യൻ ശക്തിഹീനനാണ്. (തുടരും..)

## 10 ചെറുകഥ.....

നിർത്തി കുശലന്വേഷണം നടത്തി. തന്റെ ആശാൻ പറഞ്ഞതനുസരിച്ച് താൻ വന്നതെന്ന വ്യാജേന തന്റെ സ്വപ്നങ്ങളിൽ കണ്ടതെല്ലാം മടികൂടാതെ ചോദിച്ചു ഗേഹസി കൈക്കലാക്കി...."ദൈവം നമ്മുടെ പ്രാർത്ഥന കേട്ടെന്ന ടെക്സ്റ്റിനൊപ്പം ഉപായത്താൽ സമ്പാദിച്ചു കൂട്ടിയ സാധനങ്ങളുടെ ഫോട്ടോ സഹിതം മിസ്സ് ഗേഹസിക്ക് വാട്ട്സാപ്പിൽ മെസ്സേജ് ചെയ്തതുകൊണ്ട് തിരിച്ചെത്തിയ ഗേഹസിയെ തേടി ഏലീശയുടെ ചോദ്യം എത്തി....

"നീ എവിടെ പോയിരുന്നു..... ദ്രവ്യം സമ്പാദിക്കുവാൻ ഇതാകുന്നുവോ സമയം...?" "മുക്കി മൂളി ഉത്തരം പറയാൻ ശ്രമിക്കുന്നിടയിൽ ഏലീശയിൽ നിന്നും ഒരു ദൂതും കിട്ടി; "ആകയാൽ നയമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതിക്കും എന്നേക്കും പിടിച്ചിരിക്കും".

ഹിമം പോലെ വെളുത്തു കുഷ്ഠരോഗിയായി മാറിയ ഗേഹസി വീട്ടിൽ എത്തുമുൻപേ കുഷ്ഠം ബാധിച്ച കുട്ടികളുടെ ഫോട്ടോ മിസ്സ് ഗേഹസി വാട്ട്സാപ്പിൽ അയച്ചിരുന്നു!!

പുതിയ മെസ്സേജ് വായിക്കാനായി തന്റെ ചൊറിഞ്ഞു കൊണ്ടുള്ള യാത്ര നിർത്തിയപ്പോൾ ഒരു പരിചിത ഗാനം കാതിൽ അലയടിച്ചു...

"ജയത്തിൻ ഘോഷം ഉല്ലാസഘോഷം ഭക്തരിൽ കൂടാരത്തിൽ എന്നും പുതുഗീതം" ഗാനത്തിന്റെ ഉറവിടമെവിടെന്നു അറിയാൻ ശ്രമിച്ചപ്പോൾ മരിച്ചുപോയ യഹോവേ ഭക്തനായ പ്രവാചകശിഷ്യന്റെ വീട്ടിൽ നിന്നും ഉയർന്ന സന്ധ്യാപ്രാർത്ഥനയുടെ ശബ്ദമായിരുന്നു എന്ന് തിരിച്ചറിഞ്ഞു.

വാൽക്കഷണം: "ബഹുനിക്ഷേപവും അതിനോട് കൂടെ കഷ്ടതയും (കുഷ്ഠവും) ഉള്ളതിനേക്കാൾ യഹോവാ ഭക്തിയോടെ അല്പം ധനം നല്ലത്" (സദൃശ്യം : 15:16)

## 07 പി.സി.നാക്ക് ടെന്നസ്സി പ്രമോഷണൽ...

ക്ഷത വഹിച്ചു. ടെന്നസ്സി പ്രതിനിധി പാസ്റ്റർ ഫിലിപ്പ് ചെറുകര നന്ദി അറിയിച്ചു. മുൻ കൺവീനർ പാസ്റ്റർ കെ. ജെ. മാത്യു മുൻ ട്രഷറാർ ജോയീസ് പി.മാത്യൂ എന്നിവരെ കൂടാതെ അനേക ദൈവദാസന്മാരും വിശ്വാസികളും പങ്കെടുത്തു.

Email:
beljourn@gmail.com
Website:
www.beljourn.com

## പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ്

പയ്യപ്പാടി: ഫിലെദൽഫിയ ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ ഏകദിന പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ് പയ്യപ്പാടിയിൽ വെച്ച് നടന്നു. സഭാപ്രസിഡന്റ് റവ. ബേബി മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. പ്രഭാഷകനും വേദാധ്യാപകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസ്സുകൾ എടുത്തു. ശുശ്രൂഷകന്മാരും കുടുംബവും കോൺഫറൻസിൽ പങ്കെടുത്തു.

## ഭാരവാഹികൾ

പുതുപ്പള്ളി: ഐ. പി. സി. പുതുപ്പള്ളി സെന്റർ വാർഷിക പൊതുയോഗം പാസ്റ്റർ പി. എ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ അടുത്ത വർഷത്തേക്കുള്ള സെന്റർ ഭരണസമിതിയെ തെരഞ്ഞെടുത്തു. പാസ്റ്റർ പി. എ. മാത്യു (പ്രസിഡന്റ്), പാസ്റ്റർ സാജൂ ജോസഫ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ. കെ. സ്കറിയ (സെക്രട്ടറി), പാസ്റ്റർ ഷാജൻ ജോർജ്, ബ്രദർ വി. എം. തോമസ് (ജോ. സെക്രട്ടറിമാർ), ബ്രദർ സി. മാത്യു ഫിലിപ്പ് (ട്രഷറർ) എന്നിവരുൾപ്പെടുന്ന 23 അംഗ കമ്മറ്റിയാണ് തെരഞ്ഞെടുക്കപ്പെട്ടത്. സെന്ററിന്റെ 27–ാം വർഷത്തിൽ 27 സഭാപ്രവർത്തനങ്ങൾ സെന്ററിലുണ്ട്.

**ലേഖനം**

# ദുരുപദേശങ്ങളുടെ മാമ്പഴക്കാലം – 2



റെജി പോൾ, ഷാർജ

യേശുവിന്റെ ദൈവത്വത്തെയും ത്രീയേക ദൈവമെന്ന സത്യത്തെയും വെല്ലുവിളിച്ചിട്ട് പിറ്റേന്നത്തെ തിരുവത്താഴത്തിൽ ബലമായി പങ്കെടുക്കാൻ വീണിത ഗണത്തിന്റെ അകമ്പടിയോടെ കുസ്തന്തിനൊസ് ചത്വരത്തിലേക്ക് നടന്നു കയറിയ അറിയൂസ് എന്ന വ്യക്തി സകല ദുരുപദേശക്കാരുടെയും അപ്പനായി സഭാചരിത്ര പുസ്തകങ്ങളിൽ തിളങ്ങുന്നു. എന്നാൽ രാജകീയ ഘോഷയാത്രയുടെ മധ്യത്തിൽ വിസർജനത്തിനു പോയി മടങ്ങാത്ത അറിയൂസിനെ നോക്കി ചെന്നവർ കണ്ടത് യൂദാ ഇസ്കര്യോത്തിനേക്കാൾ കഷ്ടമായ നിലയിൽ , കുടലെല്ലാം തൂവിതെറിച്ച ജീവനറ്റ ഒരു മാംസപിണ്ഡത്തെയാണെന്നതും ചരിത്ര സത്യം. തിരുവചന സത്യങ്ങളെ കട്ടൻ ചായ കുടിക്കുന്ന ലാഘവത്തോടെ ദുർവ്യാഖ്യാനിച്ച് കൈയടി നേടുവാനും പ്രശസ്തിയും പണവും ചുളുവിൽ സമ്പാദിക്കാനും ചിലർ കാണിക്കുന്ന വ്യഗ്രത കാണുമ്പോൾ കോപമല്ല മറിച്ചു സഹതാപമാണ് തോന്നുന്നത്. എന്നാൽ ഇങ്ങനെയുള്ളവന്മാരുടെ കൂടെ വേദി പങ്കിടുന്ന റവറന്റ് ഡാക്കിട്ടർമാരുടെ പാപ്പച്ചത്തരം, ക്ഷമിക്കണം പാപ്പരത്വം ആണ് ഒട്ടും മനസ്സിലാകാത്തത്. പഥ്യോപദേശങ്ങൾ നന്നായി പഠിയ്ക്കാൻ ഒരിയ്ക്കലും കഴിയാത്ത ആരും ഒരിയ്ക്കലും പഠിപ്പിയ്ക്കാത്ത നിർഭാഗ്യവാന്മാരായ മഹാഭൂരിപക്ഷം ശരാശരി പെന്തക്കോസ്ത് വിശ്വാസികളും ഏതപ്പാ കോതമംഗലം എന്നിരുട്ടിൽ തപ്പുമ്പോൾ അത് ഇക്കൂട്ടർക്ക് നല്ല തരമാവുന്നു. എവിടെയെങ്കിലും ദുരുപദേശം പൊട്ടിമുളയ്ക്കുമ്പോൾ അതിനെ മുളയിലെ നുള്ളാൻ കഴിയുന്ന ഒന്നും ചെയ്യാതെ അത് പടർന്നു വൃക്ഷമാകുമ്പോൾ സോഷ്യൽ മീഡിയയിൽ ദുർബലമായി പ്രതികരിച്ച് ഇപ്പുറത്തുള്ളവരും "പുര കത്തുമ്പോൾ വാഴ വെട്ടൽ" സുഗമമായി നടത്തുന്നു. സീഡി ഇറക്കിയും പരസ്യ സംവാദം നടത്തിയും വേർപാടുകൾ തിളങ്ങുമ്പോൾ ദുരുപദേശക്കാരന്റെ മാർക്കറ്റ് മറുചെരിവിലൂടെ കുതിച്ചു കയറുന്നതിനു കാലം സാക്ഷിയായി. ദുരുപദേശക്കാരുടെ കയ്യിൽ അകപ്പെട്ടു പോയ വിശ്വാസികളെ കാലങ്ങളോളം നിർവികാരതയോടെ വീക്ഷിച്ചിട്ട്, സമയം അതിക്രമിച്ചു കഴിയുമ്പോഴുള്ള മുഖ്യധാര പെന്തക്കോസ്ത് ബുദ്ധിജീവികളുടെ രക്ഷാ പ്രവർത്തനങ്ങളും അത് കഴിഞ്ഞുള്ള ഭാവഹാദികളും കാണുമ്പോൾ രോഗി മരിച്ചു പോയെങ്കിലും ഓപ്പറേഷൻ വിജയകരമായിരുന്നു എന്ന മൂന്നാം തര ഭിഷഗ്വര പ്രയോഗമാണ് ഓർമ്മ വരുന്നത്. മുഖ്യധാരയിലെ വേദ പണ്ഡിതന്മാരെയും സാറന്മാരെയും നോക്കി, സഭാ മക്കൾക്ക് ഇവരെ കൊണ്ട് ഇത് വരെ എന്ത് പ്രയോജനം കിട്ടിയെന്നേതെങ്കിലും പാവപ്പെട്ടവർ ചിന്തിച്ചു പോയാൽ അവൻ പിന്മാറ്റക്കാരൻ. ഉള്ളൂരാണോ സൈമണാണോ മൂത്തത് എന്ന സമീപകാല വാദങ്ങളിൽ പോലും ചീർപ്പിക്കുന്ന അറിവുകളുടെ അണക്കെട്ട് തുറന്നു വിടൽ മത്സരമാണ് കണ്ടത്. ഏതായാലും സൈമണദ്യ്യം തന്റെ മരണകിടക്കയിൽ കിടന്നു കൊണ്ട്, തന്നെ കാണാൻ വന്ന തോഴനായ സാധു കൊച്ചുകുഞ്ഞിനോട് അർധബോധവസ്ഥയിൽ പറഞ്ഞ മൊഴികൾ "ഓഫ് ദി റെക്കോർഡ്" ആയി തന്നെ കിടക്കട്ടെ. വിശ്വാസികളുടെ മക്കളെ മൂപ്പ് തികയുമ്പോൾ ഒരു കള്ള സാക്ഷ്യവും കാച്ചി, രക്ഷാ വാചകം തത്തയെക്കൊണ്ടെന്ന പോലെ പറയിച്ച്, വെള്ളത്തിൽ മുക്കിയെടുത്ത് ഇരട്ടി നരക യോഗ്യരാക്കുന്നതല്ലാതെ, ജനത്തെ പഥ്യോപദേശങ്ങൾ പഠിപ്പിക്കുന്ന, വാസ്തവമായ ശിഷ്യത്വത്തിലേക്ക് വഴി നടത്തുന്ന ഒരു സഭയെയോ ശുശ്രൂഷകനെയോ കാണിച്ചു തരാൻ പറഞ്ഞാൽ, പറയുന്നവനെ താന്തോന്നി എന്ന് താറടിക്കാൻ ബുദ്ധിയുള്ളതും ഇല്ലാത്തതുമായ എല്ലാ ജീവികളും കൈകോർക്കുമെന്നത് സ്പഷ്ടം. ദുരുപദേശക്കാരുടെ സമകാലീന സ്വാഭാവങ്ങൾ കഴിഞ്ഞ ലക്കത്തിൽ നാം ചർച്ച ചെയ്തു. അടുത്തതായി ഇവരെയെങ്ങനെ അകറ്റി നിർത്താം എന്ന വിഷയം ചിന്തിക്കാം.

1. അകറ്റി നിർത്തുക

ഒരിക്കൽ ഇവരുടെ ഉപദേശം വചന വിരുദ്ധമെന്നു മനസ്സിലായാൽ പിന്നെ അത് കേൾക്കാൻ പോവുകയോ അവരുടെ കൃതികളെ വായിക്കുകയോ ചെയ്യരുത്. അവരുടെ ഉപദേശങ്ങളിൽ നല്ല ആകർഷകമായ സാരോപദേശങ്ങളൊക്കെ കാണും. പക്ഷെ അടിസ്ഥാനോപദേശങ്ങൾ തെറ്റായത് കൊണ്ട് അവരെ പൂർണ്ണമായി വർജ്ജിക്കുക. സദൃശ്യ വാക്യങ്ങൾ 19:27 "മകനേ, പരിജ്ഞാനത്തിന്റെ വചനങ്ങളെ വിട്ടുമാറേണ്ടതിന്നുള്ള ഉപദേശം കേൾക്കുന്നതു മതിയാക്കുക". പാല് പുളിച്ചാൽ മേൽ ഭാഗം മാറിയിട്ട് ബാക്കിഭാഗം ആരെങ്കിലും കുടിക്കാറുണ്ടോ? ചെറിയ അംശം പുളിപ്പ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു എന്ന് കർത്താവ് തന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഡെറിക്ക് പ്രിൻസും ബെന്നി ഹിന്നുമെല്ലാം കേൾക്കാൻ രസമുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. എന്ന് വച്ച് അതിന്റെയെല്ലാം പിന്നാലെ പോയാൽ പെട്ട് പോകുമെന്ന് സാരം.

2. സഭയിൽ നിന്ന് പുറത്താക്കുക

നിങ്ങളുടെ സഭയിൽ അല്ലെങ്കിൽ കൂട്ടത്തിൽ തന്നെ ദുരുപദേശം പരത്തുന്ന ആരെങ്കിലും തല ഉയർത്തുന്നുവെങ്കിൽ ആദ്യം പറഞ്ഞു തിരുത്താൻ ശ്രമിക്കുകയും പ്രയോജനം കണ്ടില്ലെങ്കിൽ പുറത്താക്കുകയും ചെയ്യുക. ഗലാത്യർ 5:9,10 അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു. നിങ്ങൾക്കു ഭിന്നാഭിപ്രായമുണ്ടാകയില്ല എന്നു ഞാൻ കർത്താവിൽ ഉറെച്ചിരിക്കുന്നു; എന്നാൽ നിങ്ങളെ കലക്കുന്നവൻ ആരായാലും ശിക്ഷാവിധി ചുമക്കും. തീത്തോസ് 3:10 "സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോടു ഒന്നും രണ്ടും വട്ടം ബുദ്ധി പറഞ്ഞ ശേഷം അവനെ ഒഴിക്ക.."

3. എതിർക്കാനുള്ള ധൈര്യം

ദുരുപദേശക്കാർ സഹോദര വർഗ്ഗത്തെ ദുഷിപ്പിക്കുന്നു എന്ന് കണ്ടാൽ അവരെ എതിർക്കാനുള്ള ധൈര്യം കാണിക്കണം. അതിനു നാം തന്നെ ഒന്നാമതായി പഥ്യോപദേശങ്ങൾ നന്നായി മനസ്സിലാക്കിയിരിക്കണം. പരിച്ഛേദനയുടെ അപ്പോസ്തലൻ ദുരുപദേശക്കാരായ ജൂഡായിസ്റ്റുകളുടെ കെണിയിൽ പെട്ട് പോയപ്പോൾ ജാതികളുടെ അപ്പോസ്തലൻ പരസ്യമായി അവയെ ഖണ്ഡിക്കുകയും വിധിക്കുകയും ചെയ്തത് നാം ഓർക്കുമല്ലോ. "ജീവൻ വച്ചീടും ഞാൻ യേശുവിനായ്" എന്ന പാട്ട് പാടിയിട്ട് തന്റെ രക്തത്തിൽ എഴുതിയ പുതിയ നിയമത്തെ ആരെങ്കിലും മലീസമാക്കുന്നത് കണ്ടിട്ടും ഞാനായിട്ടെന്തിനാ എന്നുള്ള കാഴ്ചപ്പാടിനകത്തെ വൈരുധ്യമാണ് മനസ്സിലാകാത്തത്.

## നവജ്യോതി ആയുർവേദ ഹോം ഹെറിട്ടേജ് ഹോസ്പിറ്റൽ പ്രവർത്തനം ആരംഭിച്ചു



ആയിരകണക്കിന് രോഗികൾക്ക് സാന്ത്വനമായി, കഴിഞ്ഞ ആറു വർഷമായി, ശ്രീ. കെ.എം. ബിനോയി വൈദ്യരുടെയും കുടുംബത്തിന്റെയും നേതൃത്വത്തിൽ സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചു വരുന്ന നവജ്യോതി ആയുർവേദ ഗൃഹവൈദ്യശാല എന്ന സ്ഥാപനം നവജ്യോതി ആയുർവേദ ഹോം ഹെറിട്ടേജ് ഹോസ്പിറ്റൽ ആയി വിപുലമായ രീതിയിൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഹോസ്പിറ്റലിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ശ്രീ. സി. കൃഷ്ണൻ MLA നിർവ്വഹിച്ചു. അതിനോട് ചേർന്നു തന്നെ വൈദ്യശാലയുടെ ഉദ്ഘാടനം പയ്യന്നൂർ നഗരസഭ ചെയർപേഴ്സൻ ശ്രീമതി കെ.വി.ലളിത നിർവ്വഹിച്ചു.. പയ്യന്നൂരിന് ഒരു നല്ല സംരംഭം കാഴ്ച വച്ചതിന്റെ സന്തോഷത്തിലായിരുന്നു അവർ.

പാസ്ററർ രാജു ആനിക്കാട് അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ നവജ്യോതി ആയൂർവേദ ഹോം ഹെറിട്ടേജ് ഹോസ്പിറ്റലിന്റെ ഡയറക്ടറായ ശ്രീ. കെഎം ബിനോയി വൈദ്യർ സ്വാഗതം ആശംസിച്ചു. അനേക ദൈവദാസന്മാരുടെയും ദൈവമക്കളുടെയും പ്രാർത്ഥനാഫലമായാണ് ഇപ്രകാരം ഒരു സംരംഭം ആരംഭിക്കുവാൻ കഴിഞ്ഞത് എന്നദ്ദേഹം പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ പ്രാർത്ഥിച്ച, നല്ല ആലോചനകൾ നല്കി സഹായിച്ച എല്ലാ സഹകാരികൾക്കുമുള്ള നന്ദിയെ അദ്ദേഹം അറിയിച്ചു. നവജ്യോതി എന്ന പേരു പോലെ തന്നെ ഈ ആശുപത്രി ഒരു പുതിയ ഉദയമായിത്തീരട്ടെ എന്ന് പാസ്റ്റർ. രാജു ആനിക്കാട് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ആശംസിച്ചു.

മുൻമന്ത്രി ശ്രീ..കെ.സുധാകരൻ മുഖ്യ പ്രഭാഷകനായിരുന്നു. പാരമ്പര്യ ചികിത്സയുടെ കാലികമായ പ്രസക്തി, അന്യം നിന്നുകൊണ്ടിരിക്കുന്ന ഒറ്റമൂലി ചികിത്സ നിലനിർത്തേണ്ടതിന്റെ ആവശ്യം എന്നിവയ്ക്ക് ഊന്നൽ കൊടുത്ത് അദ്ദേഹം സംസാരിച്ചു. സമ്മേളനത്തിൽ സാംസ്കാരിക പ്രവർത്തകരും, വൈദ്യന്മാർ, ക്രിസ്തീയ പത്ര പ്രവർത്തകരെ പ്രതിനിധീകരിച്ച് പാസ്റ്റർ ഷൈജു ഞാറയ്ക്കൽ, ദൈവദാസന്മാർ, തുടങ്ങിയവർ ആശംസകൾ അറിയിച്ചു. പാസ്റ്റേഴ്സ്, വിശ്വാസികൾ, ബിനോയി വൈദ്യരുടെ ചികിത്സയിലൂടെ ആശ്വാസം ലഭിച്ച രോഗികൾ, ആദിയായവർ ഈ നമ്മേളനത്തിൽ പങ്കെടുത്തു. Swiss Bath, Steam Bath തുടങ്ങി എല്ലാവിധ സൗകര്യങ്ങളും നവീകരിച്ച ആശുപത്രി കെട്ടിടത്തിലും വൈദ്യശാലയിലുമായി ഒരുക്കിയിട്ടുണ്ട്. ഡോ. ശ്രീലക്ഷ്മി, ഡോ. നീതു ദീപക്, ഷിന്റു ബിനോയി എന്നിവർ ശ്രീ ബിനോയി വൈദ്യരോടൊപ്പം ഇവിടെ പ്രവർത്തിക്കുന്നു.

<u>ചികിത്സകൾ:</u>

ഡിസ്ക് തകരാറുകൾക്ക് : ബോൺ സെറ്റിംങ്, ഉഴിച്ചിൽ എന്നീ ചികിത്സകൾ,

രക്തധമനികളിലെ കൊഴുപ്പ് (ഹേർട്ട് ബ്ളോക്ക്), കൊളസ്ട്രോൾ, അമിതവണ്ണം, പൈൽസ്, ഷുഗർ, തുടങ്ങിയവയ്ക്കുള്ള സ്പെഷ്യൽ പച്ചമരുന്ന് ചികിത്സകൾ തുടങ്ങിയവ ഇവിടുത്തെ പ്രത്യേകതയാണ്.

താരൻ,സോറിയാസിസ്, സ്കിൽ അലർജി, മുടികൊഴിച്ചിൽ, വാതരോഗങ്ങൾ എന്നിവയ്ക്ക് പച്ചമരുന്നുകളും, അംഗീകൃത ഏജൻസിയുടെ മരുന്നുകളും ശ്രീ ബിനോയി വൈദ്യർ നല്കി വരുന്നു.

**ഹോസ്പിറ്റലിലേക്ക് വിളിക്കേണ്ട നമ്പറുകൾ:**

**04985 208400, 09400566214, 09048712570**

**കല്ലുകടി**



## വിശ്വാസികളെ ഉറപ്പിക്കാൻ ചെറിയാച്ചന്റെ ചെപ്പടി വിദ്യകൾ

**രംഗം ഒന്ന്:**

കേരളത്തിലെ ഒരു കൺവഷൻവേദി. നരച്ച തലയുള്ള പ്രസംഗകൻ താൻ ചെയ്ത വീരകൃത്യങ്ങളെല്ലാം വിളമ്പുകയാണ്. ദൈവം തന്നിലൂടെ ചെയ്യുന്ന പ്രവൃത്തികൾ വർണ്ണിച്ചുപറഞ്ഞ് ജനത്തെ ആത്മാവിലാക്കുകയാണ്. അപ്പോൾ താൻ പറയുകയാണ്. "ഈ അടുത്തകാലത്ത് ഞാൻ ബോംബെയിലേക്ക് ശുശ്രൂഷയ്ക്കായി കടന്നുപോയി. ഒരു അച്ചായൻ തന്റെ വീട്ടിലേക്ക് എന്നെ വിളിച്ചു. കുടുംബപ്രശ്നങ്ങളെത്തുടർന്ന് നാടുവിട്ടുപോയ മകനുവേണ്ടി പ്രാർത്ഥിക്കുവാനാണ് എന്നെ വിളിപ്പിച്ചത്. ഞാൻ ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു. ദൈവമക്കളെ ആ മകൻ തൊട്ടടുത്തദിവസം ഭവനത്തിൽ മടങ്ങിയെത്തിയതായി അവർ എന്നെ വിളിച്ചുപറഞ്ഞു". ഇതുകേട്ടതും ജനം ആത്മനിറവിൽ ആറാടി. അന്യഭാഷയും സ്തോത്രസ്വരവും ഉയർന്നു.

**രംഗം രണ്ട്:**

ഇദ്ദേഹത്തിന്റെ പ്രസംഗം കേട്ടറിഞ്ഞ് ഒരു സ്നേഹിതൻ വിളിക്കുന്നു. പാസ്റ്ററേ, പാസ്റ്റർ പ്രസംഗിച്ച കാര്യം സത്യമല്ലല്ലോ. ആ പയ്യൻ ഇതുവരെയും വീട്ടിൽ മടങ്ങിവന്നിട്ടുമില്ലല്ലോ. പിന്നെ ഇങ്ങനെ പ്രസംഗിച്ചത് തെറ്റല്ലേ. ചെറിയാച്ചനുപദേശി പറഞ്ഞ മറുപടി കേട്ട് സ്നേഹിതൻ സ്തംഭിച്ചിരുന്നുപോയി. മോനേ വിശ്വാസികളെ ഉറപ്പിക്കുന്നതിനുവേണ്ടിയാ ഞാൻ ഇതൊക്കെ പറയുന്നത്. മലനാടിന്റെ റാണിയുടെ രാമാഞ്ചമായ ചെറിയാച്ചനുപദേശി ഇങ്ങനെ പലനിലകളിൽ **വിശ്വാസികളെ ഉറപ്പിച്ചും ദൈവനാമത്തെ മഹത്വപ്പെടുത്തിയും മുന്നേറുകയാണ്.** ഉഗാണ്ടയിൽ അത്ഭുതങ്ങൾ തന്റെ ശുശ്രൂഷയിൽ നടന്നുവെന്ന് അന്റാർട്ടിക്കയിലും അന്റാർട്ടിക്കയിൽ അത്ഭുതം നടന്നുവെന്ന് ഉഗാണ്ടയിലും പ്രസംഗിക്കുക. അപ്പോൾ അന്റാർട്ടികയിലും ഉഗാണ്ടയിലും ഉള്ളവരെ ഒന്നുപോലെ കബളിപ്പിക്കുവാനും ആത്മാവിലാക്കുവാനും ചെറിയാച്ചൻ സ്റ്റൈൽ പ്രസംഗകർക്ക് കഴിയും. ഇതെല്ലാം കാണുമ്പോൾ നമുക്കും കോൾമയിർ കൊള്ളാം.

**അടിക്കുറിപ്പ്:** ചെറുപ്പ കാലത്തിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം.

**Article**

# Team Work of Evangelization

REJI KOSHY
DALLAS

**Continues....**

Next we see Ittai, the Gittite (a foreigner) in 2 Samuel 15:19-22: The king said to Ittai the Gittite, "Why should you come along with us? Go back and stay with King Absalom. You are a foreigner, an exile from your homeland. You came only yesterday. And today shall I make you wander about with us, when I do not know where I am going? Go back, and take your people with you. May the Lord show you kindness and faithfulness." But Ittai replied to the king, "As surely as the Lord lives, and as my lord the king lives, wherever my lord the king may be, whether it means life or death, there will your servant be."David said to Ittai, "Go ahead, march on." So Ittai the Gittite marched on with all his men and the families that were with him.

Just like Ittai, we need to serve our Master (Lord Jesus Christ) with fervency, life or death, we are not going to compromise with this world for the temporary benefits we may avail to be 'so cool'.We notice the benefit Ittai reaped for this stand he took in 2 Samuel 18: 1-2: David mustered the men who were with him and appointed over those commanders of thousands and commanders of hundreds. David sent out his troops, a third under the command of Joab, a third under Joab's brother Abishai son of Zeruiah, and a third under Ittai the Gittite. Here we see Ittai in the same rank as Joab and his brother Abishai. If you and I walk with God in this pilgrimage, we are going to reign with Him.

Then we see a team of five; Hushai, Zadok, Abiathar, Ahimaaz and Jonathan. We see this team of five in 2 Samuel 15: 32-37 When David arrived at the summit, where people used to worship God, Hushai the Arkite was there to meet him, his robe torn and dust on his head. David said to him, "If you go with me, you will be a burden to me. But if you return to the city and say to Absalom, 'Your Majesty, I will be your servant; I was your father's servant in the past, but now I will be your servant,' then you can help me by frustrating Ahithophel's advice. Won't the priests Zadok and Abiathar be there with you? Tell them anything you hear in the king's palace. Their two sons, Ahimaaz son of Zadok and Jonathan son of Abiathar, are there with them. Send them to me with anything you hear." So Hushai, David's confidant, arrived at Jerusalem as Absalom was entering the city.

Here we see that each person in the Kingdom of God is unique. The same person who is effective in a church or in a particular place or in specific surroundings may not be effective if the same person is moved around. We all have unique calling. If we don't fully understand our calling, we will be a burden for others (2 Samuel 15: 33). If we fully understand our calling and our role in the Kingdom building, we will be a blessing for others and for our Lord's Kingdom.

Since Hushai got this message to his heart from the King, we see him later on very effective in frustrating Ahithophel's advice. We see this happening in 2 Samuel 17 which resulted in Absalom's death. We are in a battle field here now in our pilgrimage. For us to be effective, we need to follow clearly the instruction from our King, Lord Jesus Christ. Some of the instructions and the roles we need to play here may conflict with our ego. Remember, we are here to fulfill our King's desire and build his Kingdom. Let us understand our calling/position in the sovereign plan of God.

We see some messengers in these chapters (2 Samuel 15 and 17). 2 Samuel 15: 13 A messenger came and told David, "The hearts of the people of Israel are with Absalom." Just like these messengers, we are messengers to this perishing world. Our responsibility here is to urge the world about the eternity in the midst of their hearts are being persuaded after the world. Remember 1 John 2: 15-17 do not love the world or anything in the world. If anyone loves the world, love for the Father is not in them. For everything in the world-the lust of the flesh, the lust of the eyes, and the pride of life-comes not from the Father but from the world. The world and its desires pass away, but whoever does the will of God lives forever. **(Continue...)**





# IPC Hebron Dallas

The Indian Pentecostal Church of God Hebron Dallas, is seeking a fulltime Pastor to begin ministering in August 2016.

**SENIOR PASTOR NEEDED**

**Qualifications**

- Bachelors degree in Theology
- At least 40 years of age and married
- Fluent in English and Malayalam
- U.S Permanent Resident preferred

**Experience Requirements:**

- At least 10 years of ministerial experience
- At least 5 years of pastoral experience in the U.S
- Ability to deliver sermons in both English and Malayalam

**YOUTH PASTOR NEEDED**

**Qualifications**

- High school graduation from the U.S
- Bachelors degree in Theology
- At least 25 years of age and married
- Fluent in English
- U.S Permanent Resident
- Should be a Malayalee

Interested candidates may apply before May 15, 2015

Send resume to: Abraham P. Abraham, Secretary, I.P.C Hebron Dallas, Inc.,P.O. Box 118561, Carrollton, TX 75011

OR

Email to: abrahampabraham1009@gmail.com

Tel: 972-492-0852 / 972-896-5423 (C)

## ഡോ.കോര സംസാരിക്കുന്നു



1. പി. വൈ. പി. എ. പ്രായ വിവാദത്തിനു കാരണക്കാർ ആരാണ് കോരെ

**– എബി കുമ്പനാട്**

*ചില അമ്മാവന്മാരെ പറ്റി കേട്ടിട്ടില്ലേ. ഇരിക്കുമ്പോഴും പാര മരിച്ചാലും പാര. ഇരുന്നിട്ടു പോയ ഏതോ അമ്മാവനാകാനാണ് സാധ്യത.*

2. ജനറൽ കൗൺസിൽ അംഗമായ പാസ്റ്ററെ ജനറൽ കൗൺസിൽ അംഗം തന്നെയായ വിശ്വാസി ഇടിച്ചത് കോര അറിഞ്ഞില്ലേ

**– ജോജി കുമ്പനാട്**

*കാത്തിരുന്നു ശക്തി പ്രാപിച്ചാൽ ഇങ്ങനെയും സംഭവിക്കുമെന്ന് ആദ്യമായിട്ടാണ് കേൾക്കുന്നത്. ആ ശക്തിയേതാണെന്ന് മാത്രം ഇനി കണ്ടുപിടിച്ചാൽ മതി.*

3. പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വേദിയിൽ തങ്കു എത്തിയതിനെപ്പറ്റി കോരയുടെ അഭിപ്രായം എന്താണ്?

**– മോൻസി തിരുവല്ല**

*പെന്തെക്കോസ്ത് എന്താണെന്ന് വിവരമില്ലാത്ത ബ്ലെയ്ഡുകാരൻ യൂദാപണി ചെയ്യുമ്പോൾ ഇവരുടെ വേദിയിൽ ആരൊക്കെ കയറിയിരിക്കുമെന്ന് വരുംകാലങ്ങളിൽ കണ്ടു മനസ്സിലാക്കാം. മുപ്പതുവെള്ളിക്കാശു കാണുമ്പോൾ ഒറ്റിക്കൊടുക്കുന്നതാണല്ലോ പാരമ്പര്യം.*

# എം. പി. എ. 2015 സമ്മേളനം സമാപിച്ചു

പാസ്റ്റർ റോയിസ് ചാക്കോ വർഗീസ്, മീഡിയ കോർഡിനേറ്റർ



*ഗ്ലാസ്ഗോ:* യു. കെ.യിലുള്ള മലയാളി പെന്തെക്കോസ്തു സമൂഹത്തിന്റെ കൂട്ടായ്മ ആയ എം. പി. എ. കോൺഫറൻസിന്റെ പന്ത്രണ്ടാം വാർഷീക സമ്മേളനം 2015 ഏപ്രിൽ 3,4,5 തീയതികളിൽ നടന്നു. എം. പി. എ. ലോക്കൽ കോർഡിനേറ്റർ പാസ്റ്റർ ജോൺ സാമുവേലിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച പ്രഥമ സമ്മേളനം പ്രസിഡന്റ് റവ. ജോ കുര്യൻ ഉദ്ഘാടനം ചെയ്തു.

"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പീൻ എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ ചിന്താവിഷയം. പാസ്റ്റർ പി. സി. ചെറിയാൻ, പാസ്റ്റർ മോസസ് യേശുപാദം എന്നിവർ ദൈവവചന പ്രഘോഷണം നടത്തി. സന്ദേശങ്ങൾ ഇവാഞ്ചലിസ്റ്റ് ജിറ്റ് ജോർജ്ജ് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി.

സ്കോട്ട്ലണ്ടിലുള്ള വിവിധ പെന്തെക്കോസ്തു സഭകൾ തമ്മിലുള്ള പുനരൈക്യതയ്ക്ക് ഈ സമ്മേളനം ഒരു മുഖാന്തിരമായി. വിവിധ സെക്ഷനുകൾക്ക് പാസ്റ്റർമാരായ ബാബു സക്കറിയ, ജി. സാമുവേൽ, ഡോണി ഫിലിപ്പ്, ബിനോയ് ഏബ്രഹാം, ജെയിംസ് കോശി, തോമസ് ജോർജ്ജ്, ജോൺ സാമുവേൽ, വർഗീസ് തോമസ്, സജി മാത്യു, സാം മാത്യു, ബ്രദർ ഗോഡ്ലീ ചെറിയാൻ, സിസ്റ്റർ റേച്ചൽ കോശി, സിസ്റ്റർ ശിമോനി കുര്യൻ എന്നിവർ നേതൃത്വം നൽകി.

അടുത്ത സമ്മേളനം 2016 മാർച്ച് 25,27 തീയതികളിൽ ലിവർ പൂളിൽ നടക്കും.

# സിൽവർ ജൂബിലി സുവനീർ പ്രസിദ്ധീകരിക്കുന്നു

ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭയുടെ വിദേശത്ത് ഏറ്റവും കൂടുതൽ സഭകളുള്ള റീജനായ ഐ. പി. സി. ഈസ്റ്റേൺ റീജിയൻ ഈ വർഷം സിൽവർ ജൂബിലി സുവനീർ പ്രസിദ്ധീകരിക്കുന്നു. ഈ റീജിയൻ രൂപം കൊണ്ടിട്ട് കാൽ നൂറ്റാണ്ട് തികയുന്ന ഈ വർഷം റീജിയന്റെ ചുമതലയിൽ നടക്കുന്ന ജൂബിലി കൺവൻഷനിൽ സുവനീർ പ്രകാശനം ചെയ്യും. റീജിയന്റെ 25 വർഷത്തെ ചരിത്രം; റീജിയനിലുള്ള സഭകളുടെ ചരിത്രം; സഭാശുശ്രൂഷകരുടെ വിവരങ്ങൾ; യുവജന മീറ്റിംഗുകളുടെ (പി. വൈ. പി. എ.) ആരംഭവും വളർച്ചയും; സണ്ടേസ്കൂളിന്റെ ചരിത്രം, സഹോദരീ സമാജത്തിന്റെ പ്രവർത്തനചരിത്രം, റീജിയന്റെ രൂപീകരണത്തിന് നേതൃത്വം നൽകിയ ആരംഭകാല പ്രവർത്തകരുടെ വിവരങ്ങളും ഓർമ്മക്കുറിപ്പുകളും ഉൾപ്പെടുത്തി മൾട്ടികളറിൽ പുറത്തിറക്കുന്ന മനോഹരമായ സ്മരണികയിലേക്ക് ബിസിനസ്സ് പരസ്യങ്ങളും കോംപ്ലിമെന്റും ക്ഷണിച്ചുകൊള്ളുന്നു. കൂടാതെ പ്രശസ്തനായ എഴുത്തുകാരുടെ ഈടുറ്റ നിരവധി ലേഖനങ്ങളും ഇതിൽ ഉൾപ്പെടുത്തുന്നതാണ്. റീജിയനിലുള്ള വിശ്വാസികൾക്കും സഭാശുശ്രൂഷകർക്കും ലേഖനങ്ങൾ എഴുതുവാൻ താല്പര്യമുള്ളവർക്ക് ഒരു പേജിൽ കവിയാതെ (പ്രിന്റ് ചെയ്യുമ്പോൾ)യുള്ള ലേഖനങ്ങൾ എഴുതി അയച്ചുതരുവാൻ അഭ്യർത്ഥിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലും എഴുതാം. എഡിറ്റോറിയൽ ബോർഡ് തിരഞ്ഞെടുക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. റീജിയനിലുള്ള ലോക്കൽ സഭകളുടെ ചരിത്രം (കൂടിയാൽ രണ്ട് പേജ്) നേരത്തെയും ഇപ്പോഴത്തെയും സഭാശുശ്രൂഷകരുടെ ഫോട്ടോയും സഭയ്ക്ക് സ്വന്തമായി ആരാധനാലയം ഉണ്ടെങ്കിൽ അതിന്റെ മുമ്പിൽ നിന്ന് സഭയുടെ ഫോട്ടോയും ഉൾപ്പെടുത്തി അയച്ചു തരിക. വ്യക്തികളുടെയോ കുടുംബങ്ങളുടെ ഫോട്ടോയും സപ്ലിമെന്റും സുവനീറിൽ ഉൾപ്പെടുത്തുന്നതാണ്. എല്ലാ മാറ്ററുകളും മെയ് 31 മുമ്പ് ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയച്ചു കൊടുക്കുക. വിലാസം ഉമ്മൻ എബനേസർ, സിക്സ് അർലിങ്കൻ ഡ്രൈവ്; ഫോർഡ്സ്; ന്യൂജേഴ്സി) 08863 (Oommen Ebenezer; 6 Arlington Drive; FORDS; N.J. 08863). oommenebenezer@hotmail.com-732-225-2458.

പരസ്യനിരക്കുകൾക്കും കൂടുതൽ വിവരങ്ങൾക്കും റീജിയൻ വെബ്സൈറ്റ് (www.ipcnortham-erica.com) സന്ദർശിക്കുകയോ ചീഫ് എഡിറ്ററെയോ റീജിയൻ ഭാരവാഹികളെയോ ബന്ധപ്പെടുക.

# സ്റ്റുഡൻസ് കാർണിവൽ സമാപിച്ചു



ഇരവിപേരൂർ: ചർച്ച് ഓഫ് ഗോഡ് ഇരവിപേരൂർ സഭയുടെയും എക്സൽ മിനിസ്ട്രീസിന്റെയും ആഭിമുഖ്യത്തിൽ 6 ദിവസങ്ങളിലായി ഇരവിപേരൂർ ദൈവസഭ ഹാളിൽ നടന്നു വന്ന സ്റ്റുഡൻസ് കാർണിവൽ – 2015 സമാപിച്ചു. ദേശീയ സമതിയംഗം പാസ്റ്റർ തോമസ് എം. പുളിവേലിൽ അദ്ധ്യക്ഷത വഹിച്ചു. സമാപന സമ്മേളനം അഡ്വ: കെ. ശിവദാസൻ നായർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പാസ്റ്റേഴ്സ് കെ.ഓ. ഉമ്മൻ, സാംകുട്ടി മാത്യു, ജെയ്സ് പാണ്ടനാട്, ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, സന്തോഷ് കെ. തോമസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മോളി മാത്യൂ, ബ്രദർ സി.പി. വർഗീസ്, ചാക്കോ എബ്രഹാം, ജോമോൻ ജെ.സഖറിയ, വൈ. റോബിൻസൺ, ജോയ്സ് പി. ജോൺ എന്നിവർ പ്രസംഗിച്ചു. സമാപന റാലി തിരുവല്ല സി.ഐ ശ്രീ. വിനോദ് കൃഷ്ണ ഫ്ളാഗ് ഓഫ് ചെയ്തു. പ്രോഗ്രാമുകളിലെ വിജയികൾക്കും സംബന്ധിച്ച എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. 300–ളം വിദ്യാർത്ഥികൾ സംബന്ധിച്ച കാർണിവലിൽ 89 പേർ രക്ഷിക്കപ്പെട്ടു.

# ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷൻ സമാപിച്ചു

ജോൺസ് പി.മാത്യു



ടെന്നസ്സി: മെയ് 1,2,3 തീയതികളിൽ ചാറ്റന്യൂഗ വെസ്ലിയൻ ചർച്ചിൽ നടന്ന സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷന് അനുഗ്രഹ സമാപ്തി. പാസ്റ്റർ എ.സി ഉമ്മൻ ഉദ്ഘാടനം നിർവ്വഹിച്ച കൺവൻഷനിൽ പാസ്റ്റർമാരായ ജെയിംസ് ജോർജ്, ജോയി എബ്രഹാം, മോറീസ് സാംസൺ തുടങ്ങിയവർ പ്രസംഗിച്ചു. പിസിനാക്കിന്റെയും ഐപിസി ഫാമിലി കോൺഫറൻസിന്റെയും ഭാരവാഹികളെ കൂടാതെ അനേക ദൈവദാസൻമാരും സന്നിഹിതരായിരുന്നു. ശനിയാഴ്ച പകൽ നടന്ന ലേഡീസ് മീറ്റിംഗിൽ സിസ്റ്റർ ഏലിയാമ്മ ഉമ്മൻ അദ്ധ്യക്ഷ ആയിരുന്നു. ഞായറാഴ്ച നടന്ന സംയുക്ത ആരാധനയ്ക്ക് പാസ്റ്റർ ജോയി എബ്രഹാം അധ്യക്ഷത വഹിച്ചു. റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ കർത്തൃമേശയ്ക്ക് നേതൃത്വം നല്കി. പാസ്റ്റർ വി.പി ജോസ് മുഖ്യസന്ദേശം നല്കി. ഐപിസി ഫാമിലി കോൺഫറൻസിന്റെ ഭാരവാഹികളായ പാസ്റ്റർ അലക്സ് വെട്ടിക്കൽ, ജോയ് തുമ്പമൺ, നെബു സ്റ്റീഫൻ, ചാക്കോ സ്റ്റീഫൻ എന്നിവരെ കൂടാതെ ഫ്ളോറിഡ, ജോർജിയ, സൗത്ത് കരോലിന, ടെന്നസ്സി തുടങ്ങിയ സഭകളിലെ വിശ്വാസികളും യോഗത്തിൽ പങ്കെടുത്തു. പാസ്റ്റർ ഫിലിപ്പ് ചെറുകര സ്വാഗതവും രാജൻ ആര്യപ്പള്ളി നന്ദിയും അറിയിച്ചു.

# പി.സി.നാക്ക് ടെന്നസ്സി പ്രമോഷണൽ മീറ്റിംഗ് നടന്നു



ചാറ്റന്യൂഗ (ടെന്നസ്സി): ജൂലൈ 2 –5 വരെ സൗത്ത് കരോലിനായിൽ വെച്ച് നടക്കുന്ന നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്തൽ കോൺഫറൻസിന്റെ പ്രമോഷണൽ മീറ്റിംഗ് ചാറ്റന്യൂഗയിൽ ഏപ്രിൽ 25–ന് നടന്നു. ചാറ്റന്യൂഗ ക്രിസ്ത്യൻ അസംബ്ലിയിൽ വെച്ച് നടന്ന മീറ്റിംഗിൽ കൺവീനർ റവ. ബിനു ജോൺ, ട്രഷറാർ റെജി എബ്രഹാം എന്നിവർ പങ്കെടുത്തു. പിസിനാക്കിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ കുറിച്ച് കൺവീനർ റവ. ബിനു ജോൺ വിവരിച്ചു. റവ. കോശി വൈദ്യൻ, കെ.വി. ജോസഫ്, തോമസ് ജോൺസൺ, പാസ്റ്റർ സി. സി. തോമസ് തുടങ്ങിയവർ ആശംസ അറിയിച്ചു. പാസ്റ്റർ വി.പി. എബ്രഹാം അധ്യ

04

PHILADELPHIA PENTECOSTAL CHURCH OF DALLAS (IPC)

2915 Broadway Blvd., Garland TX 75041

PASTOR NEEDED

Philadelphia Pentecostal Church of Dallas is seeking a fulltime Pastor with the following credentials:

**Qualifications:**

- At least 5 years of Pastoral experience in the U.S.
- Bachelor's Degree in Theology
- At least 35 years of age and be married
- Fluent in both English and Malayalam
- US Citizen or US Permanent Resident

For more information including the benefits, please visit ppcdchurch.org or contact any one of the following Pastor selection board members.

E-mail resume to: ppcdpastorselection@gmail.com

Joe Mathews (214) 498-9055 or
Reji Koshy (214) 517-8037

പ്രതികരണം

# പ്രതിസന്ധി സൃഷ്ടിക്കുന്ന ലെറ്റർ പാഡ് സംഘടനകൾ – ചിലതു കൂടി

റോബിൻ സാമുവേൽ
മുകളേത്ത്, തുവയൂർ

മാർച്ച് 10 ലക്കത്തിൽ ജെയ്സ് പാണ്ടനാട് എഴുതിയ കവർ സ്റ്റോറി മികച്ചതായിരുന്നു. മിഷൻ സംഘടനകൾ എന്ന പേരിൽ ലെറ്റർ പാഡ് സംഘടനകൾ കാണിച്ചു കൂട്ടുന്ന വിക്രിയകളെ തുറന്നു കാട്ടുന്നതിന് ഈ ലേഖനം ഉപകരിച്ചിട്ടുണ്ട്. സുവിശേഷീകരണം എന്ന പ്രധാന ലക്ഷ്യത്തെക്കാളുപരി സാമ്പത്തികനേട്ടവും അധികാരവുമൊക്കെയാണ് ഇതിൽ പല സംഘടനകളുടെയും ലക്ഷ്യം. പെരുപ്പിച്ച മിഷൻ കണക്കുകൾക്കും സുവിശേഷീകരണ ലക്ഷ്യങ്ങൾക്കപ്പുറം വിദേശ വരുമാനം തന്നെയാണ് ഈ സംഘടനകൾ ലക്ഷ്യമിടുന്നതും.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വെബ്സൈറ്റ് സന്ദർശിച്ചാൽ (www.mha1.nic.in/fera.-html) ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്ത് വരുന്നത്. കേരളത്തിലേതുൾപ്പെടെയുള്ള മിഷൻ സംഘടനകൾക്ക് ലഭിക്കുന്ന വിദേശ വരുമാനത്തിന്റെ കണക്കുകളും അവ ചെലവഴിക്കുന്ന രീതികളും പല മിഷൻ സംഘടനകളുടെയും പൊള്ളത്തരം പുറത്ത് കൊണ്ടുവരുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ചട്ടമനുസരിച്ച് വിദേശ ധനസഹായം സ്വീകരിക്കുന്നതിന് ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും FCRA രജിസ്ട്രേഷൻ എടുക്കേണ്ടതും വാർഷിക വരവ് ചെലവ് കണക്കുകൾ സമർപ്പിക്കേണ്ടതുമാണ്. ഈ കണക്കു സമർപ്പിക്കലാണ് വ്യാപകമായ തിരിമറികൾ നടക്കുന്നത്. ചില വർഷങ്ങൾ മുമ്പു വരെ ചെലവു കണക്കു മാത്രം സമർപ്പിച്ചാൽ മതിയായിരുന്നെങ്കിൽ ഇന്ന് തുക ചെലവഴിച്ചത് ഏത് സ്ഥലത്തൊക്കെയാണെന്നു കൂടി നൽകേണ്ടതുണ്ട്. ഇക്കാരണം പെട്ടെന്ന് കണ്ടുപിടിക്കാൻ കഴിയും.

കേരളത്തിലെ മുഖ്യധാരാ പെന്തക്കോസ്ത് സഭകൾ, പൗരോഹിത്യ സഭകൾ, മുസ്ലീം സംഘടനകൾ, ബൈബിൾ കോളേജുകൾ തുടങ്ങി ക്രൈസ്തവ ലേബലിലുള്ള നിരവധി പേപ്പർ സംഘടനകൾ വരെ ഇത്തരത്തിൽ വിദേശധനസഹായം പറ്റുന്നവയിലുണ്ട്. കേരളത്തിൽ ഇത്തരത്തിൽ ഏറ്റവും കൂടുതൽ തുക കൈപ്പറ്റുന്നത് അമൃതാനന്ദമയി മഠവും, ബിഷപ്പ് കെ.പി.യോഹന്നാന്റെ സംഘടനകളും ആണ്. ബിലീവേഴ്സ് ചർച്ചിനും ഗോസ്പൽ ഫോർ ഏഷ്യക്കും ലഭിക്കുന്നത് ഒരുമിച്ചു കൂട്ടിയാൽ മഠത്തെ കടത്തി വെട്ടും എന്നതും വസ്തുതയാണ്. പെന്തക്കോസ്ത് സംഘടനകൾക്കെന്ന പോലെ പൗരോഹിത്യ സഭകൾക്കും വിദേശ ഫണ്ട് ലഭിക്കുന്നുണ്ട്. പക്ഷെ പൗരോഹിത്യ സഭകൾ സ്വന്തമായി സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ച് തങ്ങളുടെ ഭാഗം ന്യായീകരിക്കുന്നുണ്ട്.

പലപെന്തക്കോസ്ത് സഭകളുടെയും സുവിശേഷ സംഘടനകളുടെയും കണക്ക് പരിശോധിക്കുന്നത് രസാവഹമാണ്. വിശ്വാസികൾ സംഭാവന നല്കി കൺവൻഷൻ നടത്തുന്ന സഭകളിൽ. സ്വന്തമായി ആരാധനാലയങ്ങളും സെമിത്തേരികളുമില്ലാത്ത പ്രാദേശിക സഭകളുള്ളപ്പോഴും കൺവൻഷൻ നടത്തുന്നതിനും പ്രാദേശിക സഭകൾക്ക് കെട്ടിടം നിർമ്മിച്ചതിന്റെയും കണക്ക് കാണിച്ചിരിക്കുന്നത് കണ്ടാൽ അന്തം വിടും. സുവിശേഷ സംഘടനകൾ ചെലവുകണക്കിൽ ആടുവളർത്തലിനും പശുവളർത്തലിനുമൊക്കെ ചെലവഴിച്ച കണക്കുകളും കാണാവുന്നതാണ്. പല സുവിശേഷ സംഘടനകളും സ്വകാര്യ ട്രസ്റ്റുകളായി മാത്രം മാറിയിരിക്കുന്നു എന്നതു ചർച്ച ചെയ്യപ്പെടേണ്ടതാണ്.

വിദേശത്തു നിന്നും 'പണം വരുത്തുക' എന്ന ലക്ഷ്യത്തോടു കൂടി കുമ്പനാട്ടെയും തിരുവല്ലയിലെയും കോട്ടയത്തെയുമൊക്കെയുള്ള വിലാസങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കടലാസ് സംഘടനകളും നിരവധിയാണ്. ഇതിൽ പല സംഘടനകളെയും തിരക്കി ചെന്നാൽ പലരും 'വീട്ടിൽ' മാത്രം പ്രവർത്തിക്കുന്ന സംഘടനകളാണെന്ന് കാണാൻ കഴിയും. ഒരേ വീട്ടു വിലാസത്തിൽ പല മിഷൻ സംഘടനകൾ പ്രവർത്തിക്കുന്നതും കാണാവുന്നതാണ്. തിരുവല്ലയിൽ പേരു കൊണ്ടു മാത്രം പാസ്റ്റർമാരുടെ മക്കൾക്ക് ധനസഹായം നല്കുന്ന ഒരു പേപ്പർ സംഘടനയും ലക്ഷങ്ങളാണ് വർഷവും വിദേശ സഹായം പറ്റുന്നത്.

കൂണുപോലെ മുളച്ചു പൊന്തുന്ന ചില ബൈബിൾ കോളജുകൾ പോലും സംശയിക്കപ്പെടേണ്ടിയിരിക്കുന്നു. വർഷങ്ങളുടെ പാരമ്പര്യമുള്ള ഒരു സെമിനാരി തുക ചെലവഴിച്ചിരിക്കുന്ന കണക്കുകൾ കണ്ടാൽ ചിരിവരും. ബൈബിൾ സെമിനാരിയുടെ പേരിൽ ഏക്കറു കണക്കിന് ഭൂമി വാങ്ങിയെന്നാണ് കണക്ക്. പക്ഷെ ഭൂമി വാങ്ങിയതായി അവിടെയാർക്കും അറിവില്ല. ഇതുപോലെ തന്നെയാണ് ഒരു പ്രത്യേകസ്ഥലത്തു മാത്രം ജീവകാരുണ്യ പ്രവർത്തനമായി വിദ്യാർത്ഥികൾക്ക് ധനസഹായം നല്കിയെന്നുള്ള കണക്കും.

മറ്റൊന്നാണ് വടക്കേ ഇൻഡ്യയിൽ 'സുവിശേഷ വേല'യിലായിരിക്കുന്ന കേരളത്തിൽ നിന്നുള്ള ചില പേപ്പർ സംഘടനകൾ. സുവിശേഷത്തിനുവേണ്ടി വടക്കേയിന്ത്യയിൽ ഗ്രാമങ്ങളിൽ കഷ്ടപ്പെടുന്ന നിരവധി സുവിശേഷ പ്രവർത്തകർക്ക് കൂടി അപമാനമാണിവർ. വടക്കേ ഇൻഡ്യൻ ഗ്രാമങ്ങളിലെ സുവിശേഷ പ്രവർത്തനം എന്ന പേരിൽ നഗരങ്ങളോടു ചേർന്ന് ഭൂമി വാങ്ങി 'മിഷൻ' ഇല്ലാത്ത മിഷൻ ആശുപത്രികളും സ്ഥാപനങ്ങളുമുണ്ടാക്കി, വടക്കേ ഇൻഡ്യയിൽ ഗ്രാമങ്ങളിലെ സുവിശേഷ പ്രവർത്തനങ്ങളെ സഹായിക്കുക എന്ന് വായ്ത്താരി മുഴക്കുകയാണിവർ. ഇത്തരം പ്രവർത്തനങ്ങൾ എതിർക്കേണ്ടതും ചോദ്യം ചെയ്യപ്പെടേണ്ടതുമാണ്.

ആധുനിക വാർത്താവിനിമയ സൗകര്യങ്ങളുടെ വരവോടെ ഇത്തരം കാട്ടിക്കൂട്ടലുകളുടെ പൊള്ളത്തരം തുറന്നു കാട്ടാവുന്നതേയുള്ളു. ഇവിടെ ശക്തമായി ഇടപ്പെടേണ്ട മാധ്യമങ്ങൾ മടിച്ചു നില്ക്കുന്നതാണ് കാണുന്നത്. വിവരവകാശം പോലുള്ള നിയമം പാസാക്കി പൗരന് എന്തും അറിയാനുള്ള അവകാശം നടപ്പിലാക്കിയ രാജ്യത്ത് മിഷൻ സംഘടനകളും സുതാര്യമാകേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും സാമ്പത്തിക കാര്യങ്ങളിൽ.

വൻ തോതിൽ വിദേശസഹായം പറ്റുന്ന പല മിഷൻ സംഘടനകളും ദൗത്യം മറക്കുകയും കണക്കു കൊണ്ടുള്ള കളികളും റിപ്പോർട്ടുകളുമായി മുമ്പോട്ടു പോവുകയാണ്. തീവ്ര വർഗീയ നിലപാടുകളുള്ള പല ഗ്രൂപ്പുകളും ഇവരെ നിരീക്ഷിക്കുകയും തങ്ങളുടെ വെബ് സൈറ്റുകളിൽ വാർത്തകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇന്റർനെറ്റിൽ പരതിയാൽ പല മിഷൻ സംഘടനകളെയും ഇവർ പേരെടുത്ത് വിമർശിക്കുന്നുണ്ട്. അഫ്ഗാനിസ്ഥാനിൽ നിന്നും പോലും സുവിശേഷത്തിന് പണം ലഭിക്കുമ്പോൾ അവിടുന്ന് ഏത് സുവിശേഷ സ്നേഹിയാണ് കാശയച്ചതെന്ന് പറയാനാകാതെ സംഘടനകൾ തപ്പിത്തടയുകയാണ്. കണ്ണടച്ച് പാലുകുടിക്കുമ്പോൾ ആരുമറിയില്ലെന്ന് കരുതുന്ന ഇക്കൂട്ടർ തങ്ങൾ സർക്കാരിന്റെയും സുവിശേഷ വിരോധികളുടെയും നിരീക്ഷണത്തിലാണെന്ന് ഒരു പക്ഷെ അറിയാതെ പോവുകയാണ്.

ഇത്തരം സാഹചര്യത്തിലാണ് പ്രതിസന്ധി സൃഷ്ടിക്കുന്ന ലറ്റർപാഡ് സംഘടനകൾ എന്ന ലേഖനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നതും.

## ബഥേൽ സെമിനാരി കൺവൻഷൻ



വഞ്ചികപ്പാറ കൺവൻഷനിൽ സെമിനാരി രജിസ്ട്രാർ പാസ്റ്റർ തോമസ് മാത്യു പ്രസംഗിക്കുന്നു

ചുങ്കപ്പാറ: മന്ദമരുതി ബഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരിയുടെ ആഭിമുഖ്യത്തിൽ വഞ്ചികപ്പാറയിൽ 2015 ഏപ്രിൽ 6,7 തീയതികളിൽ സുവിശേഷയോഗങ്ങൾ നടത്തപ്പെട്ടു. ഡോ. സാബു പോൾ (ബി.ഐ.റ്റി.എസ്. പ്രിൻസിപ്പാൾ ഇൻചാർജ്ജ്), പാസ്റ്റർ തോമസ് മാത്യു (രജിസ്ട്രാർ) എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു. ബഥേൽ മെലഡീസ്, മന്ദമരുതി ഗാനശുശ്രൂഷ നയിച്ചു. പാസ്റ്റർമാരായ പ്രിസ്റ്റലി വർഗീസ്, മനോജ് മാത്യു, സുവി: റെജി കെ. കെ. എന്നിവർ നേതൃത്വം നൽകി.

## 01 ആരാധനാലയങ്ങളുടെ ....

മുൻകരുതൽ നടപടികളും പരിസ്ഥിതിവകുപ്പ് നിർദ്ദേശിച്ചു. ഉച്ചഭാഷിണികൾ ആരാധനാലയങ്ങളുടെ പരിധിക്കുള്ളിൽ പ്രവർത്തിപ്പിക്കണമെന്ന കോടതിവിധി നടപ്പാക്കാൻ ആഭ്യന്തരവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മതപരമായ ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും ഉച്ചഭാഷിണികൾ അനിയന്ത്രിതമായി ഉപയോഗിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്ന് സുപ്രീം കോടതിയും ഹൈക്കോടതിയും നൽകിയിട്ടുള്ള ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് നിർദ്ദേശം.

## സോദരീസമാജം മേഖലാ പ്രവർത്തനോദ്ഘാടനം

കൊട്ടാരക്കര: ഐ.പി.സി സോദരീസമാജം കൊട്ടാരക്കര മേഖലാ പ്രവർത്തനോദ്ഘാടനം 2015 ഏപ്രിൽ 14 ചൊവ്വാഴ്ച രാവിലെ 9.30ന് കൊട്ടാരക്കര ബേർശേബ ഹാളിൽ നടന്നു. പാസ്റ്റർ ദാനിയേൽ ജോർജിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സാം ജോർജ് മുഖ്യ സന്ദേശം നൽകി. 11 മണി മുതൽ നടന്ന പ്രാർത്ഥന സമ്മേളനത്തിന് പാസ്റ്റർ തോമസ് മാത്യു നേതൃത്വം നൽകി.

## 01 പെന്തെക്കോസ്ത് – ദുരുപദേശ സഖ്യം....

കള്ളനു വാതിൽ തുറന്നുകൊടുക്കുന്ന ഇത്തരം കാവൽക്കാരാണ് പെന്തെക്കോസ്തിന്റെ ശാപം. ഒരു ഊണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിന്റെ മനസ്ഥിതിയുള്ളവർ ഉപദേശം വിറ്റ് കാശാക്കുന്നവരാണ്. സഭയാകുന്ന മുന്തിരിത്തോട്ടത്തെ ചീരത്തോട്ടമാക്കാൻ ആഹാബിനു കൂട്ടുനിൽക്കുന്ന ദ്രവ്യാഗ്രഹികൾ ജനത്തെ പേച്ചൂര തീറ്റിക്കുകയാണ്. "ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ സ്വീകരിക്കരുത്; അവനുമായി കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവർത്തികൾക്ക് കൂട്ടാളിയല്ലോ" (2 യോഹന്നാൻ: 10). "എന്നാൽ സഹോദരൻ എന്ന് പേരുകേട്ട അശുദ്ധനോട് സംസർഗ്ഗം അരുത്" (1 കൊരിന്ത്യർ 5:11). മുഖ്യധാര പെന്തെക്കോസ്തിന്റെ ഭാഗമായി നിന്നുകൊണ്ട് ജനത്തെ വഞ്ചിക്കുന്ന ആട്ടിൻതോലിട്ട ചെന്നായ്ക്കളെ ജനം തിരിച്ചറിയണം. ഇങ്ങനെയുള്ളവരെ നമ്മുടെ വേദികളിൽ നിന്നും അകറ്റി നിർത്തണം. പാസ്റ്റർമാരായ ബി. മോനച്ചൻ, കെ. ജെ. തോമസ്, രാജു മേത്ര എന്നിവർ ഈ യോഗങ്ങളിൽ നിന്നു പിന്മാറിയതായി അറിയുന്നു.

## 12 മാധ്യമവിചാരം....

ഈ ലേഖകൻ സ്വന്തം പത്രാധിപത്യത്തിൽ പൊതുജനങ്ങളെ ലക്ഷ്യമിട്ട് 'സമന്വയ ദർശനം' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. കേരളത്തിലെ ന്യൂസ് സ്റ്റാന്റുകൾ വഴിയാണ് വിതരണം. വായനക്കാരേറെയും ക്രൈസ്തവലോകത്തിന് പുറത്തുള്ളവർ. അവരെ ആത്മീയ ലോകത്തിന്റെ പുഴുക്കുത്തുകൾ അറിയിക്കാതെ ബൈബിൾ സന്ദേശത്തിന്റെ പരിധിയിൽ നിന്നുള്ള മാധ്യമപ്രവർത്തനമാണ് നടത്തുന്നത്. എന്നാൽ തങ്കുവിനെപ്പോലുള്ള ആത്മീയ കോർപ്പറേറ്റുകളെ പെന്തക്കോസ്ത് സഭകളിലേയ്ക്ക് വലിച്ചുകയറ്റി കൂട്ടുകൃഷി നടത്താനാണ് പി.സി.ഐ ശ്രമിക്കുന്നതെങ്കിൽ പുറംലോകം അറിയും പി.സി.ഐയുടെ ഇരട്ടത്താപ്പുകൾ. പി.സി.ഐയിൽ ഈ ലേഖകന് ആത്മാർത്ഥ ബന്ധമുള്ള പല സുഹൃത്തുക്കളുമുണ്ട്. അത്തരം മാന്യത നിമിത്തമുള്ള സംയമനം ദൗർബല്യമായി കാണരുത്. ഇത്തരക്കാരെ അകറ്റുന്നില്ലെങ്കിൽ അതിന്റെ തിക്താനുഭവങ്ങൾ ഗുരുതരമായിരിക്കും. ക്രൂശിക്കപ്പെട്ട ക്രിസ്തു പരാജയമാണെന്ന വിവരക്കേട് തട്ടിവിട്ട തങ്കു എന്ന കുരിശിനെ ചുമക്കേണ്ട ഗതികേടിൽ നിന്ന് പി.സി.ഐ തിരിഞ്ഞു നടന്നേ പറ്റൂ.

## ഐ.പി.സി. സ്റ്റേറ്റ് ഉപവാസ പ്രാർത്ഥന സമാപിച്ചു



കുമ്പനാട്: പ്രതിസന്ധികളെ അതിജീവിക്കാൻ ദൈവീക സാന്നിധ്യവും പരിശുദ്ധാത്മാവിന്റെ നിറവും അനിവാര്യമാണെന്ന് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. രാജ്യത്തിന്റെ സമാധാനത്തിനും ആത്മീയ വിടുതലിനുമായി ഐ.പി.സി കേരളാ സ്റ്റേറ്റ് സംഘടിപ്പിച്ച 21 ദിന ഉപവാസ ഉണർവ്വ് സമ്മേളനത്തിൽ സമാപന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ക്രൈസ്തവ സമൂഹത്തിന് നേരെ ലോകമെങ്ങും എതിർപ്പുകൾ വർദ്ധിക്കുമ്പോഴും സഹനത്തിന്റെ പ്രവർത്തിയാണ് യേശുക്രിസ്തു പഠിപ്പിച്ചതെന്ന് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. പ്രകൃതി ദുരന്തങ്ങളാൽ ദുരിതമനുഭവിക്കുന്ന നേപ്പാളിനെയും വടക്കേ ഇൻഡ്യയിലെയും ജനങ്ങൾക്ക് വേണ്ടി പ്രാർത്ഥന നടത്തി. സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ്, വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല, സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ്, ട്രഷറർ സണ്ണി മുളമൂട്ടിൽ, പാസ്റ്റർ വർഗീസ് ബേബി എന്നിവർ പ്രസംഗിച്ചു.

# ബെംഗളൂരു എബനേസറിൽ B.Sc നേഴ്സിംഗ് പഠനത്തിന് 3 ലക്ഷം രൂപ മാത്രം

പ്രശസ്തമായ ബെംഗളൂരു എബനേസർ ഗ്രൂപ്പ് ഓഫ് എഡ്യൂക്കേഷനിൽ B.Sc നേഴ്സിംഗ് പഠനത്തിന് (ട്യൂഷൻ ഫീസ്, ഹോസ്റ്റൽ, ഭക്ഷണം ഉൾപ്പെടെ) ആകെ ചെലവ് മൂന്നുലക്ഷം രൂപ മാത്രം.

പെന്തെക്കോസ്ത് വിശ്വാസികളാൽ നടത്തപ്പെടുന്ന ഈ സ്ഥാപനം കർണ്ണാടക സംസ്ഥാനത്തിലെ പ്രശസ്തമായ നേഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനമാണ്. കോളേജിൽ ക്യാമ്പസിൽ തന്നെയുള്ള ഐ. പി. സി. സഭയുടെ ചുമതലയിൽ ആത്മീയ ആരാധന നടക്കുന്നു.

പഠനത്തിന് അനുയോജ്യമായ ശാന്തമായ അന്തരീക്ഷം ഈ സ്ഥാപനത്തിന്റെ മികച്ച പ്രത്യേകതയാണ്. വിശാലമായ ക്ലാസ്സ് മുറികളും, ലബോറട്ടറി സൗകര്യങ്ങളും ഇവിടെ ഒരുക്കിയിരിക്കുന്നു.

കേരളീയ ഭക്ഷണം വിദ്യാർത്ഥികൾക്ക് ലഭിക്കും. മികച്ച പഠനസൗകര്യവും പ്രഗത്ഭരായ അധ്യാപകരുടെ സേവനവും ഈ വർഷം ഉറപ്പാക്കിയിട്ടുണ്ടെന്നും എബനേസർ ഗ്രൂപ്പ് ഓഫ് എഡ്യൂക്കേഷൻ ചെയർമാൻ പാസ്റ്റർ എൻ. കെ. ജോർജ്ജ് അറിയിച്ചു. ഇടനിലക്കാരില്ലാതെ നേരിട്ട് ബന്ധപ്പെടുന്നവർക്കു മൂന്നുലക്ഷം രൂപ ഫീസ് നിരക്കിൽ അഡ്മിഷൻ ലഭിക്കും. അർഹരായ കുട്ടികൾക്ക് ഫീസിനത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. അഡ്മിഷൻ സംബന്ധമായ കാര്യങ്ങൾ അറിയുന്നതിനായി എബനേസർ നേഴ്സിംഗ് കോളജ് മാനേജരുമായോ ചെയർമാനുമായോ ഫോണിൽ ബന്ധപ്പെടാവുന്നതാണ്.

ഫോൺ: 09448476968, 09886383410

The Administrator
Eben-Ezer Institutions
No: 19, Ebenezer Nagar,
Kothanur P.O.,
Bengaluru - 560 077

ADVT.

# കാരുണ്യം തേടുന്നു

പത്തനംതിട്ട ജില്ലയിൽ മുക്കൂട്ടുതറ ഇൻഡ്യാ പൂർണ്ണ സുവിശേഷ ദൈവസഭാംഗമായ ലാലി എന്ന സഹോദരി കഴിഞ്ഞ 6 വർഷമായി കുടലിൽ കാൻസർ രോഗത്താൽ ഭാരപ്പെടുന്നു. കുടലിന് ഒരു മേജർ ഓപ്പറേഷൻ കഴിഞ്ഞ് ഇപ്പോൾ മലസഞ്ചിയിലാണ് വിസർജ്ജനം ശേഖരിക്കുന്നത്. തിരുവനന്തപുരം RCC യിൽ നിന്നും 24 കിമോയും 28 റേഡിയേഷനും ചെയ്തു. ഇപ്പോൾ 7 ലക്ഷം രൂപയുടെ കടബാധ്യതയിലാണ് ആയിരിക്കുന്നത്. തുടർന്ന് മെയ് 16–ാം തീയതി അടുത്തമേജർ ഓപ്പറേഷൻ വൻകുടലിന് ചെയ്യുവാൻ തീയതി നിശ്ചയിച്ചിരിക്കുന്നു. സാമ്പത്തീകമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബത്തിന് ഇത് താങ്ങുവാൻ സാധ്യമല്ല. ഏകദേശം 2 ലക്ഷം രൂപ ഉണ്ടെങ്കിൽ മാത്രമേ ഈ ഓപ്പറേഷൻ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഈ അവസ്ഥയിൽ ദൈവമക്കളുടെ പ്രാർത്ഥനയും സഹായസഹകരണവും ഉണ്ടാകണമെന്ന് മാന്യവായനക്കാരോട് അപേക്ഷിക്കുന്നു.

സഹായം അയ്ക്കുവാൻ താല്പര്യപ്പെടുന്നവർ

**ലാലി സജി, Phone No: 8606547490**
**SBT A/c No: 33862572086, Vechuchira,**
**IFSC code: SBIN 0007254**

# നിത്യതയിൽ



**മറിയാമ്മ വർഗീസ് (95)**

മേപ്രാൽ: പനച്ചയിൽ പരേതനായ ഗീവർഗീസിന്റെ ഭാര്യ മറിയാമ്മ വർഗീസ് (95) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം മേപ്രാൽ ഐ.പി.സി ഹെബ്രോൻ സെമിത്തേരിയിൽ നടത്തി. മേപ്രാൽ വാണിയപ്പുരയ്ക്കൽ കുടുംബാംഗമാണ്.

മക്കൾ: വർഗീസ് വർഗീസ്, പാസ്റ്റർ പി.വി. ജോസഫ്, പാസ്റ്റർ പി.വി.ഐസക്ക്, പരേതനായ പാസ്റ്റർ പി.വി. സാമുവേൽ. മരുമക്കൾ: കുഞ്ഞുമോൾ, കുഞ്ഞുമോൾ, അമ്മിണി, അമ്മിണി

# സെമിനാർ

**തിരുവല്ല:** ഐ. പി. സി. സെന്റർ സൺഡേസ്കൂൾ സംഘടിപ്പിക്കുന്ന കരിയർ ഗൈഡൻസ് സെമിനാർ മെയ് 9 ശനിയാഴ്ച രാവിലെ 9 മുതൽ 1 വരെ തിരുവല്ല മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടനം ചെയ്യും. കരിയർ ഗൈഡൻസ് വിദഗ്ദൻ കെ.സി.ജോബി ക്ലാസെടുക്കും. സൂപ്രണ്ട് പാസ്റ്റർ എം. മാത്യു അദ്ധ്യക്ഷത വഹിക്കും.

# കാരുണ്യം തേടുന്നു

കൊല്ലം ജില്ലയിൽ കുമ്മല്ലൂർ പ്രെയർ ഫെലോഷിപ്പ് ഇൻ ക്രൈസ്റ്റ് ചർച്ചിലെ വിശ്വാസിയായ ജോളി ഭവനിൽ കോശി ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബത്തിലെ അംഗമായ ഈ സഹോദരൻ ചികിത്സയ്ക്കായുള്ള ഭാരിച്ച ചെലവുകൾ താങ്ങുവാൻ കഴിയാത്ത നിലയിലാണ്. ഇദ്ദേഹം കൂലിപ്പണി ചെയ്തായിരുന്നു ദൈനംദിന ചെലവുകൾ നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ അദ്ദേഹത്തിനു ജോലിക്കു പോകുവാൻ പോലും കഴിയാത്ത നിലയിലാണ്. ഭാര്യയും ഒരു മകനും ഇദ്ദേഹത്തിനുണ്ട്. കോട്ടയം മെഡിക്കൽ കോളജിലെ ചികിത്സയിലായിരിക്കുന്നു. ഇത്തരുണത്തിൽ നല്ലവരായ വായനക്കാരുടെ സഹായസഹകരണം ഈ സഹോദരനായി അഭ്യർത്ഥിക്കുന്നു.

സഹായം അയ്ക്കുവാൻ താല്പര്യപ്പെടുന്നവർ

**കോശി, ജോളിഭവൻ, കുമ്മല്ലൂർ പി. ഒ., ആദിച്ചനല്ലൂർ,**
**കൊല്ലം – 691573, ഫോൺ: 8157824596**
**Canara Bank, A/c No: 1548108027510,**
**Branch: Adichanalloor,**
**IFSC code: CNR B 0001548**

# ഐ. പി. സി. ഹിമാചൽ സ്റ്റേറ്റ് കൺവൻഷൻ സമാപിച്ചു

പത്താൻകോട്ട്: 2015 മാർച്ച് 27 മുതൽ 29 വരെ ഐ. പി. സി. ഹിമാചൽ സ്റ്റേറ്റും പത്താൻകോട്ട് ഐ. പി. സി. ചർച്ചും സംയുക്തമായി നടത്തിയ കൺവൻഷൻ വലിയ ആത്മീയ പകർച്ചയോടെ സമാപിച്ചു. ഈ കൺവൻഷനിൽ ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ ജോസഫ് എബ്രഹാം (തിരുവല്ല), പാസ്റ്റർ സനിൽ എം. ജോൺ (യു. എസ്. എ), ഇവാ. ബെന്നി തോമസ് (എറണാകുളം), ഇവാ. ജോയ്മോൻ (കൊല്ലം), പാസ്റ്റർ വൈ. യോഹന്നാൻ (രാജസ്ഥാൻ) എന്നിവർ മുഖ്യപ്രസംഗകരമായിരുന്നു.

സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജോൺ ഉമ്മൻ ഉദ്ഘാടനം നിർവ്വഹിച്ച കൺവൻഷനിൽ പാസ്റ്റർ ഇസ്ലാം ഖാൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ എം. എം. ജോൺ (സെക്രട്ടറി), പാസ്റ്റർ ബോബി ജോൺ, പാസ്റ്റർ സണ്ണി വി. ജേക്കബ്, പാസ്റ്റർ റോജൻ കെ. ജേക്കബ് എന്നിവർ വിവിധ മീറ്റിംഗുകൾക്ക് നേതൃത്വം കൊടുക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. സഹോദരിസമാജം, പി. വൈ. പി. എ., സണ്ടേസ്കൂൾ എന്നിവയുടെ സമ്മേളനവും നടന്നു. ഈ കൺവൻഷനിൽ 38 പേർ സ്നാനത്തിനായി സമർപ്പിച്ചു.

# വൈപ്പിൻ മെഡിക്കൽ ക്യാമ്പ്



എടവനക്കാട്: ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യാ എറണാകുളം ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഏപ്രിൽ 14–ന് എടവനക്കാട് എസ്. പി. സഭാ സ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. എടവനക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആനന്ദവല്ലി ചെല്ലപ്പൻ ഉദ്ഘാടനം ചെയ്തു. എച്ച്.എം.ഐ ഡയറക്ടർ പ്രൊഫ: ടി.സി. കോശി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഷാജി വിരുപ്പിൻ സ്വാഗതവും ജോൺ മാത്യു നന്ദിയും പറഞ്ഞു. സ്റ്റേറ്റ് കോർഡിനേറ്റർ ഇവാ: സി.പി. സൈമൺ ആമുഖ പ്രഭാഷണം നടത്തി. റവ. കെ.എസ്. ഫിലിപ്പ് വിശദീകരണം നടത്തി.

# ക്രിസ്ത്യൻ ലീഡേഴ്സ് കോൺഫറൻസ്

കോഴിക്കോട്: ഇൻഡ്യൻ ക്രിസ്ത്യൻ അക്കാഡമി നേതൃത്വം നൽകുന്ന ഓൾ മലബാർ ക്രിസ്ത്യൻ ലീഡേഴ്സ് കോൺഫറൻസ് 2015 മെയ് 18,19,20 (തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിൽ പുതിയറ ദക്ഷിണേന്ത്യ ദൈവസഭാ ഗ്രൗണ്ടിൽ നടക്കും സുവിശേഷകനും ഫലകരമായ സുവിശേഷികരണവും എന്നതായിരിക്കും ചിന്താവിഷയം. പ്രസ്തുത വിഷയത്തെ ആധാരമാക്കി റവ. ജോയി എം. തോമസ് (ഭോപ്പാൽ), റവ. വി. എം. ഇക്ബാൽ (ക്രൈസ്റ്റ് ഫോർ യു, മലബാർ മിഷൻ), ഡോ. മാത്യൂസ് ചാക്കോ എന്നിവരെ കൂടാതെ മലബാറിലെ വിവിധ ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മിഷൻ ലീഡേഴ്സും ക്ലാസുകൾ നൽകും. പകൽ കോൺഫറൻസും രാത്രി പൊതുമീറ്റിംഗുകളും ഉണ്ടായിരിക്കും. മലബാറിൽ വിവിധ രീതിയിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തുന്ന ക്രിസ്തീയ പ്രവർത്തകർക്കും ദൈവമക്കൾക്കും ഒത്തു ചേർന്ന് സ്നേഹവും സൗഹൃദവും പങ്കുവെയ്ക്കുന്നതിനും ആത്മീയ ഉന്നമനത്തിനും വേണ്ടിയുള്ള ഈ കോൺഫറൻസിലേയ്ക്ക് എല്ലാ ക്രിസ്തീയ പ്രവർത്തകർക്കും സ്വാഗതം. രജിസ്ട്രേഷൻ ഫീസ് 200 രൂപ. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് താമസ സൗകര്യം ലഭിക്കുന്നതാണ്. കൂടാതെ കോൺഫറൻസിൽ പങ്കെടുക്കുന്ന എല്ലാവർക്കും പുസ്തകങ്ങൾ സൗജന്യമായി ലഭിക്കുന്നതാണ്.


# BETHEL INTERNATIONAL THEOLOGICAL SEMINARY (BITS)



Accredited by IPC General Council

| കോഴ്സുകൾ | കാലാവധി | മാധ്യമം | യോഗ്യത |
| --- | --- | --- | --- |
| C.Th | 1 വർഷം | മലയാളം | S.S.L.C. |
| G.Th | 3 വർഷം | മലയാളം | S.S.L.C. |
| B.Th | 3 വർഷം | മലയാളം | +2/PDC |
| B.Th | 3 വർഷം | ഇംഗ്ലീഷ് | +2/PDC |
| M.Div. | 2/3 years | English | Degree./B.Th |

(ATA Accredited Distance Education)

- അനുഭവസമ്പന്നരായ അദ്ധ്യാപകരുടെ ക്ലാസ്സുകളും പ്രത്യേകം ക്ഷണിക്കുന്ന അദ്ധ്യാപകരുടെ സെമിനാറുകളും
- പഠനത്തോടൊപ്പം പ്രവർത്തിക്കുവാൻ മിഷൻ ഫീൽഡുകൾ
- സൗജന്യ താമസവും ഭക്ഷണവും
- മികച്ച ലൈബ്രറി
- ഇംഗ്ലീഷ്, ഗ്രീക്ക്, എബ്രായ ഭാഷകൾ പഠിപ്പിക്കുന്നു
- ഉപരിപഠനത്തിന് അവസരമൊരുക്കുന്നു
- ക്ലാസ്സുകൾ തിങ്കൾ മുതൽ വ്യാഴം വരെ
- ദിവസേന വന്നു പഠിക്കുവാൻ സൗകര്യം
- ATA M.Div. ഡിഗ്രി കരസ്ഥമാക്കുവാൻ സുവിശേഷകർക്കും പാസ്റ്റേഴ്സിനും അവസരം

താല്പര്യമുള്ളവർ ബന്ധപ്പെടുക

Director of Admissions
Bethel International Theological Seminary
Makkapuzha P. O., Ranni. 689676
Pathanamthitta Dist., Kerala.
Ph: 04735-262569, 9446709538, 9496151777. E-mail: bitseminary@gmail.com

2015 മെയ് 25–ന് ക്ലാസ്സുകൾ ആരംഭിക്കുന്നു

ധ്യാനം

# യഹോവേ രക്ഷിക്കേണമേ.......!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com



ദാവീദിന്റെ തീവ്രദുഃഖത്തിന്റെ നാലാം പ്രാർത്ഥന എന്നറിയപ്പെടുന്ന 12-ാം സങ്കീർത്തനത്തിന്റെ പ്രഥമ വരിയാണ് തലക്കെട്ട്. വളരെ സങ്കീർണമായ ഒരു പരിതസ്ഥിതിയെ നേരിടേണ്ടി വന്ന ഒരു ഭക്തന്റെ വിലാപ കാവ്യമായി ഇതിനെ കണ്ടാലും തെറ്റില്ല. അങ്ങേയറ്റം ഗുരുതരമായ ഒരു പ്രതിസന്ധിക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നപ്പോൾ അതിനൊരു പരിഹാരം തേടിയുള്ള ദൈവമുഖാന്വേഷണമാണ് "യഹോവേ രക്ഷിക്കണമേ" എന്ന തന്റെ അപേക്ഷ. യഹോവേ രക്ഷിക്കണമേ എന്ന തന്റെ നിലവിളിയുടെ കാരണമന്വേഷിച്ചാൽ നഷ്ടപ്പെടാൻ ഇടയുള്ള എന്തെങ്കിലും ഭൗതീക വസ്തുക്കളെ കുറിച്ചോ സിംഹാസനം, പദവികൾ, അധികാരം എന്നിത്യാദി കാര്യങ്ങളെ കുറിച്ചുള്ള ആകുലതകളോ അല്ലായിരുന്നു. മറിച്ച് താൻ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിലെ ആർക്കും പരിഹരിക്കാൻ കഴിയാത്ത ഒരു കുറവിനെ കുറിച്ചുള്ള തീരാ ദുഃഖമായിരുന്നു. "ഭക്തന്മാർ ഇല്ലാതെ പോകുന്നു" എന്നതായിരുന്നു ദാവീദിന്റെ "യഹോവ രക്ഷിക്കേണമേ" എന്ന നിലവിളിക്ക് പിന്നിൽ തന്നെ പിടിമുറിക്കിയിരുന്ന ഭയം.

ഭക്തന്മാരുടെ അഭാവം ഒരു ആത്മ സമൂഹത്തിൽ വരുത്തിവയ്ക്കുന്ന അപജയങ്ങൾ ചെറുതല്ല. ദൈവ ഭക്തിയോട് ചേർന്ന് നിന്നു കൊണ്ടുള്ള യാത്രയാണ് ക്രിസ്തീയ ജീവിതം. അതിലൂന്നിയുള്ള ചിന്തകളുടെ പുരോഗമനമാണ് ആത്മീക ജീവിതത്തിന്റെ വളർച്ചയായി പരിഗണിക്കുവാൻ കഴിയുന്നത്. പക്ഷെ ആ ഭക്തിയിൽ സംഭവിക്കുന്ന ഇടിവുകൾ നമ്മെ മുകളിൽ നിന്നും അധഃപതനത്തിന്റെ ആഴമുള്ള കുഴികളിലേക്ക് വലിച്ചിടുകയാണ് ചെയ്യുന്നത്. ദൈവ ഭക്തി നഷ്ടപ്പെടുന്ന ഒരു ആത്മസമൂഹത്തിന്റെ തകർച്ച ഭയാനകമായിരിക്കും. മഹാ ദൈവത്തോട് നാം നിലനിർത്തുന്ന വിലയേറിയ ഭക്തിയാണ് നമ്മുടെ ആത്മീകതയുടെ വില നിർണ്ണയിക്കുന്നത്. ഇത് നഷ്ടപ്പെടുമ്പോൾ നാം ജനമധ്യത്തിൽ അപഹാസ്യരും മൂല്യമില്ലാത്തവരും ആയി തീരും. ദൈവ ഭക്തിയുടെയും അടർത്തിമാറ്റുവാൻ കഴിയാത്ത ആഴമായ ദൈവബന്ധത്തിന്റെയും മുകളിൽ നമുക്ക് മുൻപേ ഗമിച്ചവർ പണിതുയർത്തിയ ഈ ഭക്തി സംഘത്തിന്റെ ക്രമം കെട്ട പോക്ക് ആത്മീക ദുരന്തങ്ങളിലേക്കുള്ള കൂട്ടയോട്ടമാണ് എന്ന് നാം തിരിച്ചറിയാതെ പോകരുത്.

ദൈവഭക്തിയുടെയും ദൈവഭക്തന്മാരുടെയും കുറവുമൂലം നമുക്കിടയിൽ സംഭവിക്കാനിടയുള്ളത് വിവരണാതീതമായ പരാജയങ്ങൾ ആയിരിക്കും. വേണ്ടുന്നതെല്ലാം നമുക്കിന്നു ഇഷ്ടംപോലെ ഉണ്ടെങ്കിലും നമുക്കിടയിൽ ഭക്തന്മാർ കുറയുന്നു. നീതിമാൻ നശിക്കുന്നു; ആരും അത് ഗണ്യമാക്കുന്നില്ല; ഭക്തന്മാരും കഴിഞ്ഞു പോകുന്നു എന്ന പ്രവാചക പ്രസ്താവന ഇതിനോടു ചേർന്ന് പ്രസക്തമാണ് (യെശയ്യാവ് 57: 1). നമ്മുടെ സംഘടനകൾക്കുള്ളിലുള്ള കെട്ടിട സമുച്ചയങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വസ്തുവകകളുടെയും സാങ്കേതിക വിദഗ്ദരുടെയും മറ്റിതര ഭൗതീക സാധന സാമഗ്രികളുടെയും കുറവ് നാം സമയാസമയങ്ങളിൽ കണ്ടെത്തി പരിഹരിക്കുന്നുണ്ടെങ്കിലും പൂർവ്വ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി നമുക്കിടയിൽ കുറഞ്ഞു വരുന്ന ഭക്തന്മാരുടെ എണ്ണത്തെ കുറിച്ച് ഒരു വേളയെങ്കിലും നാം ചിന്തിക്കാറുണ്ടോ? അതിനൊരു പരിഹാരമായി "യഹോവേ രക്ഷിക്കേണമേ" എന്ന ഒരു ദൈവാന്വേഷണം നമ്മിൽ നിന്നും ഉണ്ടാകാറുണ്ടോ? അംഗബലം കൂടുകയും ദൈവഭക്തന്മാർ കുറയുകയും ചെയ്യുന്നു എന്നതാണ് ഈ കാലഘട്ടത്തിന്റെ പരിഹരിക്കാൻ കഴിയാത്ത തകർച്ച എന്ന് അവകാശപ്പെട്ടാൽ അത് കേവലം ലേഖകന്റെ മാത്രം കണ്ടെത്തൽ ആകാനിടയില്ല എന്നാണു എന്റെ വിശ്വാസം.

വിശ്വസ്തനഗരം വേശ്യയായി തീർന്നിരിക്കുന്നതു എങ്ങനെ? എന്ന പ്രവാചകൻ യെശയ്യാവിന്റെ ചോദ്യത്തിന് ദൈവ ഭക്തന്മാരുടെ കുറവാണ് എന്നതായിരിക്കും. ഏറ്റവും യോജ്യമായ ഉത്തരം. ന്യായം നിറഞ്ഞിരുന്ന, നീതി വസിച്ചിരുന്ന വിശ്വസ്ത നഗരത്തിൽ ഭക്തി നഷ്ടപ്പെട്ട കുലപാതക സംഘങ്ങൾ അതിനെ അനാത്മീകതയുടെ വിളനിലമാക്കി തീർത്തു കൊണ്ടിരിക്കുന്നു എന്നതാണ് ഇന്ന് നാം നേരിടുന്ന ദുരവസ്ഥ ! കപട ഭക്തിയുടെ പുളിച്ചമാവു കൊണ്ട് അപ്പമുണ്ടാക്കി ജനത്തിന്റെ വിശപ്പടക്കാൻ ശ്രമിക്കുന്ന നൂതന കച്ചവട സംഘങ്ങൾ ആധ്യാത്മീക മേഖലയിൽ സൃഷ്ടിക്കുന്ന ഗുരുതരമായ അനാരോഗ്യ പ്രശ്നങ്ങൾ ആണ്. സമൃദ്ധിയുടെ അപ്പക്ഷണങ്ങളെ കുട്ടകളിൽ നിറച്ചെടുത്ത് അതിനെ ദൈവഭക്തിയുടെ പ്രതിഫലനമായി വ്യാഖ്യാനിച്ച് വചന ബോധമില്ലാത്ത ജനം നിർവൃതിയടയുമ്പോൾ "യഹോവേ രക്ഷിക്കേണമേ" എന്ന് വിലപിക്കാനല്ലാതെ മറ്റെന്തു മാർഗ്ഗം?

ഭക്തി വിരുദ്ധമായ കിഴവി കഥകൾ ദൈവവചനത്തിനു തുല്യം നിറുത്തി സുവിശേഷത്തിന്റെ തനിമ നശിപ്പിക്കുന്ന പുത്തൻ പ്രഭാഷണ ശൈലികൾ മൂലം ഉയർത്തപ്പെടുന്നത് ദൈവരാജ്യത്തിന്റെ മൂല്യങ്ങളോ അതോ അവതാരകന്റെ പ്രകടന പാടവമോ? അതിക്രമം ചെയ്തു യഹോവയെ നിഷേധിക്കുക, തങ്ങളുടെ ദൈവത്തെ വിട്ടു മാറുക, പീഡനവും മത്സരവും സംസാരിക്കുക, വ്യാജവാക്കുകളെ ഗർഭം ധരിച്ചു ഹൃദയത്തിൽ നിന്നും ഉച്ചരിക്കുക തുടങ്ങിയ നീച പ്രവണതകൾ ദൈവ ഭക്തിയുടെയും ഭക്തന്മാരുടെയും അഭാവത്തിൽ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയോടടുക്കും തോറും നമ്മുടെ ഇടയിൽ കൂടി വരാനെ സാധ്യതയുള്ളു. ഹൃദയംഗമായി ദൈവത്തോട് അടുത്തു നിന്ന യൗവ്വനത്തിലെ ഭക്തിയിൽ നിന്നും നാം അകന്നു മാറി... പിന്നീടങ്ങോട്ട് കേവലം മനപാഠമാക്കിയ മാനുഷ കല്പനകളായി നമ്മുടെ ദൈവ ഭക്തി തരം താണു. ഹൃദയം ദൈവത്തിങ്കൽ നിന്നും അകറ്റി അധരം കൊണ്ടുള്ള ചടങ്ങായി ദൈവത്തോടുള്ള ബഹുമാനാദരവുകൾ! ഇതിനിടയിലും വചനാധിഷ്ഠിതമായ ഒരു നിലനിൽപ്പാഗ്രഹിക്കുന്നവർ നമുക്കിടയിലെ അരക്ഷിതാവസ്ഥകളെ കണ്ടറിഞ്ഞു വീണ്ടും ജീവിപ്പിക്കാൻ കഴിയുന്ന ദൈവത്തിങ്കലേക്കു നോക്കി "യഹോവേ രക്ഷിക്കണമേ" എന്ന് നമുക്കും നിലവിളിക്കാം.!!

ചെറുകഥ

# വിനാശകാലെ ഗേഹസീ ബുദ്ധി!!



ബിനു വടക്കാഞ്ചേരി



"ഉണരുക നീ
എൻ ആത്മാവേ..... ചേരുകയേശുവിൻ അരികിൽ നീ....."

പ്രഭാത പ്രാർത്ഥനക്കിടയിൽ

ക്രിർ...ക്രിർർ.... വൈബ്രേറ്ററിലിട്ട ഗേഹസിയുടെ ഫോൺ ചലിക്കാൻ തുടങ്ങി.... "എടീ.... ഞാൻ പ്രാർത്ഥനയിലാ... കുറച്ചു കഴിഞ്ഞു വിളിക്കാം" എന്ന് പറഞ്ഞു കൊണ്ട് മിസ്സിസ് ഗേഹസിയുടെ ഫോൺ കട്ടാക്കി.

പ്രാർത്ഥന കഴിഞ്ഞു ഏലീശ ഉമ്മറത്ത് ചാരുകസാരയിൽ അല്പം വിശ്രമിക്കാമെന്നു കരുതി ഇരിക്കുന്ന നേരം, കറുത്തിരുണ്ട ആകാശം.... മൗനത്തെ പുണർന്നു നില്ക്കുന്ന പ്രകൃതി.... പെട്ടെന്നൊരു സ്ത്രീ നിലവിളിച്ചു കൊണ്ട് വരുന്നു......

ഏലീശ തന്റെ വലതുകരം ചുളിഞ്ഞ നെറ്റിയിൽ പതിച്ചുകൊണ്ട് നോക്കുന്നതിനിടയിൽ അത് പ്രവാചക ശിഷ്യന്മാരുടെ ഭാര്യമാരിൽ ഒരുത്തിയെന്നു ബാല്യക്കാരനായ ഗേഹസി സ്ഥിതീകരിച്ചു. തന്റെ അരികിൽ എത്തിയ സ്ത്രീ കവിൾത്തടത്തിലെ കണ്ണുനീർ തുടച്ചു മാറ്റി കൊണ്ട് അവളുടെ സങ്കടം ബോധിപ്പിച്ചു. "നിന്റെ ദാസൻ യഹോവ ഭക്തനെന്നു നിനക്കറിയാമല്ലോ, ഇപ്പോൾ കടക്കാരൻ വന്നു എന്റെ രണ്ടു മക്കളെ പിടിച്ചു അടിമകളാക്കാൻ വന്നിരിക്കുന്നു..." ഉടനെ എന്തെങ്കിലും ചെയ്തേ മതിയാകു എന്നറിഞ്ഞ ഏലീശ അവളോട് "വീട്ടിൽ നിനക്കു എന്തുള്ളു" എന്ന ചോദ്യത്തിനു "ഒരു ഭരണി എണ്ണയല്ലാതെ മറ്റൊന്നുമില്ല" എന്നായിരുന്നു അവളുടെ മറുപടി.

"നീ ചെന്ന് നിന്റെ അയല്ക്കാരോടെക്കെയും വെറുംപാത്രങ്ങൾ വായ്പ വാങ്ങി നീയും നിന്റെ മക്കളും അകത്തു കയറി വാതിൽ അടച്ചു പാത്രങ്ങളിലൊക്കെയും പകരുകയും, നിറഞ്ഞത് ഒരു ഭാഗത്ത് മാറ്റി വെയ്ക്കുകയും ചെയ്യുക". എന്ന പ്രവാചക വാക്കുകൾ കേട്ടുകൊണ്ട് അവൾ അവിടെ നിന്ന് യാത്ര തിരിച്ചു.......

ഗേഹസി തന്റെ മൊബൈൽ എടുത്തു വാട്ട്സാപ്പിൽ ഭാര്യയെ വിളിച്ചു കാര്യം അന്വേഷിച്ചു,

"നിങ്ങൾ ഇങ്ങോട്ട് വരുന്നുണ്ടോ മനുഷ്യാ......."

"ഇല്ലെടീ.... ഇവിടെ ആശാന്റെ ഒരു ശിഷ്യൻ മരിച്ചിരിക്കുകയാണ്. .... ആ പെണ്ണുമ്പിള്ള ഇന്ന് രാവിലെ ഇവിടെ വന്നിട്ടുണ്ടായിരുന്നു. .... മൊത്തം കടം വരുത്തി വച്ചിട്ടാ മൂപ്പർ മരിച്ചത്, ഇന്ന് പുറത്തു മീറ്റിംഗ് ഒന്നുമില്ലെങ്കിൽ കുറച്ചു കഴിഞ്ഞു ഞാൻ അങ്ങോട്ട് വന്നേക്കാം"

"നിങ്ങൾ ഇങ്ങനെ മീറ്റിംഗ് എന്നു പറഞ്ഞു നടന്നോ...... പിള്ളേർ വലുതായിവരുകയാണെന്ന് വല്ല വിചാരമുണ്ടോ?? നിങ്ങളെങ്ങാനും തട്ടിപോയാൽ ആ പെണ്ണുമ്പിള്ളയുടെ അവസ്ഥ തന്നെയായിരിക്കും എനിക്കുമെന്നു ഓർക്കുമ്പോൾ ഒരു സമാധാനവുമില്ലലോ കർത്താവേ....."

"നീ ഇപ്പൊ ഫോൺ വെക്ക്... ഞാൻ പിന്നെ വിളിക്കാം" ഗേഹസി പെട്ടന്നു ഫോൺ കട്ടാക്കി.

കുറച്ചു കഴിഞ്ഞപ്പോൾ ഇതാ രാവിലെ വന്ന സ്ത്രീ വീണ്ടും വന്നിരിക്കുന്നു. ഏലീശയോട് വസ്തുതകളെല്ലാം പറഞ്ഞപ്പോൾ "നീ പോയ് അത് വിറ്റു കടം വീട്ടി ശേഷിക്കുന്നത് കൊണ്ട് നീയും മക്കളും ഉപജീവനം കഴിച്ചു കൊള്ളുക എന്ന് പറഞ്ഞു". അവൾ സമാധാനത്തോടെ അവിടെ നിന്നിറങ്ങി. ഇതെല്ലാം വീക്ഷിച്ചുകൊണ്ടിരുന്ന ഗേഹസി തന്റെ ഭാവിയെക്കുറിച്ചുള്ള ചിന്തയിൽ മുഴുകി വിഷാദനായി ഇടനാഴിയിലൂടെ പുറത്തേക്ക് നടന്നു നീങ്ങി.

അങ്ങനെയിരിക്കെ... അരാം രാജാവിന്റെ സേനാപതിയായ നയമാൻ തന്റെ കുഷ്ഠം മാറുവാനായി ഇസ്രായേൽ രാജാവിനെ കത്തുമായി സമീപിച്ചു, ഒരു 'കത്തി'ന്റെ പേരിൽ സ്ഥാനത്തിനു ഇളക്കം സൃഷ്ടിക്കുന്ന സമയത്ത്, 'കത്ത്' ലഭിച്ചതും കുപിതനായ രാജാവ് തന്റെ വസ്ത്രം കീറിയെന്ന വാർത്ത കേട്ടതും രാജാവിന്റെ അടുക്കലേക്കു ആളയച്ചു നയമാനെ തന്റെ അരികിലേക്ക് ക്ഷണിക്കുകയായിരുന്നു ഏലീശ. തന്നെ തേടി വീട്ടുവാതില്ക്കൽ എത്തിയ നയമാന്റെ കുതിരകളെയും രഥത്തെയും കണ്ടപ്പോൾ ചെവിയിൽ തിരുകിക്കയറ്റിയ 'ഇയർ ഫോൺ' ഊരിവെച്ചുകൊണ്ട് ഗേഹസി കാര്യം ആരാഞ്ഞു. നയമാന്റെ കൈയിലുള്ള 916 സ്വർണ്ണവും, വെള്ളിയും, ഫാഷൻ വസ്ത്രങ്ങളുമുണ്ടെന്നറിഞ്ഞപ്പോൾ അല്പനേരത്തേക്ക് ബൈബിൾ മാറ്റി വെച്ചാലും വേണ്ടില്ല 'വല്ല വിധേനയും' അവ സ്വന്തമാക്കുവാനുള്ള തന്ത്രങ്ങൾ ഗേഹസി ബുദ്ധി മെനയുവാൻ തുടങ്ങി. അപ്പോഴേക്കും ആശാൻ ആളയച്ചു നയമാനോട് "നീ ചെന്ന് യോർദ്ദാനിൻ ഏഴു പ്രാവശ്യം കുളിച്ചാൽ, നിന്റെ ദേഹം മുമ്പിലത്തെ പോലെയായി നീ ശുദ്ധനാകും" എന്ന് പറഞ്ഞതിനാൽ തന്റെ സ്വപ്നങ്ങളിലെ ബാങ്ക് ബാലൻസും, ആഡംബര വസ്ത്രങ്ങളും, റിയൽ എസ്റ്റേറ്റ് ബിസിനസ്സും, സെർവന്റ്സുമെല്ലാം ഒരു മോഹമായി തന്നെ തുടരുമോ എന്ന് ആശങ്കയിലായി ഗേഹസി, ഈ വിഷയത്തിൽ ഒരു 'വിടുതൽ' ലഭിക്കുവാൻ ശക്തമായി പ്രാർത്ഥിക്കണം എന്ന് അപേക്ഷിച്ചുകൊണ്ട് മിസ്സ് ഗെഹസിക്ക് വാട്ട്സാപ്പിൽ മെസ്സേജ് അയച്ചതും "ഓക്കേ അച്ചാച്ച..." ഉടനെ തന്നെ റിപ്ലേയും കിട്ടി.

കുഷ്ഠം മാറിയ നയമാൻ തിരിച്ചു വന്നിരിക്കുന്നു. ഇസ്രായേലിൽ അല്ലാതെ ഭൂമിയിൽ എങ്ങും ഒരു ദൈവവുമില്ലെന്നു തിരിച്ചറിഞ്ഞ നയമാൻ പ്രതിഫലം കൊള്ളുവാൻ നിർബന്ധിച്ചെങ്കിലും ഏലീശ അത് സ്വീകരിക്കാതെ നയമാനോട് സമാധാനത്തോടെ മടങ്ങി പോകുവാൻ പറഞ്ഞു. ഇതെല്ലാം അപ്പുറത്തിരുന്നു വ്യക്തമായി ശ്രവിച്ച ഗേഹസി നയമാനെ പിന്തുടരുവാൻ തീരുമാനിച്ചു. തന്നെ പിന്തുടരുന്ന ഗേഹസിയെ കണ്ടപ്പോൾ നയമാൻ രഥം

04

## വേദ പഠനം

# ലോകത്തെ ചലിപ്പിക്കുന്ന പ്രാർത്ഥനാ ശക്തി
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

പ്രാർത്ഥനയാൽ നാം ദൈവത്തോടു അപേക്ഷിക്കുന്നു, സ്തോത്രത്തിൽ കൂടെ മറുപടി ഏറ്റു വാങ്ങുന്നു. ശാരീരിക സൗഖ്യവും നന്ദിയുള്ള ഹൃദയവും തമ്മിൽ ബന്ധമുണ്ട്. സന്തോഷമായിരിക്കുന്നതും സ്തോത്രം ചെയ്യുന്നതുമായ ഹൃദയം ശരീരബലത്തിനു വളരെ മാറ്റു കൂട്ടുന്നുണ്ട്. മാത്രമല്ല നന്ദി പറയുന്ന ഹൃദയം ദൈവത്തിനു പ്രിയമാണ്. അത് ദൈവത്തിന് നമുക്കു ചെയ്യാവുന്നതിൽ ഉന്നതമായ ശുശ്രൂഷയുമാണ്, എബ്രായ ലേഖകൻ പറയുന്നത് ശ്രദ്ധിക്കുക, അതു കൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തെ അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക, എബ്രാ: 13: 15. ദാവീദിനെ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നു പറയുവാൻ കാരണം, ദാവീദ് പല ബലഹീനതകൾ ഉള്ളവൻ ആയിരുന്നെങ്കിലും അവൻ എപ്പോഴും ദൈവത്തെ സ്തുതിക്കുന്നവൻ ആയിരുന്നു എന്നത്രെ. നമുക്ക് നമ്മുടെ ദൈവത്തെ സ്തോത്രത്തോടു കൂടെ സമീപിക്കാം. അങ്ങനെയെങ്കിൽ അവൻ നമ്മുടെ മുഖത്തെ പ്രകാശമാക്കും. അത് ശരീരത്തിന് ആരോഗ്യവും സന്തോഷമുള്ള ജീവിതത്തിനും ശാന്തമുള്ള മനസ്സിനും മുഖാന്തരമാകും. ഒരു വ്യക്തിയെ വിശ്വാസത്തിലേക്ക് ഒരുക്കുന്നത് സന്തോഷമുള്ള ഹൃദയമാണ്. നന്ദിയുള്ള ഹൃദയത്തിൽ നിന്നാണ് ആശ്രയം ഉയരുന്നത്. അ വിശ്വാസം നമ്മുടെ കഷ്ടതകളെ പർവ്വതം പോലെ കാണുന്നു, അപ്പോൾ വിശ്വാസം പുറകോട്ടു മാറുന്നു. നന്ദിയുള്ള ഹൃദയം വിശ്വാസത്തിന്റെ ഒരു അടയാളമത്രെ. പ്രാർത്ഥനയാൽ നാം ചോദിക്കുകയാണ്, എന്നാൽ സ്തോത്രം ചെയ്യുമ്പോൾ നാം അനുഗ്രഹം പ്രാപിക്കുകയാണ്. ദൈവത്തിൽ നിന്ന് എന്തെങ്കിലും പ്രാപിക്കണമെങ്കിൽ, ആദ്യമായി സ്തോത്രം ചെയ്യുക. ഒരു ദാനം നമുക്കു വെച്ചിട്ടുണ്ടെങ്കിൽ അത് കൈകൊണ്ട് എടുത്ത് അതിന് നന്ദി പറയുകയാണല്ലോ നാം ചെയ്യുന്നത്. അതു കൊണ്ട് ദൈവത്തിൽ നിന്ന് എന്തെങ്കിലും പ്രാപിക്കണമെങ്കിൽ, അതിനു വേണ്ടി കേണപേക്ഷിച്ചു കൊണ്ടിരിക്കുകയല്ല അത് വിശ്വാസത്തോടു കൂടെ അവകാശപ്പെടുകയും ദൈവത്തിനു സ്തോത്രം പറയുകയുമത്രെ വേണ്ടത്.

ക്രൈസ്തവ സഭ രൂപപ്പെടുന്നതിനു മുമ്പ് തന്നെ യെഹൂദാസിനഗോഗുകളിൽ ആരാധന യോഗങ്ങളും കൂടി വരവുകളും ഉണ്ടായിരുന്നു. ഈ കൂടി വരവുകളിൽ ചില പ്രത്യേക വിശേഷദിവസങ്ങളിൽ പതിനെട്ട് പതിവു പ്രാർത്ഥനകൾ വരെ നടന്നു പോന്നിരുന്നു. ആദിമ സഭയിലെ ആരാധനയിൽ പ്രധാനമായും അപ്പോസ്തലന്മാരുടെ ഉപദേശം, കൂട്ടായ്മ, അപ്പം നുറുക്കൽ, പ്രാർത്ഥന എന്നിവ ഉണ്ടായിരുന്നു, അ:പ്രവ: 2:42. അപ്പോൾ ഒന്നാം നൂറ്റാണ്ടിൽ വിശ്വാസികൾ പുത്രന്റെ നാമത്തിൽ പ്രാർത്ഥിക്കാനും, ആത്മാവിൽ പ്രാർത്ഥിക്കുവാനും, ഏതു നേരത്തും പ്രാർത്ഥിക്കുവാനും, ഇടവിടാതെ പ്രാർത്ഥിക്കുവാനും പഠിച്ചിരുന്നു. പ്രാർത്ഥനയിൽ ഉപവസിക്കുന്നത് നല്ലതാണ്, വിശുദ്ധബൈബിളിൽ ഉപവാസത്തെ കുറിച്ച് വളരെയധികം പറയുന്നുണ്ട്. വെസ്ലി എൻ. ഡ്യൂവെൽ എന്ന ഭക്തൻ പ്രാർത്ഥനയാൽ ലോകത്തെ സ്പർശിക്കുക എന്ന ഗ്രന്ഥത്തിൽ ഉപവാസത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്, ഉപവാസം ദൈവത്തെ അന്വേഷിക്കുന്നതിനുള്ള തീവ്രമായ ആഗ്രഹത്തെ പ്രതിഫലിപ്പിക്കുന്നു. ദൈവത്തെ കാണുവാനും അവന്റെ അത്ഭുത പ്രവർത്തികളെ പ്രദർശിപ്പാനുമുള്ള ആത്മ വിശപ്പും നിന്റെ അതിയായ ആത്മഭാരവും ശമിപ്പിപ്പാൻ, ആഹാരം ശാരീരികവിശപ്പിനെ അകറ്റുന്നതുപോലെ ഉപവാസം മൂലം കഴിയും. "ഉപവാസത്താൽ ശരീരവും മനസ്സും പൂർണ്ണമായും ശുദ്ധീകരിക്കപ്പെടുവാൻ പരിശുദ്ധാത്മാവിനാൽ കഴിയും". പണ്ടൊരാൾ പറഞ്ഞിരിക്കുന്നത്, ഒരു നേരം ഭക്ഷണം കഴിക്കുന്നവൻ യോഗി, രണ്ടു നേരം ഭക്ഷണം കഴിക്കുന്നവൻ ഭോഗി, മൂന്നു നേരം ഭക്ഷണം കഴിക്കുന്നവൻ രോഗി, നാലുനേരം ഭക്ഷണം കഴിക്കുന്നവൻ ദ്രോഹി. ബൈബിളിൽ യിസ്രായേൽ ജനം വർഷത്തിലൊരിക്കൽ ഉപവസിച്ചതായി വായിക്കുന്നു, മൂന്നു ദിവസവും ഏഴുദിവസവും ഇരുപത്തിയൊന്നു ദിവസവും നാല്പത് ദിവസവും ഉപവസിച്ചതായി വായിക്കുന്നു. അപ്പോൾ ഉപവാസം നല്ലതാണ് ഉപവസിച്ചു പ്രാർത്ഥിക്കുമ്പോൾ ദൈവം പെട്ടെന്ന് മറുപടി നൽകി മാനിക്കും. പ്രാർത്ഥനയുടെ ശക്തിയെയും മറുപടിയെയും ചൂണ്ടികാണിക്കുന്ന സംഭവത്തോടു കൂടെ പ്രാർത്ഥനയെക്കുറിച്ച് ഉപസംഹരിക്കുവാൻ ആഗ്രഹിക്കുന്നു. പ്രസിദ്ധ മിഷനറിയും അനാഥാലയങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന ജോർജ്ജ് മുള്ളർ ഒരിക്കൽ സുവിശേഷപ്രസംഗത്തിനായി ക്യൂബെക്ക് എന്ന് പറയുന്ന ദ്വീപിലേക്ക് കപ്പൽ കയറി, പോകുന്ന യാത്ര മദ്ധ്യേ മൂടൽ മഞ്ഞു മുഖാന്തരം കപ്പലിനു മുന്നോട്ടു പോകുവാൻ കഴിയാതെ നടുക്കടലിൽ നങ്കൂരമിട്ട് കിടക്കുമ്പോൾ ക്യാപ്റ്റന്റെ മുറിയിലേക്ക് ചെന്നിട്ട് മുള്ളർ ഇപ്രകാരം പറഞ്ഞു, അടുത്ത ദിവസം എനിക്കു ക്യൂബെയിൽ പ്രസംഗിക്കേണ്ടതാണ്, അതുകൊണ്ട് അത്യാവശ്യമായി അടുത്ത ദിവസം എത്തിച്ചേർന്നെ പറ്റുകയുള്ളൂ. അപ്പോൾ ക്യാപ്റ്റൻ മുള്ളറെക്കൊണ്ട് കപ്പലിന്റെ മുകൾ തട്ടിൽ പോയി മൂടൽ മഞ്ഞിനെ കാണിച്ചിട്ട് പറഞ്ഞു, അത് അസാദ്ധ്യമാണ്, അങ്ങ് നോക്കു മൂടൽ മഞ്ഞിന്റെ കാഠിന്യം. ഉടനെ മുള്ളർ പ്രതിവചിച്ചു നിന്റെ കപ്പലിന് ലക്ഷ്യസ്ഥാനത്ത് എത്തിക്കുവാൻ കഴിയുകയില്ലെങ്കിൽ ഞാൻ സേവിച്ചു നിൽക്കുന്ന എന്റെ ദൈവം മറ്റൊരു മാർഗ്ഗം കണ്ടുപിടിക്കും. കഴിഞ്ഞ 50 വർഷങ്ങളാൽ ഞാൻ എന്റെ ദൈവത്തെ രുചിച്ചറിയുന്നു. അതുകൊണ്ട് ഞാൻ പ്രാർത്ഥിക്കുവാൻ പോകുകയാണ്. മുള്ളർ പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ കപ്പലിന്റെ ക്യാപ്റ്റനും തലയെ വണക്കി മുള്ളറിനോടു ചേർന്ന് പ്രാർത്ഥിക്കുവാൻ തുടങ്ങി. മുള്ളറിന്റെ പ്രാർത്ഥനക്കു ശേഷം ക്യാപ്റ്റൻ പ്രാർത്ഥിക്കുവാൻ തുടങ്ങി അപ്പോൾ മുള്ളർ ക്യാപ്റ്റന്റെ തോളിൽ തട്ടി കൊണ്ട് പ്രാർത്ഥനയെ വിലക്കി; രണ്ടു കാരണങ്ങളാൽ നിങ്ങൾ പ്രാർത്ഥിക്കേണ്ടതില്ല. ഒന്നാമത് ദൈവം പ്രാർത്ഥനയ്ക്കു മറുപടി തരും എന്നു താങ്കൾ പൂർണ്ണമായി വിശ്വസിക്കുന്നില്ല. രണ്ടാമതായി ദൈവം മറുപടി തന്നു എന്നു എനിക്കു പൂർണ്ണ വിശ്വാസം ഉണ്ട്. വാതിൽ തുറ

04



– തുടർച്ച–

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 09
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

BELIEVERS JOURNAL

PUBLISHED ON 10/05/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Posted at RMS Thiruvalla

Annual Sub. ₹ 150

മാധ്യമവിചാരം

# പി. സി. ഐക്കാർ അറിഞ്ഞിരിക്കേണ്ട ചിലത്



അനിൽ കൊടിത്തോട്ടം

ആത്മീയ ലോകത്തിലെ അത്ഭുത ജാലവിദ്യക്കാരൻ തങ്കു ബ്രദർ അടിമുടി മാറ്റത്തിന് വിധേയനാവുകയാണ്. പരമ്പരാഗത വേർപാടു കൂട്ടായ്മകൾ മുത്തശ്ശിക്കൂട്ടങ്ങളാണെന്നും ഇന്ത്യയിൽ ശരിയായ ആത്മീയത വേരുപിടിക്കാൻ ദൈവം തന്നെ പ്രവാചകനായും വാകത്താനംകാരൻ തോമസുകുട്ടിയെ സഹായിയായും വിളിച്ചിരിക്കുന്നു എന്നും വീമ്പിളക്കിപോന്ന തങ്കു ബ്രദർ നാടുവാഴികളെപ്പോലെ ആഡംബര ജീവിതം നയിക്കുകയും കവിഞ്ഞൊഴുകുന്ന അനുഗ്രഹം എന്നപേരിൽ ആത്മീയ വിഡ്ഢികളെ വിളിച്ചുകൂട്ടി 'സ്വർഗ്ഗീയ വിരുന്ന്' എന്ന ആത്മീയ കോമാളിത്തരത്തിന്റെ മറവിൽ കാണിക്ക പിരിച്ച് കോടികളുടെ ആസ്തിയുള്ള ആളായി മാറുകയും ചെയ്തു. ഇവരുടെ സ്ഥാപനങ്ങൾ റെയ്ഡുചെയ്ത് ആൾദൈവങ്ങൾക്കൊപ്പം തങ്കുവിനേയും പ്രതിചേർത്തുകൊണ്ട് വൻ പ്രചരണമാണ് ഇവിടെ നടന്നത്. രാജ്യം ഇന്ത്യയാകുമ്പോൾ സമ്പന്നനും സ്വാധീനമുള്ളവനും ഒരു നീതിയും മറ്റുള്ളവർക്ക് മറ്റൊരു നീതിയും എന്നതാണല്ലോ അലിഖിത നിയമം. ഭരണപ്രതിപക്ഷ നേതാക്കന്മാരിലുള്ള സ്വാധീനമുപയോഗിച്ച് തങ്കുദൈവം ആത്മീയ തരികിടകൾ അഭംഗുരം തുടരുന്നു.

യോഗസ്ഥലത്ത് അംഗരക്ഷകപടയെ നിർത്തി വളരെ നാടകീയമായി പ്രത്യക്ഷപ്പെട്ട് താരപരിവേഷത്തോടെ പ്രവർത്തിച്ചുപോന്ന തങ്കു ഇപ്പോൾ നയം മാറ്റുകയാണ്. തിരുവനന്തപുരത്ത് 21 ദിവസ ഉപവാസയോഗത്തിൽ തങ്കു എത്തുന്നു ജാഡകളില്ലാതെ. ഏറ്റവും ഒടുവിൽ പി.സി.ഐ എന്ന പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഒരു സമ്മേളന സ്റ്റേജിൽ ചൂയിംഗവും ചവച്ച് വിശ്വം മയക്കുന്ന മന്ദഹാസവുമായി തങ്കുദൈവം അവതരിച്ചു. ജാഡയ്ക്ക് തെല്ലൊക്കെ കുറവുവന്നു. പെന്തക്കോസ്തു സഭകളെ പുലഭ്യം പറഞ്ഞ് പ്രചരണം നടത്തിവന്ന തങ്കു പലയാവർത്തി ഇത്തരം സഭകളോട് സഹകരിക്കാൻ ശ്രമം നടത്തിയിരുന്നു. ഏ.ജിയിലെ പാസ്റ്റർ റ്റി.ജെ ശാമുവേലും ഐ.പി.സിയിലെ കെ.സി- പൂവക്കാല സഖ്യവും ഇദ്ദേഹത്തെ സഹകരിപ്പിക്കാൻ ശ്രമിച്ചിരുന്നു. തങ്കു ഗസറ്റ് എന്നു ഞങ്ങൾ വിശേഷിപ്പിക്കുന്ന ഹല്ലേലുയ്യാ ദ്വൈവാരികയും അക്ഷീണം പൊരുതിയിട്ടും അത് നടപ്പായില്ല.

പി.സി.ഐ ഇപ്പോൾ തങ്കുവിനേയും കൂട്ടരേയും അവരുടെ വിഴുപ്പുഭാണ്ഡങ്ങളേയും മുൻകാല പ്രാബല്യത്തോടെ ചുമക്കാൻ തയ്യാറായിരിക്കുന്നു. ചൂയിംഗം ചവച്ചും വിജയശ്രീലാളിതനായി പി.സി.ഐക്കാരുടെ സ്റ്റേജിൽ ഇരിക്കുന്ന തങ്കുവിനെ കാണുമ്പോൾ ഓർമ്മ വരുന്നത് 6 വർഷങ്ങൾക്ക് മുമ്പ് തിരുവല്ല വൈ.എം.സി.എയിൽ നടന്ന ഒരു അപ്പോളജെറ്റിക്സ് സെമിനാറാണ്. ഉദ്ഘാടകൻ പി.സി.ഐയുടെ പ്രസിഡന്റ് തോമസ് വടക്കേകുറ്റ്. തങ്കുവിന്റെ ആത്മീയ വിവരദോഷങ്ങളെ, ഐ.പി.സി വിട്ടുപോയത് അങ്ങനെ പലതും വികാരപരമായി പ്രസംഗിച്ച വടക്കേക്കുറ്റ് സാർ ഇപ്പോൾ നിലപാട് മാറ്റിയോ? തൊട്ടടുത്ത ലക്കത്തിലെ ഹല്ലേലുയ്യയിൽ വടക്കേക്കുറ്റിനെ അടിമുടി വിമർശിച്ച് സാംകുട്ടി ഒരു ഗംഭീര ലേഖനവും എഴുതിയിരുന്നു. ഹല്ലേലുയ്യ, റ്റി.ജെ, പൂവക്കാല, കെ.സി തുടങ്ങിയവർ തങ്കുവിനെ പിന്തുണയ്ക്കുന്നത് പുതിയകാര്യമല്ല. ജോൺ ലോറൻസ്, മേമന, സജിത്ത് തുടങ്ങിയ അമിത കൃപാ കൃത്തിപ്പുകാരേയും അവർ യഥോചിതം പിന്തുണച്ചിട്ടുണ്ട്. അവരുടെ നിലപാട് പുതുതല്ല.

ചർച്ച് ഓഫ് ഗോഡിൽ പാസ്റ്റർ എം. കുഞ്ഞപ്പിയും, ഐ.പി.സിയിൽ ഫിലിപ്പ് പി തോമസും ശക്തമായി എതിർത്തത് ഒരളവുവരെ ഇവറ്റകൾക്ക് അകത്തുകടക്കാൻ പ്രയാസമായി. പി.ജെ ജെയിംസ് സാർ അധികാരത്തിലെത്തുന്നതോടെ കളി മാറി തുടങ്ങി. അധികാരമേറ്റയുടൻ റവറന്റ് എന്ന പദവി ചവറ്റുകുട്ടയിലിട്ട് അത്ഭുതപ്പെടുത്തിയ ജെയിംസ് സാർ ഒട്ടേറെ പ്രതീക്ഷകൾ നൽകിയിരുന്നു. ഇന്നിപ്പോൾ സുരേഷ് ബാബുവിനും ഫയർ വിംഗ്സുകാർക്കും ചർച്ച് ഓഫ് ഗോഡ് വേദികളിൽ കുച്ചിപ്പുടി നടത്താം എന്ന സ്ഥിതിയായിരിക്കുന്നു. ഇതേക്കുറിച്ച് വിശദമായ ഒരു പ്രതിപാദനം താമസിയാതെ നടത്തിക്കളയാം. തൽക്കാലം ചർച്ച് ഓഫ് ഗോഡിനെ വിടുന്നു.

മാധ്യമ വിചാരത്തിൽ തങ്കു പലപ്പോഴും വില്ലനായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം നടത്തുന്ന ആത്മീയ കച്ചവടങ്ങളെ, കപട അത്ഭുതങ്ങളെ, സാമ്പത്തിക സമാഹരണങ്ങളെ വിമർശിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ ക്രൈസ്തവചിന്ത തങ്കുവിന്റെ ഇടപാടുകളെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്ന ആശയങ്ങളാണ് പങ്കുവെച്ചത്. അതിൽ അദ്ദേഹത്തിന്റെ പേർ ചേർത്തിരുന്നില്ല എന്നത് ഒരു കുറവായി തോന്നുന്നു. ബ്രദർ തങ്കുവിന് ഇനിയും മലയാളികളെ പറ്റിക്കാനാവും അതിന്റെ കാരണം വ്യക്തമാക്കുന്നു, മൂന്ന് വിഷയങ്ങളിൽ മലയാളിക്ക് ഇനിയും പിഴവുപറ്റാം. ഒന്ന് നിക്ഷേപം. വൻ ലാഭം കിട്ടുന്ന ഒരു പുതിയ പ്രോജക്റ്റ് പരിചയപ്പെടുത്തിയാൽ അപ്പോഴേ മലയാളി ചാടി വീഴും. ആട്, മാഞ്ചിയം, സോളാർ, ആപ്പിൾ, ടോട്ടൽ ഇങ്ങനെ എന്തൊക്കെ വന്നാലും മലയാളിയെ പറ്റിക്കാം. രണ്ട് ചികിത്സയാണ്. നാട്ടു ചികിത്സ, ഒറ്റമൂലി, കാൻസറിന് നൂതന പ്രതിവിധി, വന്ധ്യതാ നിവാരണം ഇതിലൊക്കെ അശാസ്ത്രീയമായ ഏതു പരിപാടി വന്നാലും മലയാളി അതിലുംപെടും. മൂന്ന് ആൾദൈവ അവതാരം. സന്തോഷ് മാധവൻ, തോക്ക് സ്വാമി, തങ്കു, അരഡസനോളം അമ്മമാർ അങ്ങനെ ആര് അവതരിച്ചാലും മലയാളി കാണിക്കയുമായി അത്ഭുതം കാണാനെത്തും. വിഡ്ഢികൾ ധാരാളമുള്ളിടത്തോളം വിരുന്ന് കെങ്കേമമാക്കി തങ്കു ഇനിയും മുന്നേറും. പക്ഷേ അദ്ദേഹത്തിന്റെ മാന്ത്രിക വടി വേർപെട്ട സഭകളിൽ ചുഴറ്റി അത്ഭുതം കാണിക്കാനുള്ള തയ്യാറെടുപ്പ് അവസാനിപ്പിക്കുകയാണ് ബുദ്ധി. അതിന് പി.സി.ഐ ദല്ലാൾപണി ഏറ്റെടുത്തിരിക്കുന്നത് അവരുടെ പ്രതിച്ഛായയ്ക്ക് വിനയാകും.

08

ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
ബാംഗ്ലൂർ, കർണ്ണാടക

ഏബനേസർ ഡിഗ്രി കോളജ്
ബി. കോം., ബി. ബി. എ., ബി. സി. എ.
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

എബനേസർ കോളജ്
& സ്കൂൾ ഓഫ് നേഴ്സിംഗ്
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി
ഓഫ് ഹെൽത്ത് സയൻസ്
അഫിലിയേഷൻ, കെ. എൻ. സി. &
ഐ. എൻ. സി. അംഗീകാരം)

ബി. എസ്. സി. നേഴ്സിംഗ്
കാലാവധി 4 വർഷം/ യോഗ്യത 10+2/ 45%
ജി. എൻ. എം.
കാലാവധി 3 വർഷം/ യോഗ്യത 10+2/40%

Accomodation Available
വിജയത്തിന്റെ പടവുകൾ താണ്ടുന്ന
എബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ,
മികച്ച അധ്യാപനം, മികച്ച ആത്മീയ നിലവാരം, ആരാധന സൗകര്യം,
കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ
മികച്ച അദ്ധ്യായനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ
ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം

The Administrator
Eben-Ezer Institutions, No: 19,
Ebenezer Nagar
Kothanur P.O., Bengaluru - 560 077

Tel: 080-28444201, 65654909, 28445678,
09740157249, 09886383410, 09845890178

Email: ebenezerblr@yahoo.co.in
Website: www. ebenezerblr.org

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.